SINCE 1976

# ഐക്യദീപം

വില ₹10 2019 സെപ്റ്റംബർ

പുനരൈക്യ – ബഥനി ശതാബ്ദി സ്പെഷ്യൽ




തിരുവനന്തപുരം പട്ടത്തുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ കാതോലിക്കേറ്റ് സെന്റർ

PUSHPAGIRI HOSPITAL

60 YEARS OF SERVICE
WE CARE... GOD CURES...



# ACADEMIC PROGRAMMES OF PUSHPAGIRI GROUP OF INSTITUTIONS

## Pushpagiri Medical College

### Super Speciality PG Courses

- M.Ch (Neuro Surgery)
- DM (Cardiology)
- DM (Neurology)

### PG Degree Courses

- MD Anaesthesiology
- MD General Medicine
- MD Dermatology, Venereology & Leprosy
- MD Psychiatry
- MD Respiratory Medicine
- MD Paediatrics
- MS General Surgery
- MS Orthopaedics
- MS Oto-Rhino-Laryngology (ENT)
- MS Obstetrics & Gynaecology
- MD Radiodiagnosis
- MD Community Medicine
- MS Anatomy
- MD Physiology
- MD Pharmacology
- MD Pathology
- MD Microbiology
- MS Ophthalmology

### DNB PG Courses

- DNB (Emergency Medicine)
- DNB (Gastroenterology)
- DNB (Critical Care Medicine)
- DNB (Nephrology)

### Undergraduate Course- MBBS

## Pushpagiri College of Pharmacy

- M. Pharm. (Pharmaceutical Chemistry)
- M. Pharm. (Pharmacology)
- M. Pharm. (Pharmacy Practice)
- Pharm. D.
- Pharm. D. (Post Baccularate)
- B. Pharm.
- B. Pharm. (Lateral Entry)

## Pushpagiri College of Dental Sciences

- MDS Oral & Maxillofacial Surgery
- MDS Prosthodontics
- MDS Periodontics
- MDS Orthodontics
- MDS Endodontics
- MDS Pedodontics
- BDS

## Pushpagiri College of Nursing

- M. Sc. Medical Surgical Nursing
- M. Sc. Mental Health Nursing
- M. Sc. Child Health Nursing
- B. Sc. Nursing

## Pushpagiri College of Allied Health Sciences

- Diploma in Dialysis Technology

Under Christian Medical Association of India (CMAI)

- Diploma in Medical Laboratory Technology
- Diploma in Dialysis Technology
- Diploma in Radio Dialysis Technology
- Diploma in Gastrointestinal Endoscopy Technology
- Diploma in Medical Record Technology
- Diploma in Anaesthesia & Critical Care Technology

## Pushpagiri Training Centre for Overseas Career

CGFNS, IELTS, NCLEX-RN, MOH, HAAD, DHA, PROMETRIC & OET

## Pushpagiri Research Centre

Ph.D. (Medicine & Life Sciences)

PUSHPAGIRI
MEDICAL COLLEGE HOSPITAL

www.pushpagiri.in care@pushpagiri.in +91 944 77 647 22

Tiruvalla



# ഐക്യദീപം

2019 സെപ്റ്റംബർ
പുസ്തകം 46 ലക്കം 06

## ഉള്ളടക്കം

**സമ്പൂർണ പുനരൈക്യം ഇന്നിന്റെ ആവശ്യം**
ഫാ. ഡോ. ചേടിയത്ത് ഗീവർഗീസ് മൽപ്പാൻ **8**

**ഒരു നൂറ്റാണ്ട് പിന്നിടുന്ന ബഥനി ആശ്രമം കടന്നുപോയ വഴികളും കൈവന്ന നേട്ടങ്ങളും**
ഫാ. ഡോ.ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. **11**

**പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ – ചരിത്രവും ചിന്തകളും**
റവ. ഫാ. ചെറിയാൻ ജേക്കബ് മൈലക്കാലിൽ **20**

**അദ്ധ്വാനഫലം അനുഭവിക്കണ്ടേ?**
മോൺ. ചെറിയാൻ താഴമൺ **23**

**ഭാഗ്യസ്മരണാർഹനായ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലിത്താ**
ഫാ. ഡോ. ആന്റണി ചെത്തിപ്പുഴ **25**

**നാം അറിയാതെ നമുക്കുവേണ്ടി**
സോമൻസാർ, വെണ്ണിക്കുളം **28**

**ആദ് ലിമിനാ (Ad Limina Apostolorum)**
ഫാ. ഡോ. ഐസക് പറപ്പള്ളിൽ **30**

**മദർ തെരേസാ – ഞാൻ ദൈവത്തിന്റെ കൈയ്യിലെ വെറുമൊരു പെൻസിൽ**
മദർ ലില്ലി ജോസ് എസ്.ഐ.സി. **32**

രക്ഷാധികാരി
**മോസ്റ്റ് റവ.ഡോ.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ.ഡോ.ഐസക് പറപ്പള്ളിൽ**

പ്രസാധകൻ
**റൈറ്റ് റവ.തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ
കോ-ഓർഡിനേറ്റർ
**ഫാ.ജോസഫ് കരിപ്പായിൽ**
**ഫാ.ഏബ്രഹാം വലിയകുളത്തിങ്കൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

പത്രാധിപസമിതി
**ഫാ.ഡോ.തോമസ്കുട്ടി പതിനെട്ടിൽ**
**ഫാ.ഡോ.തോമസ് പാറയ്ക്കൽ**
**റവ.സി.അലീന എസ്.ഐ.സി.**
**റവ.സി.റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി കൊട്ടുവിരുത്തിൽ**
**ജയ്സ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

Annual Subscription ₹120.00
Single Copy ₹10.00
Overseas : $40.00 or ₹2750

Bank Details :
Chief Editor, Aikyadeem
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
Swift Code : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St.Joseph Press
Kacheripady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St.John's Metropolitan Cathedral, Tiruvalla-1. Phone : 0469 2600626
E-mail : aikyadeepamtvla@gmail.com

## എഡിറ്റോറിയൽ...

# മനുഷ്യരുടെ വിധിയെ അസാധുവാക്കിയ ദൈവത്തിന്റെ വിധി



എൺപത്തിയൊമ്പതാം പുനരൈക്യവാർഷികവും, ബഥനി സന്യാസസമൂഹസ്ഥാപനത്തിന്റെ ശതാബ്ദിയും, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുണ്യസംഗമവും കടന്നു വരികയാണ്. ദൈവം കൈപിടിച്ച് നടത്തി പരിപാലിച്ച ഈ സഭയുടെ സംഗമവേള, മലങ്കര സുറിയാനി കത്തോലിക്കർക്ക് കൃതജ്ഞതയുടെയും അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും അവസരമാണ്. 89 വർഷങ്ങൾ എന്നത് വലുതല്ലെങ്കിലും, 89 വർഷങ്ങൾക്കുള്ളിൽ ദൈവം നല്കിയ പരിപാലനയും കരുതലും വളരെ വലുതാണ്. ഇന്ന് അഞ്ചുലക്ഷത്തോളം വിശ്വാസികളും, 11 ഭദ്രാസനങ്ങളും, ഒരു എക്സാർക്കേറ്റും, സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ ഉൾപ്പെടെ 14 മെത്രാന്മാരും, 766 രൂപതാവൈദികരും, 241 സന്യാസവൈദികരും, 469 വൈദികവിദ്യാർത്ഥികളും, 2060 സന്യാസിനികളും, 1196 ഇടവകകളും, അജപാലനശുശ്രൂഷയ്ക്കും വൈദികപരിശീലനത്തിനും ആത്മീയപരിശീലനത്തിനുമായി 42 സ്ഥാപനങ്ങളും, വിദ്യാഭ്യാസ മേഖലയിൽ കോളജുകളും സ്കൂളുകളുമായി 510 സ്ഥാപനങ്ങളും, ആതുര-സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി 77 സ്ഥാപനങ്ങളും, സാമൂഹ്യസമ്പർക്കത്തിനും പ്രേഷിതപ്രവർത്തനങ്ങൾക്കുമായി 43 സ്ഥാപനങ്ങളുംകൊണ്ട് ദൈവപരിപാലനയാൽ 89 വർഷങ്ങൾകൊണ്ട് ഈ സഭ അനുഗ്രഹിക്കപ്പെട്ടു. ഒന്നുമില്ലായ്മയിൽനിന്ന് തുടങ്ങിയ ഈ കൂട്ടായ്മയെ ദൈവം എത്ര പരിപാലിച്ചു! വെറും അഞ്ചുപേരിൽ (മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, ഫാ. ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി., ഡീക്കൻ അലക്സാണ്ടർ ഒ.ഐ.സി., കിളിലേത്ത് ചാക്കോ) ആരംഭിച്ച ഒരു കൂട്ടായ്മ ഇന്ന് എല്ലാവിധത്തിലും, ആരാലും ശ്രദ്ധിക്കപ്പെടുന്ന ഒരു സഭയായി മാറിയെങ്കിൽ, ഇത് ദൈവപരിപാലന അല്ലാതെ മറ്റെന്താണ്? കൂടെ അനുഗമിച്ചവരോടും, പുറകെ വന്നവരോടും മാർ ഈവാനിയോസ് പിതാവ് അതുതന്നെയല്ലേ പറഞ്ഞത്, 'എല്ലാം ദൈവം പരിപാലിച്ചുകൊള്ളും'. അതെ, അതുതന്നെയാണ്, 89 വർഷത്തെ ഈ തീർത്ഥയാത്രയിൽ സംഭവിച്ചത് – ദൈവത്തിന്റെ അനന്തമായ പരിപാലന. ആ പരിപാലന, ഈ സഭയ്ക്ക് ധീരോദാത്തമായ നേതൃത്വം നല്കിയ ദൈവദാസൻ മാർ ഈവാനിയോസ്, ബനഡിക്ട് മാർ ഗ്രിഗോറിയോസ്, സിറിൽ മാർ ബസേലിയോസ് എന്നീ പിതാക്കന്മാരിലൂടെയും, ഇപ്പോൾ അതിശ്രേഷ്ഠമായ നേതൃത്വം നല്കുന്ന ക്ലീമീസ് കാതോലിക്കാ ബാവായിലൂടെയും നടന്നുകൊണ്ടിരിക്കുന്നു. മാർ ഈവാനിയോസ്, മാർ തെയോഫിലോസ് തിരുമേനിമാരുടെ പുനരൈക്യത്തിനുപുറമെ ഓർത്തഡോക്സ്സഭയിലെ ജോസഫ് മാർ സേവേറിയോസ്, ക്നാനായ യാക്കോബായസഭയിലെ തോമസ് മാർ ദിയസ്കോറസ്, മലബാർ സ്വതന്ത്രസഭയുടെ പൗലോസ് മാർ പീലക്സിനോസ് എന്നിവരുടെ പുനരൈക്യവും, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അസ്ഥിത്വത്തിന് കൂടുതൽ ഉറപ്പേകി. അഞ്ചുപേരിൽ ആരംഭിച്ച പ്രസ്ഥാനം അഞ്ചുപേരായി മാത്രം നിന്നുകൊള്ളുമെന്നും, അതിനപ്പുറത്തേയ്ക്ക് വളരില്ലെന്നും, ഈ കൂട്ടായ്മയ്ക്ക് പ്രസക്തിയില്ലെന്നും 'വിധിച്ചവരുടെ വിധി' അസാധുവാക്കിയ വിധിയായിരുന്നു ദൈവത്തിന്റേത്. മനുഷ്യൻ വിധിച്ചത് തകർച്ചയാണെങ്കിൽ, ദൈവം വിധിച്ചത് ഉയർച്ചയാണ്. യേശുവിന്റെ കാര്യത്തിലും അങ്ങനെ തന്നെയായിരുന്നില്ലേ – ജനം വിധിച്ചു 'അവനെ ക്രൂശിക്കുക, കൊല്ലുക – എന്നാൽ ദൈവം വിധിച്ചു 'അവനെ ഉയിർപ്പിക്കുക'. മരണമെന്ന ജനത്തിന്റെ വിധിയെ, ഉയിർപ്പുകൊണ്ട് അസാധുവാക്കിയ ദൈവത്തിന്റെ വിധി. പരിഹാസങ്ങളുടെയും, നിന്ദനങ്ങളുടെയും, വിമർശനങ്ങളുടെയും, ആക്ഷേപങ്ങളുടെയുമിടയിൽ, ലക്ഷ്യം മാത്രം മുന്നിൽ കണ്ടവർ മുന്നോട്ടു പോയി. ലക്ഷ്യത്തിനുവേണ്ടി എന്തു ത്യാഗവും സഹിക്കാൻ തയ്യാറായവർ, പുറകോട്ടു നോക്കാനോ, തിരിച്ചു പോകാനോ, തീരുമാനം മാറ്റാനോ തയ്യാറാകാത്ത നിശ്ചയദാർഢ്യത്തിന്റെയും ദൃഢമനസ്സിന്റെയും ആൾരൂപങ്ങളായി നിലകൊണ്ടു.

ഒരു സഭയുടെ വളർച്ച, നിശ്ചയമായും സഭാംഗങ്ങളുടെയും, ഭദ്രാസനങ്ങളുടെയും, സ്ഥാപനങ്ങളുടെയും എണ്ണത്തിൽ മാത്രമല്ല, മറിച്ച് ആ സഭയുടെ കെട്ടുറപ്പിലും, അച്ചടക്കത്തിലും, പാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിലും, വിശ്വാസസമൂഹത്തിന്റെ ആത്മീയവളർച്ചയിലും, പൊതുസമൂഹവുമായുള്ള ബന്ധത്തിലും, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള കരുതലിലുമൊക്കെയാണ് അടങ്ങിയിരിക്കുന്നത്. 89 വർഷംകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാസഭ ഇക്കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ആത്മീയമായും ഭൗതികമായും ഏറെ വളർന്നിട്ടുണ്ട് എന്നത്, ഈ സഭയെ ദൈവം എത്ര കരുതി, പരിപാലിച്ചു എന്നതിന്റെ ദൃശ്യമായ അടയാളമാണ്. 'അതിവേഗം വളരുന്ന സഭ' എന്ന് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ വിശേഷിപ്പിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭ, ആഗോള കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു കഴിഞ്ഞു. സഭാതലവനെ മേജർ ആർച്ചുബിഷപ്പും, കാതോലിക്കായും, കർദ്ദിനാളുമായി ആഗോള കത്തോലിക്കാസഭയുടെ തലവനായ മാർപാപ്പാ പ്രഖ്യാപിച്ചത് സഭയുടെ ചരിത്രത്തിൽ സുവർണലിപികളാൽ രേഖപ്പെടുത്തി കഴിഞ്ഞു. ആഗോള കത്തോലിക്കാസഭയിലെ പൗരസ്ത്യസഭകളുമായും, പാശ്ചാത്യസഭയുമായും ഈ 'കൊച്ചു സഭ' വലിയ ബന്ധം നിലനിർത്തുന്നു. പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 1986 ഫെബ്രുവരി 8 ന് ഈ സഭയുടെ ആസ്ഥാന കേന്ദ്രമായ തിരുവനന്തപുരം സന്ദർശിച്ച്, പട്ടം കത്തീഡ്രലിൽ എത്തി, മലങ്കരസഭയോടുള്ള ആഗോള കത്തോലിക്കാസഭയുടെ വാത്സല്യവും കരുതലും സ്നേഹവും അറിയിച്ചു. പുനരൈക്യപ്രസ്ഥാനത്തിന് നേതൃത്വം നല്കി ഈ സഭാകൂട്ടായ്മയെ കത്തോലിക്കാസഭയിലേക്ക് നയിച്ച മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധപദവിയിലേക്കുള്ള നടപടിക്രമങ്ങളുടെ മുന്നോടിയായി 'ദൈവദാസനായി' (2007 ജൂലൈ 14) പ്രഖ്യാപിച്ചതും, ആഗോള കത്തോലിക്കാസഭ ഈ സഭയ്ക്ക് നല്കിയ വലിയ അംഗീകാരമാണ്. ഇപ്പോഴത്തെ സഭാതലവന്, പാശ്ചാത്യസഭയ്ക്കു മാത്രം നല്കിയിരുന്ന പദവിയായ കർദ്ദിനാൾ സ്ഥാനം നല്കി, കർദ്ദിനാൾമാരുടെ ഗണത്തിൽ ഉൾപ്പെടുത്തിയതും (2012 നവംബർ 24), ദൈവം ഏതെല്ലാം വഴിയിലൂടെ ഈ സഭയെ പരിപാലിച്ചു വളർത്തുന്നു എന്നതിന്റെ പ്രകടമായ തെളിവാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിൽ (1962-1965) ഈ സഭയെ പ്രതിനിധീകരിച്ച് ബനഡിക്ട് മാർ ഗ്രിഗോറിയോസ്, സക്കറിയാസ് മാർ അത്തനാസിയോസ് എന്നിവർ സംബന്ധിച്ചതും ചരിത്രത്തിന്റെ ഭാഗം. ഈ സഭയുമായുള്ള ആത്മബന്ധത്തിന്റെ ഫലമായി പൗരസ്ത്യസഭകളിലെയും, പാശ്ചാത്യസഭയിലെയും ഉന്നതസ്ഥാനീയരും, വത്തിക്കാൻ പ്രതിനിധികളും കാലാകാലങ്ങളിൽ സന്ദർശനം നടത്തി മലങ്കര സുറിയാനി കത്തോലിക്കാസഭയെ അനുഗ്രഹിച്ചു. വി. മദർ തെരേസ, കർദ്ദിനാൾ ലൂർദ്ദ്സ്വാമി, കർദ്ദിനാൾ സിൽവസ്ത്രീനി, കർദ്ദിനാൾ മൂസ ദാവൂദ്, കർദ്ദിനാൾ ലിയനാർദോ സാന്ദ്രി, അന്ത്യോക്യൻ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യൂസഫ് യൗനാൻ, ഗ്രീക്ക് മൽക്കൈറ്റ് പാത്രിയർക്കീസ് ഗ്രിഗോറിയോസ് III ലഹാം, മാറോനീത്താസഭയുടെ പാത്രിയർക്കീസ് ബഷാറാ ബുത്രോസ് അൽറായ്, ഫിലിപ്പീൻസിലെ കർദ്ദിനാൾ അന്തോണിയോസ് ലൂയിസ് താഗ്ലേ, പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിജനറൽ ആർച്ചുബിഷപ്പ് സിറിൽ വാസിൽ, കർദ്ദിനാൾ പീറ്റർ ടർക്സൺ, അപ്പസ്തോലിക് ന്യൂൺഷ്യോ സാൽവത്തോരേ പെനാക്യോ, ന്യൂയോർക്ക് കർദ്ദിനാൾ തിമോത്തി മൈക്കിൾ ഡോളൻ, ജർമനിയിലെ കർദ്ദിനാൾ റെയിനർ മരിയ വോൾക്കി, കോപ്ടിക് പാത്രിയർക്കീസ് ഇബ്രാഹിം ഇസാക്ക് സെദ്രാക്ക്.....ഉൾപ്പെടെയുള്ളവരുടെ സന്ദർശനം, ഈ സഭയെ ആഗോള കത്തോലിക്കാസഭ എത്ര പരിഗണിക്കുന്നു, കരുതുന്നു എന്നതിന്റെ തെളിവാണ്.


ഈ സഭയുടെ ത്വരിത വളർച്ചയുടെ പ്രധാന കാരണങ്ങൾ എന്തെന്ന് ഒറ്റ വാചകത്തിൽ ഇങ്ങനെ കുറിക്കാം: കാലാകാലങ്ങളിൽ സഭയ്ക്ക് ലഭിച്ച മെത്രാപ്പോലീത്താമാരുടെ അതിശ്രേഷ്ഠമായ നേതൃത്വം, സഭയ്ക്കായി സമ്പൂർണ്ണ സമർപ്പണം നടത്തിയ വൈദികരുടെ കഠിനാധ്വാനം, പ്രേഷിതതീഷ്ണതയും മിഷൻചൈതന്യവും നിറഞ്ഞ സന്യാസി-സന്യാസിനികൾ, സഭയോടൊപ്പം ഏത് പ്രതിസന്ധിയിലും നിലനിന്ന യുവജന സമൂഹം, ദൈവജനത്തിന്റെ ഔദാര്യപൂർവ്വമായ സഹകരണം എന്നിവയാണ്. ഈ സഭയുടെ വളർച്ചയിലും ഉയർച്ചയിലും ദൈവജനത്തിന്റെ സമ്പൂർണ്ണ സമർപ്പണവും പ്രാർത്ഥനയും, കഠിനപ്രയത്നവും എടുത്തു പറയേണ്ടതാണ്. ദൈവാലയങ്ങളും, കുരിശടികളും, സ്ഥാപനങ്ങളുമൊക്കെ പടുത്തുയർത്തുന്നതിലും, അതിനുള്ള സ്ഥലം വാങ്ങുന്നതിലുമൊക്കെയുള്ള ദൈവജനത്തിന്റെ ഔദാര്യപൂർവ്വമായ സഹായവും സഹകരണവും, സാമ്പത്തികമായ പിൻബലവും സഭയുടെ ത്വരിത വളർച്ചക്ക് വഴിതെളിച്ചു. 89-ാം പുനരൈക്യവാർഷികം ആഘോഷിക്കുമ്പോൾ നന്ദിയുള്ള ഹൃദയത്തോടും, നിറഞ്ഞ മനസ്സോടും, ദൈവപരിപാലനയുടെ മുമ്പിൽ കൂപ്പുകൈകളോടും മാത്രമേ നില്ക്കാനാവൂ. ഇതുവരെ പരിപാലിച്ച ദൈവം തുടർന്നും ഈ സഭാകൂട്ടായ്മയെ കൈപിടിച്ച് വഴി നടത്തട്ടെ എന്ന് പ്രാർത്ഥിക്കാം.

ചീഫ് എഡിറ്റർ

**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**



# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**

പരിശുദ്ധാത്മ പ്രചോദനത്താൽ യേശുക്രിസ്തുവിനെ അടുത്തും ആഴത്തിലും അനുധാവനം ചെയ്ത് സഭയ്ക്കും സമൂഹത്തിനും വേണ്ടി ഉദാത്തമായ രീതിയിൽ ജീവിക്കുന്നതിന് സ്വയം സമർപ്പിക്കുന്ന ജീവിതചര്യയാണ് സന്യാസം എന്നതുകൊണ്ട് നാം വിവക്ഷിക്കുന്നത്. ഇതു ദൈവത്തിന്റെ പ്രവൃത്തിയാണ്. വ്യക്തികൾ ഈ വിളിക്കു മറുപടി നൽകുന്നു എന്നുമാത്രം. മലങ്കരസഭയിൽ സന്യാസം എന്ന അതിശ്രേഷ്ടമായ ജീവിതചര്യ ആരംഭിച്ചിട്ട് 100 വർഷം പൂർത്തിയാകുന്നു. ഭാഗ്യസ്മരണാർഹനും, ദൈവദാസനും, മലങ്കരയുടെ മോശയുമായ ഗീവർഗീസ് മാർ ഈവാനിയോസ് പിതാവ് ദൈവകൃപയിൽ സമാരംഭിച്ച ബഥനി പ്രസ്ഥാനം സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകൾ എണ്ണിയാൽ തീരാത്തതുതന്നെ. മലയാള മനോരമ ദിനപത്രത്തിൽ മാർ ഈവാനിയോസ് പിതാവ് കാലം ചെയ്ത 1953 ജൂലൈ 16-ാം തീയതിയിലെ മുഖകുറിപ്പ് വായിച്ചാൽ ബഥനിയുടെ സ്ഥാപകൻ എന്ന നിലയിൽ മാർ ഈവാനിയോസ് പിതാവ് ഈ രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ മനസ്സിലാകും. ബഥനിയുടെ ചരിത്രം ദൈവപരിപാലനയുടെ ആവിഷ്കാരവും പരിശുദ്ധാത്മാവിന്റെ നടത്തിപ്പുമാണെന്ന് അതിലൂടെ ഏതൊരാൾക്കും മനസിലാക്കാൻ കഴിയും.



മലങ്കരസഭയെ സംബന്ധിച്ച് അതിന്റെ ആത്മികതയുടെ ഒരു സങ്കേതമായിരുന്നു മാർ ഈവാനിയോസ് പിതാവ് ജീവിച്ച മുണ്ടൻമല. താഴ്‌വാരങ്ങളിൽ നിന്നും മറ്റു സ്ഥലങ്ങളിൽനിന്നും, വലിയ ആഴ്ചയിലെ ശുശ്രൂഷകളിൽ സംബന്ധിക്കുവാൻ വലിയ ജനാവലി അവിടേയ്ക്ക് പൊയ്ക്കൊണ്ടിരുന്നുവെന്ന് അനേകരിൽനിന്നും കേൾക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സഭയുടെ നവീകരണവും നവോത്ഥാനവും മിഷൻചൈതന്യവും, സന്യാസ ജീവിതക്രമത്തിലൂടെയും, പ്രാർത്ഥനയുടെ ബലത്തിലും മാത്രമെ ഉണ്ടാകുകയുള്ളൂ എന്ന വലിയ ബോദ്ധ്യവും പരിശുദ്ധാത്മ നടത്തിപ്പുമാണ് മാർ ഈവാനിയോസ് പിതാവിനെ ഇങ്ങനെ ഒരു സാഹസികയജ്ഞത്തിനു പ്രേരിപ്പിച്ചത്.

സെറാമ്പൂരിലെ തന്റെ ശുശ്രൂഷാകാലത്ത് മാർ ഈവാനിയോസ് പിതാവ് ഈ ജീവിതശൈലി പരീക്ഷിക്കുകയും, 1919 ആഗസ്റ്റ് 15 ന് അതു

പെരുന്നാട്ടിൽ സമാരംഭിക്കുകയും ചെയ്തു. എത്ര സുന്ദരമായ നാമമാണ് വി. വേദപുസ്തകത്തിൽ കർത്താവ് തന്റെ സ്നേഹിതരുമായി സമയം പങ്കുവച്ചിരുന്ന ബഥനി. അദ്ധ്വാനത്തിന്റെയും സമർപ്പണത്തിന്റെയും ശുശ്രൂഷയുടെയും പ്രതീകമായ മാർത്തയും, ഉപാസനയുടെയും ധ്യാനത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായ മറിയവും, സാക്ഷ്യത്തിന്റെയും ക്രിസ്തുവിലുള്ള നവജീവിതത്തിന്റെയും മിഷൻ പ്രവർത്തനത്തിന്റെയും പ്രതീകമായ ലാസറും ബഥനിയെ ഏറെ ഹൃദയാവർജ്ജകമാക്കുന്നു. മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധിയുടെ തിളങ്ങുന്ന അനുഭവമാണ് ബഥനി പ്രസ്ഥാനം. തീർച്ചയായും തിരിഞ്ഞുനോട്ടത്തിന്റെയും പുനർസമർപ്പണത്തിന്റെയും സമയമാണ് ഇത്. സഭയ്ക്ക് ആത്മികബലം നൽകി ആരാധനയിലും ആദ്ധ്യാത്മികതയിലും സുവിശേഷ ശുശ്രൂഷയിലും മുഴുകി ബഥനി സഭയെ അനുഗ്രഹിക്കണം. ഇന്നു നമുക്കു സംഭവിക്കുന്ന പരാജയം സുവിശേഷവൽക്കരണ ശുശ്രൂഷ നാം നിസാരമാക്കിയിരിക്കുന്നു എന്നതാണ്. സുവിശേഷത്തിനു സാക്ഷ്യം വഹിക്കുക എന്നതിലുപരി, സ്വാധീനം വർദ്ധിപ്പിക്കുന്ന കാര്യങ്ങളിലും സ്ഥാപനങ്ങളിലും നാം മുഴുകുന്നു. നമ്മുടെ സ്ഥാപനങ്ങളിൽ, നമുക്കു ക്രിസ്തീയ മൂല്യം കൊടുക്കുവാനോ പ്രചരിപ്പിക്കുന്നതിനോ കഴിയാതെ പോകുന്നു. നാം ഒരു വലിയ വിഷമവൃത്തത്തിലാണ്. വലിയ സ്ഥാപനങ്ങളും അവയുടെ നടത്തിപ്പും, ഇന്ന് നമ്മുടെ സുവിശേഷ ശുശ്രൂഷകളെ കാർന്നു തിന്നുന്നു എന്ന് പറയേണ്ടിവരുന്നു. പല തീരുമാനങ്ങളും അവയെ ചുറ്റിപ്പറ്റി ആകുന്നു എന്ന് നമുക്കറിയാം. അതിനാൽതന്നെ സുവിശേഷ ശുശ്രൂഷ നമ്മുടെ പ്രഥമവും പ്രധാനവുമായ ശുശ്രൂഷ ആവണം. ബഥനിയുടെ ശതാബ്ദിവേളയിൽ നാം ഒരുമിച്ച് ഇപ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളണം. ഇതിന് പരിശുദ്ധാന്മാഭിഷേകം നമുക്കാഗ്രഹിക്കാം. ബഥനിയുടെ ശതാബ്ദിയിൽ നമുക്ക് ഒരുമിച്ചു സന്തോഷിക്കാം. പുനരൈക്യവാർഷികം ഈ വർഷം ബഥനി ആശ്രമത്തിന്റെ അങ്കണത്തിൽവച്ചാണ്. ഈ വലിയ സഭാസംഗമത്തിൽ സംബന്ധിക്കുകയും എല്ലാത്തരത്തിലും ബഥനിയെ വളർത്താൻ നമുക്കു പരിശ്രമിക്കുകയും ചെയ്യാം.

**2. പുനരൈക്യ ആഘോഷവും സഭാസമ്മേളനവും**

89–ാമത് പുനരൈക്യ വാർഷികവും സഭാസംഗമവും സെപ്റ്റംബർ 18, 19, 20 തീയതികളിൽ കോട്ടയത്ത് ബഥനിയുടെ അങ്കണത്തിൽ (ഗിരിദീപം – കളത്തിപ്പടി) നടത്തപ്പെടുകയാണ്. ബഥനിയുടെ ശതാബ്ദി പ്രമാണിച്ചാണ് സഭയായി നാം ഈ ആഘോഷങ്ങളും ആചരണങ്ങളും ഇപ്രകാരം ക്രമീകരിച്ചത്. കർത്താവിന്റെ സഭ ഇന്ന് പല കഷണങ്ങളായി വിഭജിച്ചിരിക്കുന്നു. നമ്മുടെ ഇടയിലുള്ളത്ര ഭിന്നിപ്പുകളും, മത്സരങ്ങളും, ഗ്രൂപ്പുകളും, സഭകളും മറ്റൊരു മതത്തിലും നാം കാണുകയില്ല. ഏറെ സങ്കടകരമായ ഒരവസ്ഥയാണ് ക്രൈസ്തവരുടെ ഭിന്നിപ്പ്. അതുകൊണ്ട് ഐക്യത്തിനുവേണ്ടിയുള്ള ദാഹവും പ്രവർത്തനവും മനോഭാവങ്ങളും ഏതൊരു ക്രൈസ്തവനും ഉണ്ടായിരിക്കണം. വാക്കുകൾകൊണ്ടോ പ്രവൃത്തികൾകൊണ്ടോ ശൈലികൊണ്ടോ നാം ഈ മുറിവ് ഇനിയും വലുതാക്കരുത്. തന്റെ പിതാവിനോടൊത്തുള്ള ഐക്യംപോലെ, തന്നിൽ വിശ്വസിക്കുന്നവരും ഐക്യത്തിലായിരിക്കണമെന്നുള്ളത് ക്രിസ്തുവിന്റെ ആഗ്രഹമാണ്. അത് നമ്മുടെ എല്ലാവരുടെയും ആഗ്രഹവും പ്രാർത്ഥനയും ആയിരിക്കണം. ഇന്ന് പൊതുസമൂഹം നമ്മുടെ ശൈലികളെ ഏറെ കുറ്റപ്പെടുത്തുന്നു. സമവായത്തിന്റെയും ഐക്യത്തിന്റെയും പാതകൾ കളഞ്ഞ് വെല്ലുവിളിച്ച് തോൽപ്പിക്കാനും കീഴ്പ്പെടുത്തുവാനും നാം പരിശ്രമിക്കുകയാണ്. നമ്മിൽ എവിടെയാണ് ക്രിസ്തു? അവന്റെ മനോഭാവങ്ങളും പഠിപ്പിക്കലുകളും നാം പൂഴ്ത്തിവച്ചിരിക്കുന്നു. തികച്ചും ലോകചിന്തകൾ നമ്മെ ഭരിക്കുന്നു. ക്ഷമയും ഔദാര്യവും നമ്മെ വിട്ടുപോയിരിക്കുന്നു. ഹെമിങ്ങ് വേയുടെ ''കിഴവനും കടലും'''എന്ന കാവ്യസങ്കൽപ്പത്തിലെപ്പോലെ നാം നേടിയെടുത്തു എന്ന് അഭിമാനിക്കുമ്പോൾ കൈവെള്ളയിൽ വന്നുചേരുന്നത് അസ്ഥിപഞ്ജരങ്ങളും തകർന്ന വള്ളത്തിന്റെ ചില കഷണങ്ങളും മാത്രം. നാം എന്തുനേടി? സാത്താൻ നേടി, യേശുക്രിസ്തു തോറ്റു. ഇവയെപ്പറ്റി നമുക്ക് ഗൗരവമായി ചിന്തിച്ചെങ്കിലെ മതിയാവൂ. സ്നേഹത്തിനും ഐക്യത്തിനും നാം എന്തു വിലയും കൊടുക്കാൻ പഠിക്കണം. കൊച്ചുകൊച്ചു പിണക്കങ്ങളും മാത്സര്യങ്ങളും ശാഠ്യങ്ങളും എല്ലാം പരാജയമാണ് കാണിക്കുന്നത്. കർത്താവിനെ പഠിപ്പിക്കാൻ തക്കവിധം അവിടുത്തെ മനസ്സ് അറിഞ്ഞവർ ആരുണ്ട് '(1 കോരി 2/16) ഈ ചോദ്യം എപ്പോഴും നമ്മുടെ മനോമുകുരങ്ങളിൽ മുഴങ്ങട്ടെ!

■

# സമ്പൂർണ്ണ പുനരൈക്യം ഇന്നിന്റെ ആവശ്യം



ഫാ. ഡോ. ചേടിയത്ത് ഗീവർഗീസ് മൽപ്പാൻ



നമ്മുടെ നാട്ടിൽ 1930-ൽ ഉണ്ടായ സഭൈക്യത്തെ നാം പുനരൈക്യം എന്നാണ് വിളിക്കുന്നത്. അത് ഭാഗികമായ ഐക്യമായിരുന്നു. എന്നാൽ പൂർണമായ ഐക്യത്തിലേക്ക് വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. മാർതോമാ ശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്ന നമ്മുടെ കർത്താവിന്റെ സഭ പതിനേഴു നൂറ്റാണ്ടുകാലം (1653 വരെ) ഒറ്റ സഭയായിരുന്നു എന്നത് ചരിത്രം അറിയാവുന്നവരെല്ലാം പരക്കെ അംഗീകരിക്കുന്ന യാഥാർഥ്യമാണ്. 1653-ൽ പാശ്ചാത്യ മിഷണറിമാർക്കെതിരെ കൂനൻകുരിശു സത്യം എന്നറിയപ്പെടുന്ന പ്രതിഷേധം ഉണ്ടായി. തുടർന്ന് ഒരു വിഭാഗം ആളുകൾ യാക്കോബായാ സഭാസ്വാധീനത്തിൽ വരികയും കാലക്രമത്തിൽ പശ്ചിമേഷ്യൻ യാക്കോബായസഭയുടെ ആരാധനക്രമവും, അവരിൽനിന്നുള്ള കൈവയ്പും സ്വീകരിക്കുകയും ചെയ്തു. ഏതാണ്ട് പത്തൊൻപതാം നൂറ്റാണ്ടിലാണ് ഈ വിഭാഗം (1876-ലെ മുളന്തുരുത്തി സൂനഹദോസു കൂടി) കൂടുതലായി യാക്കോബായസഭ എന്നറിയപ്പെട്ടത്. ആംഗ്ലിക്കൻ പ്രോട്ടസ്റ്റന്റ് സ്വാധീനത്തിൽ പെട്ടവർ നവീകരണ യാക്കോബായക്കാരായി. പിന്നീട് അവർ യാക്കോബായാസഭയിൽനിന്നു മാറി (1889) മാർത്തോമാസഭയായി. അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസ് മാർ അബ്ദുള്ളായുമായുള്ള അഭിപ്രായ വ്യത്യാസത്തിൽ യാക്കോബായസഭ വീണ്ടും പിളർന്ന് (1912) ഓർത്തഡോക്സ് എന്ന പേരെടുത്ത് ഒരു വിഭാഗം മുന്നോട്ടുപോയി. വട്ടിപ്പണക്കേസോടുകൂടി (1913-1928) യാക്കോബായാ-ഓർത്തഡോക്സ് വിഭാഗങ്ങൾ സഭാസ്വത്തുക്കൾ സംബന്ധിച്ച് കേസു നടത്തി. ഈ പിളർപ്പിന്റെയും കോടതിക്കേസിന്റെയും പശ്ചാത്തലത്തിലാണ്, പുത്തൻകൂറ്റുകാർ എന്നറിയപ്പെടുന്ന സമൂഹത്തിൽനിന്ന് കത്തോലിക്കാസഭയുമായുള്ള സമ്പൂർണവും കാനോനികവുമായ കൂട്ടായ്മ പുനഃസ്ഥാപിച്ചത്. 1653-നു ശേഷമുണ്ടായ പിളർപ്പ് ഭാഗികമായി അവസാനിച്ചത് 1930-ലെ പുനരൈക്യത്തോടുകൂടിയാണ്. 1930 മുതൽ ഈ സംരംഭം പുനരൈക്യപ്രസ്ഥാനം എന്നാണ് അറിയപ്പെടുന്നത്. എന്നാൽ ആ പുനരൈക്യം ഭാഗികമായിരുന്നു. 1926-ൽ ഓർത്തഡോക്സ് വിഭാഗത്തിൽപെട്ട നേതാക്കന്മാർ റോമാസഭയുമായി നടത്തിയ എക്യുമെനിക്കൽ ചർച്ചകളുടെ അനന്തരഫലമാണ് 1930-ലെ പുനരൈക്യം. അങ്ങനെ ഒറ്റപ്പെട്ടും വേർപെട്ടും കഴിഞ്ഞ അവസ്ഥയിൽനിന്ന് ഈ വിഭാഗം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. അന്നൊക്കെ ''റീത്തനുവദിച്ചു'' എന്ന് ഈ സംരംഭത്തെ വിശേഷിപ്പിച്ചിരുന്നു. പുനരൈക്യപ്പെട്ടവരെ ''റീത്തുകാർ'', അവരുടെ പള്ളിയെ ''റീത്തുപള്ളി'' എന്നൊക്കെ വിളിച്ചിരുന്നു. അന്നത്തെ റോമൻ കത്തോലിക്കാസഭയുടെയും, അവരോട് ബന്ധപ്പെട്ടവരുടെയും സഭാശാസ്ത്രം അനുസരിച്ചാണ് ഇപ്രകാരം വിളിക്കപ്പെട്ടത്. ഇന്നത്തെ കത്തോലിക്കാ സഭാശാസ്ത്രത്തിൽനിന്ന് കുറേയൊക്കെ വ്യത്യാസം അക്കാലത്തെ വീക്ഷണങ്ങളിൽ ഉണ്ടായിരുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസിനു മുമ്പ് (1962-1965) ക്രിസ്തുവിന്റെ സഭയും റോമൻ കത്തോലിക്കാസഭയും (ലത്തീൻസഭയും) താദാത്മ്യപ്പെടുത്തി റോമാസഭ മനസ്സിലാക്കിയിരുന്നു. കത്തോലിക്കാസഭ എന്നാൽ ലത്തീൻസഭയെന്ന്

പലരും കരുതി. ദീർഘകാലം ഏകപക്ഷീയമായി വളർന്നതിന്റെ അനന്തരഫലമാണിത്. അക്കാലത്തെ പല പാശ്ചാത്യ ദൈവശാസ്ത്രജ്ഞന്മാരും സഭാനേതാക്കന്മാരും കുറെയൊക്കെ ഐകരൂപ്യവാദികൾ ആയിരുന്നു. ഐക്യം എന്നാൽ ഐകരൂപ്യം എന്നും, വൈവിധ്യം എന്നാൽ വിഭജനം എന്നുമൊക്കെ അവർ ധരിച്ചിരുന്നു. പൗരസ്ത്യ അപ്പസ്തോലിക സഭകളെ റീത്തുകളായി കാണുന്ന പ്രവണത ശക്തിപ്പെട്ടു. അതായത്, ''ബാഹ്യമായി അവശ്യാവശ്യമായ ചില ആരാധനാനുഷ്ഠാന വൈവിധ്യം മാത്രം നിലനിർത്തുക, ദൈവശാസ്ത്രത്തിലും ആധ്യാത്മികതയിലും ഭക്താഭ്യാസങ്ങളിലുമെല്ലാം ലത്തീൻ സഭാപാരമ്പര്യങ്ങൾ അനുവർത്തിച്ച്, ഏതാണ്ട് ലത്തീൻ സഭയുടെ ഭാഗമാക്കുക''. സഭകളെ സഭകളായി കണ്ടില്ലെന്നു ചുരുക്കം. രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷം ഈ ചിന്താരീതിക്ക് പാടേ മാറ്റമുണ്ടായി എന്ന് എല്ലാവർക്കും അറിയാമല്ലോ. പൗരസ്ത്യസഭകളെ സഭകളായിട്ടാണ് കാണുന്നത്. യാതൊരു തരത്തിലുമുള്ള ഐകരൂപ്യവും ഇന്ന് ആവശ്യപ്പെടുന്നില്ല. നാനാത്വത്തിൽ അധിഷ്ഠിതമായ ഐക്യമാണ് ഇന്ന് ലക്ഷ്യമിടുന്നത്. ആരാധനക്രമം, മതപഠനം, സഭാജീവിതം, സഭാഭരണം, ആധ്യാത്മികത, കാനോനിക ശിക്ഷണക്രമം എന്നിവയിലെല്ലാം ന്യായമായ വൈവിധ്യം ആകാമെന്നും അത് ഐക്യത്തിന് തടസ്സമാകില്ലെന്നും കത്തോലിക്കാസഭ കരുതുന്നു. വിശ്വാസത്തിന്റെ സാരസത്തയും അവതരണരീതിയും തമ്മിൽ അന്തരമുണ്ടെന്നും, വിശ്വാസസത്യങ്ങളിൽ ഗ്രേഡുകൾ (Hierarchy of Truths) ഉണ്ടെന്നും കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ഏതെങ്കിലും സഭയെ കത്തോലിക്കാസഭയിൽ ലയിപ്പിക്കുന്നതല്ല സഭൈക്യം എന്നും വ്യക്തമാക്കിയിട്ടുണ്ട്. സഭകൾക്കിടയിൽ വേർപെടുത്തുന്ന ഘടകങ്ങളേക്കാൾ കൂടുതൽ ഐക്യപ്പെടുത്തുന്ന ഘടകങ്ങളാണുള്ളതെന്ന് കത്തോലിക്കാസഭ വിശ്വസിക്കുന്നു. മറ്റു സഭകളുടെ ചിന്താരീതികളും ഫോർമുലകളും അവയുടെ പശ്ചാത്തലങ്ങളിൽ മനസ്സിലാക്കാൻ കത്തോലിക്കാസഭ ശ്രമിക്കുന്നു.

ഈ നവീന ചിന്താഗതിയുടെ വെളിച്ചത്തിലാണ്, പുനരൈക്യപ്പെട്ട മലങ്കര കത്തോലിക്കാസഭയെ 2005-ൽ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി റോം ഉയർത്തിയതും, സഭാധ്യക്ഷനെ മേജർ ആർച്ചുബിഷപ്പായി നിയമിച്ചതും. കാനൻ നിയമം അനുസരിച്ച്, പാത്രിയർക്കീസിന് തുല്യമായ അധികാരാവകാശങ്ങൾ മേജർ ആർച്ചുബിഷപ്പിനുണ്ട്. അതുപോലെ ഈ സഭയ്ക്ക് സിനഡൽ ഭരണരീതിയും ഉണ്ടായി. മേജർ ആർച്ചുബിഷപ്പ്, കാതോലിക്കോസിന് തുല്യനാണെന്ന് മാർപാപ്പായുടെ ഇൻഡ്യയിലെ അന്നത്തെ പ്രതിനിധി പെദ്രോ ലോപ്പസ് ക്വിന്താനാ തിരുമേനി വിളംബരം ചെയ്കയും ചെയ്തു. റോം അംഗീകരിച്ച, ''മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക കാനോനകളിൽ'' കാതോലിക്കോസ് എന്ന സംജ്ഞ നൈയാമികമായിട്ടുണ്ട്. പാത്രിയർക്കീസിന് തുല്യമായ അധികാരമുള്ള ഒരു സഭാധ്യക്ഷനും സിനഡും ലഭിക്കുക എന്നത് മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നമായിരുന്നു. 1930-ലെ സാഹചര്യത്തിൽ അപ്രകാരം ചിന്തിക്കുക റോമൻ നേതൃത്വത്തിന് അചിന്ത്യമായിരുന്നു. എന്നാൽ ഇന്നത് യാഥാർഥ്യമായി. എന്നു മാത്രമല്ല കർദിനാൾ സ്ഥാനലബ്ധിയോടുകൂടി സാർവത്രിക സഭാഭരണത്തിൽ മലങ്കരസഭാധ്യക്ഷന് ഭാഗഭാഗിത്വവും ലഭിച്ചു. ഇക്കഴിഞ്ഞ പേപ്പൽ തെരഞ്ഞെടുപ്പിൽ (2013) മലങ്കര സഭാധ്യക്ഷൻ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ പങ്കെടുക്കുകയും ചെയ്തു.

മറ്റൊരു സംഗതി കൂടി ചൂണ്ടിക്കാണിക്കാനുണ്ട്. ഇന്ന് ലോകത്തെവിടെയുമുള്ള മലങ്കര കത്തോലിക്കരുടെ അജപാലനശുശ്രൂഷ നിർവഹിക്കാൻ മറ്റാരുടെയും അനുവാദം കൂടാതെ മലങ്കരസഭയ്ക്ക് സാധിക്കും. അതുപോലെ സുവിശേഷ പ്രഘോഷണ ദൗത്യനിർവഹണത്തിനും. അടുത്ത കാലംവരെ ഭാരതത്തിന്റെ 0.4% സ്ഥലത്തായി അത് ചുരുങ്ങി നിന്നു. എന്നാലിപ്പോൾ ഡൽഹിയിൽതന്നെ ഒരു രൂപതയും, ബോംബെ പ്രദേശത്ത് പൂനായിൽ ഒരു എക്സാർക്കേറ്റുമുണ്ട്. ഇൻഡ്യയിൽ എല്ലായിടത്തും മാത്രമല്ല, ലോകത്തിന്റെ എല്ലാ ഭാഗത്തും മലങ്കരക്കാർ ഉള്ളിടത്തെല്ലാം മേജർ ആർച്ചുബിഷപ്പിന് അജപാലന സ്വാതന്ത്ര്യമുണ്ട്. യു.എസ്.ഏ., യൂറോപ്പ്, കാനഡാ, ആസ്ത്രേലിയാ, പശ്ചിമേഷ്യ തുടങ്ങി എല്ലായിടത്തും മലങ്കര കത്തോലിക്കാ വൈദികർ ശുശ്രൂഷ ചെയ്യുന്നു. യു.എസ്.ഏ.യിൽ ഇപ്പോൾ ഒരു രൂപതയുമുണ്ട്. മലങ്കര യാക്കോബായക്കാർ ഉള്ളിടത്തെല്ലാം അജപാലനാധികാരം തരണമെന്നുള്ള അപേക്ഷ മാർ ഈവാനിയോസ് പിതാവ് റോമിന് സമർപ്പിച്ചത് ഇപ്പോൾ നടപ്പിലായിരിക്കുന്നു. തൽസംബന്ധമായി അദ്ദേഹത്തിന്റെ ഈ സ്വപ്നവും ഇന്ന് യാഥാർഥ്യമായിരിക്കയാണ്. റോമിന്റെ അറിവോടെ മെത്രാന്മാരെ നിയമിക്കുന്നതിനും സ്ഥലം മാറ്റുന്നതിനും പുതിയ രൂപതകൾ സ്ഥാപിക്കുന്നതിനും മേജർ ആർച്ചുബിഷപ്പിനും സിനഡിനും അധികാരമുണ്ട്. അങ്ങനെ 1926-1930 കാലയളവിൽ മാർ ഈവാനിയോസ് പിതാവ് റോമിനോട് തുടരെത്തുടരെ ചോദിച്ച കാര്യങ്ങൾ ഇന്ന് ഫലപ്രാപ്തിയിൽ എത്തിയിരിക്കുകയാണ്. കത്തോലിക്കാസഭയിൽ സ്വയം

നിർണയാവകാശമുള്ള സഭകൾക്ക് സ്ഥാനമുണ്ടെന്ന് കാണിക്കുകയാണ് റോം ചെയ്തത്. മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന ഈ മഹത്തായ സംരംഭത്തിന് പല സവിശേഷതകൾ ഉണ്ടായിരുന്നു.

1) ഇരുപതാം നൂറ്റാണ്ടിലെ നിരവധി സഭൈക്യ സംരംഭങ്ങളിൽ ഇതു മാത്രമേ മകുടമണിഞ്ഞുള്ളു. ലത്തീൻ സഭയിൽ ലയിക്കാതെ, കാനോനിക കൂട്ടായ്മയിൽ പ്രവേശിച്ച ഏക ഐക്യസംരംഭമാണിത്. രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷവും നിരവധി ഐക്യചർച്ചകൾ നടക്കുന്നു. എന്നാൽ ഒരു ചർച്ചയും ഇതുവരെ പൂവണിഞ്ഞില്ല. രണ്ട് സഭകളെ സമ്പൂർണ കൂട്ടായ്മയിൽ എത്തിച്ച 1930-ലെ തുടക്കം തികച്ചും മഹനീയമായിരുന്നു.

2) പുറത്തുനിന്നുള്ള സ്വാധീനം കൂടാതെ മലങ്കര സഭയുടെ ഉള്ളിൽനിന്നുതന്നെ ഉണ്ടായതാണ് 1926-1930-ലെ ഐക്യസംരംഭം. കൂനൻകുരിശുസത്യം നടന്ന നാൾ മുതൽ (1653) നമ്മുടെ പൂർവപിതാക്കന്മാർ പുനരൈക്യത്തിനായി അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരുന്നു. പ്രത്യേകിച്ച്, ആറാം മർത്തോമ്മാ എന്നറിയപ്പെടുന്ന വലിയ മാർ ദിവന്നാസ്യോസ് (1761-1808), പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് (1865-1909) എന്നീ വന്ദ്യ പിതാക്കന്മാരുടെ പരിശ്രമങ്ങൾ എടുത്തു പറയേണ്ടതുണ്ട്. പുലിക്കോട്ടിൽ തിരുമേനി നിധിയിരി മാണിക്കത്തനാരുമൊത്ത് റോമുമായി കുറേ ഐക്യചർച്ചകൾ നടത്തി. എന്തുകൊണ്ടോ ആ പരിശ്രമം പൂവണിഞ്ഞില്ല. എന്നാൽ മാർ ഈവാനിയോസ് പിതാവിന് അതൊരു ചവിട്ടുപടിയായിരുന്നു. തങ്ങളുടെ പരിശ്രമം ഫലമണിയാതെ വന്നപ്പോൾ, ഒരിക്കൽ പുലിക്കോട്ടിൽ തിരുമേനി നിധിയിരി മാണിക്കത്തനാരോട് പറഞ്ഞതായി ഒരു രേഖയുണ്ട്. നിധിയിരി മാണിക്കത്തനാർ 1888 നവംബർ 16-ന് അപ്പസ്തോലിക് ഡലഗേറ്റ് അയൂത്തിക്ക് അയച്ച കത്തിൽ ഇക്കാര്യം രേഖപ്പെടുത്തിയിരിക്കുന്നു: ''ഒടുവിൽ ഒരു ദീർഘ നിശ്വാസത്തോടും നിറകണ്ണുകളോടുംകൂടെ മാർ ദിവന്നാസ്യോസ് എന്നോട് ഇപ്രകാരം പറഞ്ഞു: പ്രിയപ്പെട്ട നിധീരിയച്ചാ, നമുക്ക് നിരാശപ്പെടേണ്ടതില്ല. സർവശക്തനായ ദൈവത്തിന്റെ കൃപയാൽ നമ്മുടെ കഴിഞ്ഞ പന്ത്രണ്ടു വത്സരത്തെ പണി നല്ല വിജയം കൈവന്നു മകുടം ചൂടുമെന്ന് നമുക്ക് പ്രത്യാശിക്കാം. അതോടൊപ്പം യാക്കോബായക്കാരായ സുറിയാനിക്കാർക്ക് അവരുടെ സഹോദരങ്ങളായ കത്തോലിക്കരുമായി യോജിക്കുന്നതിന് ഇപ്പോഴാണ് ഏറ്റവും പറ്റിയ അവസരമെന്നും, ഇവയാണ് ഏറ്റവും പറ്റിയ ഉപാധികളെന്നും ഗ്രഹിക്കാനുള്ള വെളിച്ചം കത്തോലിക്കാസഭയിലെ പദവികളിൽ ഇരിക്കുന്നവർക്ക് നൽകാനും നമുക്ക് ദൈവത്തോട് പ്രാർഥിക്കാം.'' പഴയകൂറ്റിലും പുത്തൻകൂറ്റിലുമുള്ള പിതാക്കന്മാരും ജനങ്ങളും അത്യധികം ആഗ്രഹിച്ചിരുന്ന ഒന്നാണ് ഇരുവിഭാഗങ്ങളും ഒന്നായി കൂട്ടായ്മയിൽ പ്രവേശിക്കുക എന്നത്. അതിനുള്ള കവാടം തുറന്നത് 1930-ലാണ്.

3) ഈ സഭൈക്യം ദൈവഹിതമാകയാൽ, ദൈവം ഇതിനെ സമൃദ്ധമായി അനുഗ്രഹിച്ചു. യാതൊരു സ്വാർഥ ലക്ഷ്യവുമില്ലാതെ, ദൈവം കാണിച്ച ദർശനം അനുസരിച്ച് മാർ ഈവാനിയോസ് പിതാവ് മുമ്പോട്ട് പോയി. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിജയരഹസ്യം ദൈവാനുഗ്രഹംതന്നെ.

4) റോമിൽ വിശുദ്ധ പത്രോസിന്റെ പിൻഗാമിയുമായുള്ള കൂട്ടായ്മകൊണ്ടു മാത്രമേ, മലങ്കരസഭയ്ക്ക് ശാശ്വത ശാന്തിയും സമാധാനവും പുരോഗതിയും ഉണ്ടാകുകയുള്ളു എന്ന മാർ ഈവാനിയോസ് പിതാവിന്റെ ബോധ്യവും പ്രവാചകദർശനവും സത്യമാണെന്ന് കാലം തെളിയിച്ചു.

5) താൻ ഉൾപ്പെട്ടു നിന്ന ഓർത്തഡോക്സ് സഭയിൽ ആഴമായ ആത്മീയ നവീകരണം നടത്തിയാണ് അദ്ദേഹം സഭൈക്യത്തിൽ എത്തിയത്. ആധ്യാത്മിക നവീകരണംകൊണ്ടു മാത്രമേ അധഃപതനത്തിൽനിന്ന് സഭയെ രക്ഷിക്കാനാവൂ എന്ന് അദ്ദേഹം മനസ്സിലാക്കി. തന്റെ കൂടെ വന്നവരെ, കലഹത്തിന്റെയും കോടതിയുടെയും വിദ്വേഷത്തിന്റെയും ബന്ധനങ്ങളിൽനിന്ന് വിമുക്തരാക്കി. ദൈവദത്തമായ പ്രവാചകദൗത്യം നിർവഹിക്കാൻ വിളിക്കപ്പെട്ടപ്പോൾ, മാർ ഈവാനിയോസ് പിതാവ് അതിന് കീഴടങ്ങി. അദ്ദേഹം കത്തോലിക്കാ കൂട്ടായ്മയിലൂടെ നേടിയെടുത്തത് എന്താണെന്നും, അദ്ദേഹത്തിന്റെ മഹത്വം എന്താണെന്നും, മനുഷ്യർ ഇനിയും മനസ്സിലാക്കാൻ ഇരിക്കുന്നതേയുള്ളു.

1930-ൽ യാഥാർഥ്യമായത് ഭാഗികമായ ഐക്യമാണ്. അത് സമ്പൂർണമായ ഐക്യത്തിൽ എത്തിക്കേണ്ടത് ഇന്നത്തെ വിവിധ സഭാനേതാക്കന്മാരാണ്. ഐക്യം കർതൃഹിതവും ഇന്നിന്റെ ആവശ്യവുമാണ്. മാറിയ സാഹചര്യത്തിൽ സഭൈക്യത്തിന് നസ്രാണിസഭകൾ ഒന്നടങ്കം താൽപര്യം കാണിക്കേണ്ടതുണ്ട്. നമ്മുടെ കർത്താവ് ആഗ്രഹിക്കുന്ന രീതിയിൽ ഐക്യം സുസാധ്യമാക്കാൻ മാർതോമാ നസ്രാണികളെല്ലാവരും തീക്ഷ്ണമായി ആഗ്രഹിക്കുകയും പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. ■

ഒരു നൂറ്റാണ്ട് പിന്നിടുന്ന ബഥനി ആശ്രമം

# കടന്നുപോയ വഴികളും കൈവന്ന നേട്ടങ്ങളും



ഫാ. ഡോ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

## 1. സ്ഥാപക കാലഘട്ടം

### മലങ്കരസഭയിലെ പ്രതിസന്ധി

1919 ആഗസ്റ്റ് 15-ാം തീയതി ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സമാരംഭിച്ച ബഥനി ആശ്രമപ്രസ്ഥാനം അതിന്റെ സംസ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷിക്കുകയാണ്. പിന്നിട്ട 100 വർഷങ്ങൾ അളവറ്റ ദൈവാനുഗ്രഹത്തിന്റെയും അസാധാരണമായ ദൈവിക നടത്തിപ്പിന്റെയും കാലയളവായിരുന്നു. ബഥനി സന്യാസിസമൂഹവും മലങ്കര കത്തോലിക്കാസഭയും കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ ഈ വസ്തുത വളരെ അടുത്തറിഞ്ഞനുഭവിച്ച ഒരു കാലയളവാണ് കഴിഞ്ഞ 100 വർഷങ്ങൾ.

ചരിത്രഗതിയിൽ മലങ്കര സുറിയാനി സമുദായം ആദ്ധ്യാത്മിക ജീവിതശോഷണത്തിന്റെ അസാധാരണമായ ഒരു പ്രതിസന്ധി ഘട്ടത്തിലൂടെ കടന്നുപോയപ്പോൾ സഭയെ ആദ്ധ്യാത്മികമായി നവീകരിക്കുവാനും സുവിശേഷവത്ക്കരണം എന്ന സഭയുടെ അടിസ്ഥാനദൗത്യം ശക്തിപ്പെടുത്തുവാനുമുള്ള സുനിശ്ചിത മാർഗ്ഗമായിട്ടാണ് സഭയിൽ സന്യാസപ്രസ്ഥാനത്തിനു രൂപം നല്കുവാൻ മാർ ഈവാനിയോസ് പിതാവ് തീരുമാനിച്ചത്. ബാല്യംമുതലെ സന്യാസജീവിതത്തോടാഭിമുഖ്യമുണ്ടായിരുന്നെങ്കിലും ഒരു സന്യാസസമൂഹം സ്ഥാപിക്കണം എന്നുള്ള ആഗ്രഹം ശക്തിപ്പെടുന്നത് പിതാവ് കൽക്കത്തയിലെ സെറാമ്പൂർ കോളേജ് പ്രൊഫസർ ആയിരുന്ന കാലത്താണ് (1913-1919). മലങ്കരസഭയിൽ വിഭജനത്തിന്റെയും അതുമൂലമുണ്ടായ കലാപങ്ങളുടെയും വ്യവഹാരങ്ങളുടെയും തിരമാലകൾ ശമനമില്ലാതെ ഒന്നിനുപിറകെ ഒന്നായി ആഞ്ഞടിച്ച് പ്രക്ഷുബ്ധമായ അന്തരീക്ഷം സൃഷ്ടിച്ചപ്പോൾ, അതിൽ ആരെക്കാളുമധികം ഏറെ വ്യസനിച്ചത് സഭയിലെ പണ്ഡിതനും പ്രമുഖനും തികഞ്ഞ സഭാസ്നേഹിയുമായിരുന്ന യുവവൈദികൻ ഗീവറുഗീസ് പണിക്കരുവീട്ടിലച്ചനായായിരുന്നു. ഈ സാഹചര്യങ്ങളിൽ സഭയിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കുവാൻ പല പദ്ധതികളെപ്പറ്റിയും അദ്ദേഹം ആലോചിച്ചു. ജനങ്ങളെ വിദ്യാസമ്പന്നരാക്കുക, വൈദികരുടെ സെമിനാരി പരിശീലന നിലവാരം ഉയർത്തുക, മിഷണറി സമൂഹം സ്ഥാപിച്ച് മിഷണറിമാരെ സജ്ജമാക്കുക മുതലായ പദ്ധതികൾ അദ്ദേഹത്തിന്റെ ഗൗരവമേറിയ ആലോചനാവിഷയങ്ങളായിരുന്നു. എന്നാൽ ഇവയേക്കാളേറെ സന്യാസമാണ് സഭയുടെ ആവശ്യം എന്ന നിർണ്ണായകമായ ബോദ്ധ്യത്തിലദ്ദേഹം ക്രമേണ എത്തിച്ചേർന്നു.



ബഥനി ശതാബ്ദിയോടനുബന്ധിച്ച് മെയ് 11-ാം തീയതി നാലാഞ്ചിറ ആശ്രമം ദയറായിൽ ബഥനി വൈദികർ ഒന്നിച്ച് വി. കുർബാന അർപ്പിച്ചപ്പോൾ

### സന്യാസമെന്ന പ്രതിവിധി

മാർ ഈവാനിയോസ് പിതാവിന്റെ ആത്മകഥാകഥനമായ 'ഗിരിദീപ'ത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതുപോലെ വളരെ ശക്തവും വ്യക്തിപരവുമായ ഒരു ദൈവിക നടത്തിപ്പ് സന്യാസസമൂഹസ്ഥാപനത്തിന്റെ പിന്നിൽ പ്രകടമായി കാണാൻ സാധിക്കും. 'അദൃശ്യമായ ഒരു പരാശക്തി നമ്മുടെ മനസ്സിനെ തൂക്കിപ്പിടിച്ച് കൊണ്ടുപോകുന്ന' അനുഭവത്തിലൂടെയാണ് പിതാവ് കടന്നുപോയത്. അതിനു തടസ്സം

നില്ക്കാതെ സമ്പൂർണ്ണമായി സ്വയം സമർപ്പിച്ച് ദൈവഹിതം എന്തെന്നറിയുവാൻ ആഴ്ചകളും മാസങ്ങളും പ്രാർത്ഥനയിലും പരിത്യാഗത്തിലും തപശ്ചര്യകളിലും മുഴുകി കാത്തിരുന്നു. ദൈവ തിരുമുമ്പിൽ കുഴച്ചുവച്ച കളിമണ്ണുപോലെ ആയിരുന്നു തന്റെ ഹൃദയം എന്ന് പിതാവ് പറയുന്നു. അതിനു ദൈവം നല്കിയ രൂപവും ഭാവവുമാണ് ''സന്യാസമാകുന്ന ആദർശവും ആകൃതിയും''. വലിയൊരു ആത്മീയ പരിണാമത്തിന്റെയും സംഘർഷത്തിന്റെയും കാലമായിരുന്നു അത്. അതിന്റെ അവസാനം 'ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം' എന്ന ആദ്ധ്യാത്മിക ദർശനത്തിന്റെ ഉത്തുംഗശൃംഗത്തിൽ കയറിനിന്നുകൊണ്ടാണ് സന്യാസം എന്ന ദർശനത്തിലെത്തിച്ചേരുന്നത്. ദൈവത്തിൽനിന്നു ലഭിച്ച ഒരു അമൂല്യനിധിയായി പിതാവ് ഇതിനെ കാണുകയും അത് സ്വായത്തമാക്കാനുള്ള അശ്രാന്ത പരിശ്രമങ്ങളിലേർപ്പെടുകയും ചെയ്തു.

**ഭാരതീയ ക്രിസ്തീയ സന്യാസം**

സന്യാസസമൂഹത്തെപ്പറ്റിയുള്ള പഠനങ്ങൾക്കും ഗവേഷണങ്ങൾക്കുമൊടുവിൽ, മലങ്കരസഭയിൽ സ്ഥാപിതമാകുന്ന ആദ്യസമൂഹം പൗരസ്ത്യ ക്രിസ്തീയ സന്യാസത്തിന്റെയും ഭാരതീയ സന്യാസത്തിന്റെയും സമജ്ജസമായ സമന്വയം ആയിരിക്കണം എന്നദ്ദേഹം ഉറച്ചു തീരുമാനിച്ചു. കാരണം ക്രിസ്തീയസന്യാസം ആരംഭിച്ചതും ശക്തിപ്പെട്ടതും പൗരസ്ത്യനാടുകളിലും സഭകളിലുമാണ്. പൗരസ്ത്യ പാരമ്പര്യമുള്ള മലങ്കരസഭയിൽ സ്ഥാപിതമാകുന്ന സമൂഹം പൗരസ്ത്യ സന്യാസത്തിലധിഷ്ഠിതമായിരിക്കണം. അതുപോലെ ഭാരതത്തിൽ സന്യാസത്തിനു വലിയ പ്രാധാന്യവും പ്രസക്തിയുമുണ്ടെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. സന്യാസം ഭാരതത്തിന്റെ സംസ്കാരത്തിൽതന്നെ അലിഞ്ഞു ചേർന്നിട്ടുള്ളതാണ്. ആർഷഭാരത സംസ്കാരം എന്നാണല്ലോ അതറിയപ്പെടുന്നത്. അതുകൊണ്ട് ഭാരതത്തിന്റെ സുവിശേഷവത്ക്കരണം ലക്ഷ്യമാക്കി ആരംഭിക്കുന്ന ഈ സന്യാസ സമൂഹം തികച്ചും ഭാരതീയമായിരിക്കണം. ഭാരതീയ സംസ്കാരത്തിൽനിന്നും സന്യാസത്തിൽനിന്നും ഉൾക്കൊള്ളാവുന്നതെല്ലാം ഉൾക്കൊള്ളുന്ന ഒരു സന്യാസ ജീവിതശൈലിയാണ് പിതാവ് വിഭാവനം ചെയ്തത്. ടാഗോറിന്റെ ശാന്തിനികേതൻ, ഗാന്ധിജിയുടെ സബർമതി, രാമകൃഷ്ണമിഷൻ ആശ്രമങ്ങൾ ഇവയെല്ലാം അദ്ദേഹത്തിന്റെ പഠനകേന്ദ്രങ്ങളായിരുന്നു. ഇതിലൂടെ ഒരു സാംസ്കാരികാനുരൂപണ പ്രക്രിയയാണ് പിതാവ് ലക്ഷ്യം വച്ചത്. ഭാരതീയ സന്യാസത്തിലേക്കിറങ്ങിച്ചെന്ന് ഒരു ഭാരതീയ ക്രിസ്തീയ സന്യാസം എന്ന പ്രവാചക വീക്ഷണമാണ് പിതാവിനുണ്ടായിരുന്നത്.

**മുണ്ടൻമലയിലെ ബഥനി ആശ്രമം**

തന്നോടൊപ്പമുണ്ടായിരുന്ന ചില വിദ്യാർത്ഥികളോടൊത്ത് ജീവിച്ചുകൊണ്ട് ഒരു ''ശൈശവാശ്രമം സെറാമ്പൂരിൽ ആരംഭിച്ചുവെന്ന് ഗിരിദീപത്തിൽ വായിക്കുന്നു. ഈ ലക്ഷ്യത്തിനനുസൃതമായ ഒരു നാമമാണ് പുതിയ സമൂഹത്തിനുവേണ്ടി കണ്ടുവച്ചത്. ബൈബിളിൽനിന്നുള്ള 'ബഥനിയും' (ലൂക്കാ 10:38-42; യോഹന്നാൻ 11:17-47) ഭാരതീയ സന്യാസത്തിന്റെ സത്തയായ 'ആശ്രമവും' സമന്വയിപ്പിച്ച് ''ബഥനി ആശ്രമം'' എന്ന അർത്ഥവത്തായ നാമം ഭാവിസമൂഹത്തിന്റെ ഭവനങ്ങൾക്ക് നല്കാൻ നിശ്ചയിച്ചു. 'മിശിഹാനുകരണ സന്യാസി സമൂഹം' (Order of the Imitation of Christ - OIC) എന്ന ഔദ്യോഗികനാമം സമൂഹത്തിനു നല്കി. പിതാവിന്റെ വിലപ്പെട്ട സന്യാസദർശനം മലങ്കരസഭയിൽ അന്വർത്ഥമാക്കണം എന്ന ഉദ്ദേശത്തോടെ, പലരുടെയും സഹായത്താൽ റാന്നിയിൽ പെരുനാട് എന്ന സ്ഥലത്ത് അദ്ദേഹം കുറെ വസ്തു വിലക്കു വാങ്ങി. സന്യാസത്തിനനുയോജ്യമായ വളരെ വിജനവും ഏകാന്തവുമായ ഒരു പ്രദേശമായിരുന്നു അത്. പെരുനാട് 'മുണ്ടൻമല' എന്നാണവിടം അറിയപ്പെട്ടിരുന്നത്. പിന്നീട് അവിടെ പാർപ്പിട സൗകര്യങ്ങൾ നിർമ്മിക്കുവാൻ ആളുകളെ നിയോഗിച്ചു. എല്ലാം പൂർത്തിയായപ്പോൾ, സെറാമ്പൂരിലെ തന്റെ പ്രൊഫസർ പദവി രാജിവച്ചുപേക്ഷിച്ച്, തന്നോടൊപ്പമുണ്ടായിരുന്ന ചില ശിഷ്യന്മാരുമായി അദ്ദേഹം പെരുനാട്ടിൽ വന്നു താമസമുറപ്പിച്ചു. 1919 ആഗസ്റ്റ് 15-ാം തീയതിയാണ് ഔദ്യോഗികമായി ഈ സന്യാസാശ്രമ ജീവിതം ആരംഭിച്ചത്. ആദ്യ അംഗങ്ങളിൽ പിതാവിന്റെ പ്രിയ ശിഷ്യൻ യാക്കോബ് ശെമ്മാശനും (മാർ തെയോഫിലോസ് തിരുമേനി) ഉണ്ടായിരുന്നു. പൗരസ്ത്യ സന്യാസ പിതാവായ മാർ ബസ്സേലിയോസിന്റെ സന്യാസ നിയമങ്ങളെ ആധാരമാക്കി ഒരു നിയമാവലി ക്രോഡീകരിച്ച് 1920 മാർച്ച് 9-ാം തീയതി ത്രോണോസിൽ സമർപ്പിച്ച് ഉപയോഗിച്ചുപോന്നു.

പൗരസ്ത്യ-ഭാരതീയ സന്യാസത്തിന്റെ അടിസ്ഥാന ദർശനങ്ങൾ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ജീവിതശൈലിയാണ് ആദ്യസന്യാസികൾ അവരുടെ ഗുരുവായ ആബോ ഗീവറുഗീസിനോടൊപ്പം അനുവർത്തിച്ച് ജീവിച്ചുപോന്നത്. കാട്ടിലെ മുളയും തടിയും മരക്കൊമ്പുകളുംകൊണ്ടു നിർമ്മിച്ച പുല്ലുമേഞ്ഞ കുടിലുകളായിരുന്നു ആശ്രമസ്ഥർക്കുള്ള കെട്ടിടവും ചാപ്പലും ഭക്ഷണശാലയും കുശിനിയുമെല്ലാം. ചാണകം ഉപയോഗിച്ച് മെഴുകിയതായിരുന്നു മുറികളുടെ തറ. കാവി നിറത്തിലുള്ള കുപ്പായവും ഇടക്കെട്ടും ഷോളും, ചരടിൽ ബന്ധിച്ച് കഴുത്തിൽ ധരിക്കാനുള്ള ചെറിയ കുരിശുമായിരുന്നു അവരുടെ സന്യാസവേഷം. സസ്യാഹാരമാണവർ ഭക്ഷിച്ചി

രുന്നത്. നിലത്തിരുന്നു മൺചട്ടികളിലാണവർ ഭക്ഷിച്ചിരുന്നത്. മാംസാഹാരം പാടെ ഉപേക്ഷിച്ചു. ലാളിത്യം അവരുടെ ജീവിതത്തിന്റെ മുഖമുദ്രയായിരുന്നു. ലളിതവും ദരിദ്രവുമായ ജീവിതമാണവർ നയിച്ചിരുന്നത്. ലളിതജീവിതത്തിന്റെ ഭാഗമായി, ആബോ ഗീവറുഗീസും അനുചരന്മാരും ആദ്യകാലങ്ങളിൽ ഭിക്ഷാടനം നടത്തിയിരുന്നു. ലളിത മനസ്കരായ ആശ്രമസ്ഥരെ 'സാധുക്കൾ' എന്നു മറ്റുള്ളവർ വിളിച്ചിരുന്നു. കഠിനാദ്ധ്വാനമായിരുന്നു അവരുടെ ലളിതജീവിതത്തിന്റെ മറ്റൊരു ഭാവം. കാടുവെട്ടിത്തെളിച്ച് കൃഷി ചെയ്തും, പശുക്കളെ വളർത്തിയും ഉപജീവനമാർഗ്ഗം കണ്ടെത്തി.

ആഴമേറിയ പ്രാർത്ഥനാജീവിതത്തിനുടമകളായിരുന്നു ഈ സന്യാസികൾ. അന്ത്യോക്യൻ ആരാധനക്രമാധിഷ്ഠിതമായ പ്രാർത്ഥനാജീവിതത്തിൽ, വി. കുർബാന, യാമപ്രാർത്ഥന, ധ്യാനം, ആത്മശോധന, വി. ഗ്രന്ഥപാരായണം, പഠനം ഇവയ്ക്കെല്ലാം പ്രാധാന്യം നല്കിപ്പോന്നു. ഏകാന്തതയും മൗനവും പ്രാർത്ഥനാജീവിതത്തെ പരിപോഷിപ്പിച്ചു. ആദ്യകാല അംഗങ്ങളിലൊരാളായ ബഹു. ജോഷ്വാ ഒ.ഐ.സി. അച്ചൻ സാക്ഷ്യപ്പെടുത്തിയപോലെ, അവരുടെ ജീവിതം തന്നെ പ്രാർത്ഥനയായിരുന്നു. സഹോദര ഐക്യത്താൽ ശക്തമായിരുന്നു ആശ്രമസ്ഥരുടെ ജീവിതം. അവരുടെ പിതാവും ഗുരുവുമായ ആബോയ്ക്ക് ചുറ്റുംകൂടി പരസ്പരസ്നേഹവും ഐക്യവും കരുതലുമെല്ലാം പങ്കുവച്ചു. ജീവിതസൗകര്യങ്ങൾ അന്നു പരിമിതമായിരുന്നെങ്കിലും, പരസ്നേഹത്തിലും ഐക്യത്തിലും അവർ സമ്പന്നരായിരുന്നുവെന്ന് ബഹു. ഏബ്രഹാം ഒ.ഐ.സി. അച്ചനും രേഖപ്പെടുത്തുന്നു. ബഥനി ആശ്രമത്തിന്റെ പ്രാരംഭഘട്ടത്തിലെ പരിമിതികളുടെയും ഇല്ലായ്മയുടെയും നടുവിലും, ഒരു അനാഥമന്ദിരവും രോഗീപരിചരണസംവിധാനവും, മിതമായ രീതിയിലുള്ള സാധുക്ഷേമ പരിപാടികളും ആശ്രമസ്ഥർ നടത്തിപ്പോന്നു.

1923 ലെ പെന്തക്കുസ്താദിനത്തിൽ ബഥനി ആശ്രമത്തിലെ ആദ്യ വ്രതാനുഷ്ഠാനം നടന്നു. 1925 മെയ് 1-ാം തീയതി ആബോ ഗീവറുഗീസിനെ മാർ ഈവാനിയോസ് എന്ന നാമത്തിൽ ബഥനിയുടെ മെത്രാപ്പോലിത്തയായി വാഴിച്ചു. പിന്നീട്, ആശ്രമഗുരുവായിരുന്ന യാക്കോബ് ശെമ്മാശനെ, യാക്കോബ് മാർ തെയോഫിലോസ് എന്ന നാമത്തിൽ ബഥനിയുടെ സഹായമെത്രാനായും വാഴിച്ചു. ബഥനി മെത്രാന്റെ കീഴിൽ ബഥനിപ്പള്ളികൾ സ്ഥാപിതമാവുകയും, ആശ്രമത്തിലെ വൈദികർ തീക്ഷ്ണമതികളായി അവിടെ ആത്മീയ ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. താണ ജാതിയിൽപ്പെട്ട അക്രൈസ്തവരായ ആളുകളുടെ ആത്മീയാഭിവൃദ്ധിയും സാമൂഹിക സമുദ്ധാരണവും കണക്കിലെടുത്ത്, ബഥനി ആശ്രമത്തിന്റെ നേതൃത്വത്തിൽ 'വിജാതീയ മിഷൻ' ആരംഭിച്ചു. ബഥനിയുടെ ആദ്ധ്യാത്മികതയും ആശ്രമജീവിതചൈതന്യവും കുടുംബങ്ങളിലെത്തിക്കണം എന്ന ലക്ഷ്യത്തോടെ 'ബഥനി മൂന്നാം സഭ', പിതാവ് സമാരംഭിച്ച്, ധാരാളം പേരെ അതിന്റെ അംഗങ്ങളാക്കി. ആദ്ധ്യാത്മികഗ്രന്ഥങ്ങളും പ്രാർത്ഥന പുസ്തകങ്ങളും സൺഡേസ്കൂൾ പാഠപുസ്തകങ്ങളും അച്ചടിച്ച് ജനങ്ങളിലെത്തിക്കുവാൻ ബഥനി മുദ്രാലയവും ഈ കാലയളവിൽ ആരംഭിച്ചു.

### ബഥനി ഒരു തീർത്ഥാടന കേന്ദ്രം

ഏറെ താമസിയാതെ, മുണ്ടൻമലയിലെ ബഥനി ആശ്രമവും ആശ്രമസ്ഥരും, അവരുടെ നവമായ സന്യാസജീവിതശൈലിയും ആത്മീയ തീക്ഷ്ണതയും പുറപ്പെടുവിച്ച ആദ്ധ്യാത്മിക ചൈതന്യവും പരിവർത്തനവും സഭയിലാകമാനം ആഞ്ഞടിച്ചു. ബഥനി ആശ്രമം, സഭയുടെ സവിശേഷ ശ്രദ്ധാകേന്ദ്രമായി. ആത്മദാഹം പൂണ്ട ജനങ്ങൾ ബഥനി ആശ്രമത്തിലേക്ക് പ്രവഹിച്ചു. അവർ അവിടെ നടന്ന പ്രാർത്ഥനാശുശ്രൂഷകളിൽ പങ്കുചേരുകയും, ആശ്രമസ്ഥരോടൊപ്പം ജീവിക്കുകയും, അവരുടെ ആത്മീയോപദേശം സ്വീകരിക്കുകയും, പ്രാർത്ഥനയപേക്ഷിക്കുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്തു. സമുദായക്കേസും കലഹങ്ങളും നിറഞ്ഞ സഭാന്തരീക്ഷത്തിൽ, ബഥനി പുതുചൈതന്യവും പ്രത്യാശയും ഉളവാക്കി. ശ്രീ മാമ്മൻ മാപ്പിള പ്രസ്താവിച്ചതുപോലെ, എം.എ. അച്ചനും അനുചരന്മാരും, കാവിവസ്ത്രവും മൺചട്ടിയുമായി ബഥനിക്കുമുന്നിൽ ആസ്ഥാനമുറപ്പിച്ചപ്പോൾ സമുദായ ഭക്തന്മാർക്ക് അതൊരു തീർത്ഥാടന കേന്ദ്രമായി മാറി.

## 2. പുനരൈക്യാനന്തര ബഥനി സമൂഹം

### ബഥനി പുനരൈക്യത്തിന്റെ ന്യൂക്ലിയസ്

ബഥനി ആശ്രമത്തിന്റെ ചരിത്രവും മലങ്കര സുറിയാനിസഭയുടെ, കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിന്റെ ചരിത്രവും വേർപെടുത്താനാവാത്തവിധം ഇഴുകിച്ചേർന്നു കിടക്കുന്ന രണ്ടു ചരിത്രവസ്തുതകളാണ്. സഭാചരിത്രപടുവായ മാർ ഈവാനിയോസ് പിതാവിനെ യുവവൈദികനായിരുന്ന കാലം മുതൽ ഉദ്ദീപിപ്പിച്ചുകൊണ്ടിരുന്ന വിഷയമാണ്, വിഭജിച്ചു നില്ക്കുന്ന സഭകളുടെ, മാതൃസഭയുമായുള്ള ഐക്യം. ബഥനി ആശ്രമസ്ഥാപനവും അവിടുത്തെ താപസജീവിതവും, പിതാക്കന്മാരെയും ആശ്രമസ്ഥരെയും അവരുടെ ബോദ്ധ്യങ്ങളിൽ ആഴപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്തു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പ്രസ്താവിച്ചതുപോലെ 'പുനരൈക്യപ്രസ്ഥാനം തികച്ചും ഒരു ആദ്ധ്യാത്മിക സംഭവ'മാണ്. ബഥനിയിലെ അസാ

ധാരണമായ തപസ്സിന്റെ അന്തരീക്ഷത്തിൽ, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനും നവീകരണ പ്രക്രിയയ്ക്കും, തങ്ങളെത്തന്നെ പൂർണ്ണമായി സമർപ്പിച്ചതിന്റെയും വിട്ടുകൊടുത്തതിന്റെയും ഫലമായിട്ടാണ് ഇതുപോലൊരു സംരഭത്തിനു നേതൃത്വം കൊടുക്കുവാൻ മാർ ഈവാനിയോസിനും മാർ തെയോഫിലോസിനും സാധിച്ചത്'. സന്യാസത്തിൽ, സ്വയം പരിശീലിപ്പിക്കാൻ ഒരുങ്ങിയതോടെയാണ് പുനരൈക്യം എന്ന ആശയം, തന്നിൽ ആഴത്തിൽ വേരൂന്നിയതും അതൊരു ബോദ്ധ്യമായി വളർന്നു വന്നതെന്നും മാർ ഈവാനിയോസ് പിതാവ് പലയിടത്തും സമ്മതിച്ചിട്ടുണ്ട്. ഈ ബോദ്ധ്യം ശക്തമായപ്പോൾ, സഭയിലെ ഭിന്നിപ്പ് ക്രിസ്തുവിന്റെ ശരീരത്തിലേല്പിക്കുന്ന മുറിവുകളാണെന്നും, അതു വലിയ അപരാധമാണെന്നും, അതിന്റെ പരിഹാരത്തിനായി എന്തു ത്യാഗവും സഹിക്കുവാനും, തന്റെ ശരീരം പല കഷണങ്ങളായി വെട്ടിനുറുക്കപ്പെടുവാൻപോലും തയ്യാറാണെന്നും പിതാവ് ആശ്രമാംഗങ്ങളെ ധരിപ്പിച്ചു.

ആശ്രമപിതാവിന്റെ വ്യക്തിപരമായ ഈ ബോദ്ധ്യം ക്രമേണ ആശ്രമാംഗങ്ങളിലേക്കും പടർന്നു പിടിച്ചു ശക്തിയാർജ്ജിച്ചു. ബഹു. ഏബ്രഹാം ഒ.ഐ.സി. അച്ചൻ അനുസ്മരിക്കുന്നതുപോലെ, ''കത്തോലിക്കാസഭയുമായുള്ള ഐക്യം എന്ന ആശയം സ്നേഹത്തിൽ ഒന്നായിക്കഴിഞ്ഞ ആശ്രമക്കൂട്ടായ്മയുടെ പൊതുവായ ആശയും അനുഭവവുമായി മാറി. റോമുമായുള്ള എഴുത്തുകുത്തുകൾ നടക്കുമ്പോൾ, ഈ ഐക്യത്തിലേക്ക് ഞങ്ങളെല്ലാവരും വലിച്ചടുപ്പിക്കപ്പെട്ടു. ലോകത്തിലുള്ള എല്ലാ സന്യാസികളുമായി ഐക്യപ്പെടുവാൻ ഞങ്ങളാഗ്രഹിച്ചു. അതിനായി നിരന്തരം പ്രാർത്ഥിച്ചു''. ബഥനി ആശ്രമവും ബഥനി മഠവും, പുനരൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന, പഠിക്കുന്ന, ചർച്ചകൾ നടത്തുന്ന കേന്ദ്രങ്ങളായി. ഈയവസരത്തിൽ പുനരൈക്യം എന്ന ആശയം യാഥാർത്ഥീകരിക്കുവാൻ അവർ പിതാവിന്റെ കരങ്ങളെ ശക്തിപ്പെടുത്തി. അങ്ങനെ ബഥനി പുനരൈക്യത്തിന്റെ ന്യൂക്ലിയസ് (Nucleus) ആയി എന്നു പറയാം.

### ബഥനിമലയോടു വിട

പുനരൈക്യത്തിനുവേണ്ടിയുള്ള എഴുത്തുകുത്തുകൾ പുരോഗമിക്കവെ അതിനെ അനുകൂലിച്ച പലരും പിന്മാറി എന്നു മാത്രമല്ല, അതിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നവർക്ക് എതിർപ്പും ശത്രുതയും നേരിടേണ്ടിവന്നു. സങ്കടപൂർണ്ണമായ ഈ അനുഭവത്തെ പിതാവ് വിവരിച്ചതിപ്രകാരമാണ്. ''കുറെ നാളായി ദൈവം ബഥനി ആശ്രമത്തെ മൂശയിലിട്ടു വറക്കാൻ തുടങ്ങിയിരിക്കയാണെന്നു നമുക്കു തോന്നുന്നു. അനുഭവം അതാണ് നമ്മെ പഠിപ്പിക്കുന്നത്''. എന്നാൽ ഇതിനെ ഒരു ശുദ്ധീകരണ പ്രക്രിയയായിട്ടാണ് പിതാവ് കണ്ടത്. 'ബഥനി ആശ്രമം ആരുടേതാണോ അവിടുന്നതിനെ നോക്കിക്കൊള്ളും'' എന്ന് പിതാവ് ആശ്വസിച്ചു. ഈ തിക്താനുഭവങ്ങളുടെ തീച്ചൂളയിൽ നിന്നുകൊണ്ട്, റോമിൽനിന്നുള്ള അനുകൂലമായ മറുപടി വരുന്നതിനു മുൻപുതന്നെ മുണ്ടൻമല വിട്ടിറങ്ങുവാൻ പിതാവു തീരുമാനിച്ചു.

1930 ആഗസ്റ്റ് 19-ാം തീയതി ആശ്രമചാപ്പലിലെ സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം ഒരു ലഘുപ്രസംഗത്തിലൂടെ മാർ ഈവാനിയോസ് പിതാവും തെയോഫിലോസ് തിരുമേനിയും മുണ്ടൻമല വിടാനും കത്തോലിക്കാസഭയുമായി ഐക്യപ്പെടുവാനുമുള്ള തങ്ങളുടെ വീരോചിതമായ തീരുമാനം ആശ്രമസ്ഥരെ അറിയിച്ചു. പിതാക്കന്മാരോടൊപ്പം ചേരുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്വതന്ത്രമായ തീരുമാനം രാത്രി 12 മണിക്കു മുൻപ് ചാപ്പലിൽ അവർക്കായി കാത്തിരിക്കുന്ന പിതാവിനെ അറിയിക്കണം എന്നും നിർദ്ദേശിച്ചു. അലക്സിയോസച്ചൻ ഒഴികെ മറ്റെല്ലാവരും തങ്ങളുടെ അനുകൂലമായ തീരുമാനം അറിയിച്ചു. പിറ്റെ ദിവസം, 1930 ആഗസ്റ്റ് 20-ാം തീയതി രാവിലെ എഴുന്നേറ്റ് ചാപ്പലിൽ പോയി പ്രാർത്ഥിച്ചശേഷം, പിതാക്കന്മാരും ആശ്രമസ്ഥരും ഏതാനും അനാഥ കുഞ്ഞുങ്ങളും തങ്ങൾ ജീവനുതുല്യം സ്നേഹിച്ച മുണ്ടൻമല ബഥനി ആശ്രമത്തോടു വിട പറഞ്ഞിറങ്ങി. 'എവിടേക്ക്' എന്ന ചോദ്യത്തിന്, 'എല്ലാം ദൈവം നോക്കിക്കൊള്ളും' എന്ന ഒറ്റ ഉത്തരം മാത്രമാണ് പിതാവിൽ നിറഞ്ഞു നിന്നിരുന്നത്. അടുത്തുള്ള ആറ്റുകടവിൽ ഒരുക്കിയിരുന്ന 3 വള്ളങ്ങളിലായി പിതാക്കന്മാരെ കൂടാതെ 20 പേർ വടശ്ശേരിക്കര വഴി അന്നു വൈകിട്ട് വെണ്ണിക്കുളത്തെത്തി. അവിടെയൊരു സ്കൂളിൽ അന്തിയുറങ്ങി. പിറ്റെ ദിവസം ബഥനിപ്പള്ളിക്കടുത്ത് അവിടെയുള്ള ഒരു വീട്ടുടമസ്ഥൻ വിട്ടുകൊടുത്ത കാഞ്ഞിരത്തിങ്കൽ വീട്ടിൽ താമസിച്ചു. പിതാക്കന്മാർ തിരുമൂലപുരം ആശ്രമത്തിലേക്കു പോയി. ഈ കാലയളവിൽതന്നെ ഒരു ഹൈന്ദവ സഹോദരൻ - വരിണ്ണാവര നാരായണ വൈദ്യർ - നല്കിയ സ്ഥലവും അതിനോടു ചേർന്ന കുറെ സ്ഥലവും വിലക്കു വാങ്ങി 3 മാസംകൊണ്ട് അവിടെ ആശ്രമവും ചാപ്പലും അതിഥിമന്ദിരവും ഒക്കെ പണികഴിപ്പിച്ച് അവരുടെ താമസം അവിടേക്കു മാറ്റി.

### പുനരൈക്യപ്പെട്ട ബഥനി

ഇതിനിടയിൽ ചരിത്രപ്രസിദ്ധമായ പുനരൈക്യസംഭവം 1930 സെപ്റ്റംബർ 20-ാം തീയതി അരങ്ങേറി. ബഥനിയിലെ രണ്ടു പിതാക്കന്മാരും ജോണച്ചനും അലക്സാണ്ടർ ശെമ്മാശ്ശനും ബഥനി മൂന്നാം സഭാംഗം കിളിലേത്ത് ചാക്കോച്ചനും ആണ് ആദ്യം പുനരൈക്യപ്പെട്ട അംഗങ്ങൾ. പിറ്റെ ദിവസം മറ്റ് ആശ്രമസ്ഥരെയും ബഥനി സിസ്റ്റേഴ്സിനെയും ഈവാനിയോസ് പിതാവ്

കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുത്തി. പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യകാലങ്ങളിൽ ബഥനി ആശ്രമസ്ഥർ അഭിവന്ദ്യ പിതാക്കന്മാരോട് ചേർന്ന് പുനരൈക്യപ്രേഷിത പ്രവർത്തനങ്ങളിൽ നിരന്തരം വ്യാപൃതരായി. അകത്തോലിക്കരെ പുനരൈക്യപ്പെടുത്തുക, പുതുതായി പള്ളികൾ സ്ഥാപിക്കുക, ഇടവകകൾക്കുവേണ്ടി സ്ഥലസൗകര്യങ്ങൾ ഒരുക്കുക, ജനങ്ങളെ വിശ്വാസ പ്രബുദ്ധരാക്കുക മുതലായ അജപാലന ശുശ്രൂഷകളിൽ തീഷ്ണതയോടെ പങ്കുചേർന്നു. ഇക്കാലയളവിൽ വളരെയധികം എതിർപ്പുകളും വെല്ലുവിളികളും സഹനവുമെല്ലാം ഏൽക്കേണ്ടതായി വന്നിട്ടുണ്ട്. അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവായുടെ കാഴ്ചപ്പാടിൽ, മലങ്കര കത്തോലിക്കാസഭയിലെ ആദ്യത്തെ വിശ്വാസികൾ ബഥനി സന്യാസികൾ ആയിരുന്നു. മലങ്കരസഭയിലെ ദൈവജനം ബഥനിയുടെ പിൻതുടർച്ചക്കാരാണ്. മലങ്കരസഭ സാർവ്വത്രിക സഭാക്കൂട്ടായ്മയിൽ കടന്നു വന്നപ്പോൾ ക്രൈസ്തവ ജീവിതശൈലി എന്താണെന്നു ജീവിച്ചു കാണിക്കുന്ന ഒരു സമൂഹമായിരുന്നു ബഥനി. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മലങ്കരസഭയുടെ ജീവിതനിയമം ഈ സന്യാസസമൂഹമായിരുന്നു. മലങ്കര കത്തോലിക്കാസഭയുടെ ക്രൈസ്തവ ജീവിതഭാഷ്യത്തിന്റെ ആധികാരികമായ, മിഴിവുറ്റ ജീവിതശൈലി ജീവിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട സമൂഹമാണ് ബഥനി സന്യാസസമൂഹം. ഈ പശ്ചാത്തലത്തിലാണ് പുനരൈക്യപ്രസ്ഥാനത്തിന്റെ ഈറ്റില്ലമായും പിള്ളത്തൊട്ടിലായുമൊക്കെ ബഥനി സന്യാസസമൂഹത്തെ ചരിത്രപരമായി വീക്ഷിക്കുന്നത്.

### ബഥനിയുടെ പ്രവാസകാല അനുഭവം

1932 ഡിസംബർ 14-ാം തീയതി തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ ഏതാനും ഏക്കർ സ്ഥലം വാങ്ങി അവിടെ ഒരാശ്രമം സ്ഥാപിച്ച്, വെണ്ണിക്കുളത്തുണ്ടായിരുന്ന ആശ്രമസ്ഥരെ 1933 ൽ അവിടേക്കു മാറ്റി. 1933 ൽ മലങ്കര ഹൈരാർക്കി സ്ഥാപനത്തിനുശേഷം, തിരുവല്ല ഭദ്രാസനാദ്ധ്യക്ഷൻ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ ആവശ്യപ്രകാരം, ഏതാനും ആശ്രമസ്ഥരെ മാർ ഈവാനിയോസ് പിതാവ് തിരുവല്ലായിലേക്കയച്ചു. അവർ തിരുമൂലപുരത്തുണ്ടായിരുന്ന ചെറിയ ആശ്രമക്കെട്ടിടത്തിൽ താമസമാരംഭിച്ചു. ഈ നടപടികളോടുകൂടി ബഥനി സമൂഹം രണ്ടു ഭദ്രാസനാദ്ധ്യക്ഷന്മാരുടെ കീഴിലുള്ള രണ്ടു ഭദ്രാസന (Diocese) സമൂഹങ്ങളായി തിരിഞ്ഞു. സമൂഹാംഗങ്ങളെ ഏറെ വേദനിപ്പിച്ച ഒരു നടപടിയായിരുന്നു ഇത്. 1935 ഏപ്രിൽ 12 ന് തിരുവല്ല തോലശ്ശേരിയിൽ ആശ്രമത്തിനുവേണ്ടി സ്ഥലം വാങ്ങി പണിയുവാനാരംഭിച്ചു. 1936 ഏപ്രിൽ 12-ാം തീയതി പുതിയ ആശ്രമത്തിൽ തിരുമൂലപുരത്തുണ്ടായിരുന്ന സന്യാസിമാർ താമസം ആരംഭിച്ചു. ദിവ്യരക്ഷ ആശ്രമം (Holy Redeemers Monastry) എന്നാണതറിയപ്പെട്ടത്. ആദ്യകാല സുപ്പീരിയർ, നോവിസ് മാസ്റ്റർ എന്നീ ചുമതലകൾ വഹിച്ചത് കർമ്മലീത്ത TOCD അച്ചന്മാരാണ്. നാലാഞ്ചിറ ആശ്രമത്തിലും അവർ തത്തുല്യമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1947 ൽ കറ്റാനത്ത് Pope Pius XI ഹൈസ്കൂളിനടുത്ത് മറ്റൊരാശ്രമം സ്ഥാപിച്ചു. ഇക്കാലമായപ്പോഴേക്കും ആശ്രമസ്ഥരുടെ വേദനയോടുകൂടിയ നിരന്തരമായ അഭ്യർത്ഥന പരിഗണിച്ച്, അഭിവന്ദ്യ പിതാക്കന്മാർ ബഥനി സമൂഹത്തെ ഒരു ഇന്റർ ഡയോസിസൻ സമൂഹമായി ഉയർത്തി. ഇത് 1948 സെപ്റ്റംബർ 15-ാം തീയതിയായിരുന്നു. 1948 സെപ്റ്റംബർ 21-ാം തീയതി തിരുവല്ല ബഥനി ആശ്രമത്തിൽ സമ്മേളിച്ച ജനറൽ ചാപ്റ്ററിൽ ബഹു. ജോൺ ഒ.ഐ.സി. അച്ചനെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കുകയും, ചെങ്ങന്നൂരിൽ സെന്റ് തോമസ് മിഷൻ ഹൗസിൽ 1948 നവംബർ 3-ാം തീയതി ആദ്യത്തെ ജനറലേറ്റു മന്ദിരം ആരംഭിക്കുകയും ചെയ്തു.

ഒരു വർഷം കഴിഞ്ഞ് ബഹു. ജോണച്ചൻ സുപ്പീരിയർ ജനറൽ സ്ഥാനത്തുനിന്നു മാറിയതിനെത്തുടർന്ന് 1949 ൽ നാലാഞ്ചിറയിൽ സമ്മേളിച്ച ജനറൽ ചാപ്റ്റർ ബഹു. ജോഷ്വാ താവളത്തിൽ ഒ.ഐ.സി. അച്ചനെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുത്തു. 1951 ൽ അന്നത്തെ ഭരണാധികാരികളെല്ലാം രാജിവയ്ക്കേണ്ടി വന്ന പ്രത്യേക സാഹചര്യത്തിൽ ഫാ. ഫ്രാൻസിസ് സാലസ് റ്റി. ഒ.സി.ഡി.യെ, സമൂഹത്തിന്റെ വിസിറ്ററായും സുപ്പീരിയർ ജനറലായും 1951 മെയ് 19-ാം തീയതി പിതാവ് നിയമിച്ചു. 1952 ൽ സമൂഹാദ്ധ്യക്ഷൻ രോഗാതുരനാവുകയും സെപ്റ്റംബർ 22-ാം തീയതി നാലാഞ്ചിറ ബഥനി ആശ്രമത്തിൽവച്ച് കന്തീല ശുശ്രൂഷ സ്വീകരിക്കുകയും ചെയ്തു. 1953 ജനുവരി 29-ാം തീയതി തന്റെ പിൻഗാമിയായി മറ്റൊരു സമൂഹാംഗം ഫാ. ബനഡിക്ട് തങ്ങളത്തിൽ ഒ.ഐ.സി. അച്ചനെ ബനഡിക്ട് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ വാഴിച്ചു. 1953 ജൂലൈ 15-ാം തീയതി സമൂഹസ്ഥാപകൻ ദിവംഗതനായി.

### പരിശുദ്ധ സിംഹാസനത്തിന്റെ തത്പരത

സമൂഹത്തിന്റെ സ്ഥിതിഗതികൾ മനസ്സിലാക്കിക്കൊണ്ടിരുന്ന പരിശുദ്ധ സിംഹാസനം 1953 ജനുവരി 27 ന് സമൂഹത്തിന്റെ അപ്പസ്തോലിക് വിസിറ്റർ ആയി ഫാ. അഗസ്റ്റോ ലൊംബാർഡിയെ നിയമിച്ചു. സമൂഹത്തെക്കുറിച്ചുള്ള തന്റെ സമഗ്രമായ പഠനത്തിനുശേഷം അദ്ദേഹം 1953 ജൂൺ 29-ാം തീയതി ബഹു. പീറ്റർ കോഴിമണ്ണിൽ ഒ.ഐ.സി. അച്ചനെ സുപ്പീരിയർ ജനറലായി നിയമിച്ചു. 1953 ജൂലൈ 4-ാം തീയതി ആശ്രമജനറലേറ്റു മന്ദിരം ചെങ്ങന്നൂരിൽനിന്ന് നാലാഞ്ചിറ ആശ്രമത്തിലേക്കു മാറ്റി സ്ഥാപിച്ചു. ഈ കാലയളവിലെ ഏറെ ശ്രദ്ധേയമായ ഒരു കാൽവയ്പായിരുന്നു

നാലാഞ്ചിറ ആശ്രമത്തിൽ നവസന്യാസപരിശീലനം പൂർത്തിയാക്കിയ വൈദികവിദ്യാർത്ഥികളെ വൈദികപരിശീലനത്തിനായി 1954 ൽ പൂന പേപ്പൽ അത്തനേയത്തിലേക്കയച്ചത്. അവർ അവിടെ പഠനം ആരംഭിച്ച് ഏറെ വൈകാതെ പേപ്പൽ അത്തനേയത്തിനടുത്ത് രാംവാടിയിൽ ഒരു വീടും വസ്തുവും വിലക്കുവാങ്ങി പുതുതായി ആശ്രമം സ്ഥാപിച്ച് 1955 ഏപ്രിൽ 30 ന് അവിടേക്കു താമസം മാറ്റി. ഫാ. ഗബ്രിയേൽ ഒ.ഐ.സി. ആയിരുന്നു അവിടെ ആദ്യ സുപ്പീരിയർ. പഠനത്തിനായി അവിടെയെത്തിയ ആദ്യ ബാച്ചിൽപെട്ട ഒരാളാണ് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവ. 1959 ൽ ഫാ. വിക്ടർ ഒ.സി.ഡി.യുടെ നേതൃത്വത്തിൽ നടന്ന ജനറൽ ചാപ്റ്റർ ഫാ. ജോഷ്വാ ഒ.ഐ.സി.യെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുത്തു. തുടർന്ന് ബഥനിയുടെ വളർച്ചയും സഭാമേലദ്ധ്യക്ഷന്മാരുമായുള്ള ബന്ധവും ഊട്ടി ഉറപ്പിക്കുവാൻ ഫാ. ജോസഫ് ഇടമരം എസ്.ജെ.യെ സമൂഹത്തിന്റെ റിലിജിയസ് അസിസ്റ്റന്റായി പരിശുദ്ധ സിംഹാസനം നിയമിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനം സമൂഹത്തിന് ഉണർവ്വും ഉത്തേജനവും പ്രദാനം ചെയ്തു. പുതിയ ആശ്രമങ്ങൾ പലതും ആരംഭിച്ചു. 1965 ൽ ഫാ. ജോസഫ് ഇടമരം എസ്.ജെ.യുടെ അദ്ധ്യക്ഷതയിൽ കൂടിയ ജനറൽ ചാപ്റ്റർ ജേക്കബ് പെരുമ്പ്രാൽ ഒ.ഐ.സി. അച്ചനെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുത്തു.

### പൊന്തിഫിക്കൽ പദവി

പുനരൈക്യാനന്തര ബഥനിയുടെ ചരിത്രത്തിലെ അവിസ്മരണീയമായ സംഭവമാണ് പരിശുദ്ധ സിംഹാസനം ബഥനി സന്യാസസമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേക്കുയർത്തിയത്. 1966 ഏപ്രിൽ 14-ാം തീയതി നാലാഞ്ചിറ ബഥനി ആശ്രമചാപ്പലിൽവച്ച് അന്നത്തെ പ്രൊനുൺഷ്യോ ആർച്ചുബിഷപ്പ് റോബർട്ട് നോക്സ് തിരുമേനി പൊന്തിഫിക്കൽ പദവിയിലേക്കുയർത്തിയ പരിശുദ്ധ സിംഹാസനത്തിന്റെ ഔദ്യോഗിക ഡിക്രി വായിച്ച് സുപ്പീരിയർ ജനറൽ ജേക്കബ് ഒ.ഐ.സി. അച്ചനെ ഏല്പിച്ചു. അംഗസംഖ്യയിലും, ആശ്രമങ്ങളുടെയും സ്ഥാപനങ്ങളുടെയും എണ്ണത്തിലും വളരെ കുറവുള്ള കൊച്ചു സമൂഹത്തിനു ലഭിച്ച വലിയ പദവിയായിരുന്നു പൊന്തിഫിക്കൽ പദവി. ബഥനി ആശ്രമത്തിന്റെ സിദ്ധി, ആദർശങ്ങൾ, അനന്യമായ ജീവിതശൈലി ഇവയെല്ലാം സാർവ്വത്രികസഭ എത്ര വിലപ്പെട്ടതായി കാണുന്നുവെന്നും, അവ സംരക്ഷിക്കപ്പെടേണ്ടതിന്റെയും വളർത്തപ്പെടേണ്ടതിന്റെയും ആവശ്യകതയും ഈ പൊന്തിഫിക്കൽ പദവി വ്യക്തമാക്കുന്നു.

പുനരൈക്യാനന്തര ബഥനി സമൂഹത്തിന് ഒരു പ്രവാസകാലാനുഭവമുണ്ട് എല്ലാ അർത്ഥത്തിലും. പുനരൈക്യപ്രേഷിത ശുശ്രൂഷയിൽ പൂർണ്ണമായും ഉൾചേർന്നു സമൂഹാംഗങ്ങൾക്ക് സമൂഹത്തിന്റെ വളർച്ചയും സമൂഹസിദ്ധിയുടെ വികസനവുമായി ബന്ധപ്പെട്ട അടിസ്ഥാന വിഷയങ്ങളിൽ വേണ്ട ശ്രദ്ധ കൊടുക്കുവാൻ സാധിക്കാത്ത അവസ്ഥയായിരുന്നു. ആദ്യസമയങ്ങളിൽ ദൈവവിളികൾ കണ്ടെത്തുവാനോ പരിപോഷിപ്പിക്കുവാനോപോലും സാധിച്ചില്ല. പിന്നീടു ലഭിച്ച പൊന്തിഫിക്കൽ പദവിയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവകാഴ്ചപ്പാടുകളും ബഥനി സമൂഹത്തിന്റെ വളർച്ചയുടെ വഴിയിൽ നിർണ്ണായക ഘടകങ്ങളായി.

## 3. മഹത്തായ വളർച്ചയുടെ വഴികളിൽ

### രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സ്വാധീനം

രണ്ടാം വത്തിക്കാൻ കൗൺസിൽ വളരെ ശക്തമായി വിഭാവനം ചെയ്ത 'സാംസ്കാരികാനുരൂപണത്തിന്റെ ദൈവശാസ്ത്രം (Theology of Inculturation) ഏറെ സ്വാധീനിച്ച്, മാറ്റങ്ങളുളവാക്കിയ മേഖലയാണ് സന്യാസജീവിതം. കൗൺസിലിന് അനേക വർഷങ്ങൾക്കുമുൻപ് മാർ ഈവാനിയോസ് തിരുമേനി ബഥനി ആശ്രമസ്ഥാപനത്തിലൂടെ ഈ ദൈവശാസ്ത്ര ദർശനം നമ്മുടെ നാട്ടിൽ ആവിഷ്ക്കരിച്ചിരുന്നു. 'ഭാരതീയ ക്രിസ്തീയ സന്യാസം' എന്ന ബഥനി ആശ്രമദർശനം കൗൺസിലിന്റെ സാംസ്കാരികാനുരൂപണത്തിന്റെ ധീരമായ പ്രായോഗികാവിഷ്ക്കാരമാണ്. കൗൺസിലിന്റെ ഈ നവദർശനം ബഥനിയുടെ സിദ്ധിക്ക് ഒരു വലിയ അംഗീകാരവും അതിന്റെ വികാസത്തിനുള്ള ഊർജ്ജസ്രോതസ്സുമായി ഭവിച്ചു.

കൗൺസിലിനുശേഷമുള്ള സാധാരണവും അസാധാരണവുമായ സിനാക്സിസുകളിലൂടെ കൗൺസിലിന്റെ ആഹ്വാനവും നിർദ്ദേശങ്ങളുമനുസരിച്ച് സമൂഹനിയമസംഹിത പരിഷ്കരിക്കപ്പെട്ടു. അതുവരെയുണ്ടായ നിയമങ്ങളുടെ അപര്യാപ്തതകൾ പരിഹരിച്ചുകൊണ്ട് സമൂഹത്തിന്റെ സിദ്ധി, ലക്ഷ്യം, ഇവ ഏറ്റം വ്യക്തമാക്കി പൗരസ്ത്യ-ഭാരതീയ സന്യാസ ദർശനങ്ങൾ അനുദിന ജീവിതക്രമങ്ങളിൽ ഉൾച്ചേർത്ത് ഒരു നിയമസംഹിത ക്രോഡീകരിച്ച് നടപ്പിലാക്കി. സമൂഹത്തിന്റെ പിന്നീടുള്ള ബാഹ്യവും ആന്തരികവുമായ വളർച്ചയെ ഏറെ സ്വാധീനിച്ച നിർണ്ണായക ഘടകമാണിത്. വി. നിയമപരിഷ്കരണത്തിന് സഭാവിജ്ഞാനിയും കാനൻനിയമപണ്ഡിതനുമായ സമൂഹാംഗം സിറിൽ മലഞ്ചരുവിൽ ഒ.ഐ.സി. അച്ചന്റെ നേതൃത്വം മിഴിവും കൃത്യതയും നൂതനാഭിമുഖ്യങ്ങളും പകർന്നു.

### ശക്തമായ മിഷൻ ആഭിമുഖ്യം

1971 ൽ സമൂഹത്തിന്റെ ജനറലേറ്റ് മന്ദിരം നാലാഞ്ചിറനിന്ന് കോട്ടയത്ത് കളത്തിപ്പടിയിലേക്ക് മാറ്റി. കൗൺസിലിനുശേഷമുള്ള സിനാക്സിസുകളും അവയിലുണ്ടായ ദർശനധ്രുവീകരണങ്ങളും പരിഷ്കരിച്ച നിയമസംഹിതയുമെല്ലാം സമൂഹ

ത്തിന്റെ അപ്പസ്തോലിക പ്രവർത്തനമേഖലകളെ ശക്തിപ്പെടുത്താനും, സഭയിലുടനീളം വ്യാപിപ്പിക്കുവാനുമുള്ള മുന്നേറ്റങ്ങൾക്കു വഴി തെളിച്ചു. പുതിയ ആശ്രമങ്ങളും സ്ഥാപനങ്ങളും സംസ്ഥാപിതമായിക്കൊണ്ടിരുന്നു. മിഷൻരംഗത്ത് ഭദ്രാസനാദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങളും ആവശ്യങ്ങളുമനുസരിച്ച് പള്ളികൾ ഏറ്റെടുത്തു നടത്തുകയും പുതിയ ഇടവകകൾ പലയിടത്തും ആരംഭിക്കുകയും ചെയ്തു. ഇവ കൂടാതെ സമൂഹംതന്നെ ചില മിഷൻ പ്രദേശങ്ങൾ ഏറ്റെടുത്ത് വലിയ വെല്ലുവിളികളുടെ മദ്ധ്യേ ശ്രദ്ധേയമായ പ്രേഷിതപ്രവർത്തനങ്ങൾ ആ സ്ഥലങ്ങളിൽ നിർവ്വഹിച്ചു. 1955 മുതൽ പൂനെ-ബോംബെ പ്രദേശങ്ങളിലെ പ്രവാസികളായ മലങ്കര കത്തോലിക്കരുടെയിടയിൽ ബഥനി വൈദികർ ശുശ്രൂഷ നടത്തിപ്പോന്നു. പിന്നീടത് പൂനെ-ബോംബെ മിഷനായി വളർന്നു വന്നു. അവിടെയെല്ലാം ആശ്രമസ്ഥർ മുന്നോടികളായി പ്രവർത്തിച്ചു. അതോടൊപ്പം ഇൻഡ്യയുടെ മറ്റു പ്രദേശങ്ങളിൽ പ്രത്യേകിച്ച് കൽക്കട്ട, ഭിലായ്, ഹൈദരാബാദ്, ഗുജറാത്ത്, ഡൽഹി എന്നീ സ്ഥലങ്ങളിൽ ആശ്രമസ്ഥർ കടന്നുവന്ന് പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. പിന്നീട് ഈ പ്രദേശങ്ങളെ എല്ലാം ഉൾപ്പെടുത്തി 'ബാഹ്യകേരള മിഷനായി' വികസിപ്പിച്ച് ഇന്നത്തെ ഗുഡ്ഗാവ് രൂപതയ്ക്കും പൂനെ എക്സാർക്കേറ്റിനും വഴി തെളിച്ചത് ആശ്രമസ്ഥനായ ബഹു. ജോൺ ബർക്കുമാൻസ് ഒ.ഐ.സി. അച്ചന്റെ ബുദ്ധിപൂർവ്വകവും ത്യാഗപൂർണ്ണവുമായ കഠിനാദ്ധ്വാനവും നേതൃത്വവും കൊണ്ടാണ്. ബഥനി ആശ്രമസ്ഥർ തന്നെയായ അഭിവന്ദ്യ യാക്കോബ് മാർ ബർണബാസ് തിരുമേനിയും, അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയും യഥാക്രമം ഗുഡ്ഗാവ് രൂപതയുടേയും പൂനെ എക്സാർക്കേറ്റിന്റെയും അദ്ധ്യക്ഷന്മാരായി എന്ന വസ്തുത വെറും യാദൃച്ഛികമായ കാര്യമല്ല.

1974 ൽ തിരുവനന്തപുരം അതിഭദ്രാസനത്തിലെ ഒരു അവികസിത പ്രദേശമായിരുന്ന നെടുമങ്ങാട് മിഷൻ ബഥനി സന്യാസ സമൂഹം ഏറ്റെടുത്തു. ഭൗതികമായും ആത്മീകമായും ആ പ്രദേശത്തെ ഉയർത്തുവാൻ ആശ്രമസ്ഥർ നടത്തിയ പ്രയത്നങ്ങൾ വളരെ ശ്ലാഘനീയമാണ്. ഗബ്രിയേൽ തൈക്കടവിൽ ഒ.ഐ.സി. അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച 'തൃപ്പാദം' എന്നറിയപ്പെടുന്ന ആതുരശുശ്രൂഷകേന്ദ്രവും, കൈത്തൊഴിലുകൾ അഭ്യസിപ്പിക്കുന്ന ശാലയും, ആ നാടിന്റെയും നാട്ടുകാരുടെയും അഭയകേന്ദ്രമായി ഇന്നും പരിലസിക്കുന്നു. തെക്കൻ മേഖലയിൽ കാഞ്ഞിരംകുളത്തും തമിഴ്നാട്ടിൽ മുക്കംമ്പാലയിലും മിഷൻ കേന്ദ്രങ്ങൾ ബഥനി സമൂഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. 1979 ൽ ബത്തേരി രൂപതയുടെ ഭാഗമായ സൗത്ത് കാനറ മിഷൻ ബഥനി സമൂഹം ഏറ്റെടുത്തു. പള്ളികളും സ്കൂളുകളും മറ്റു സാമൂഹികക്ഷേമ പ്രവർത്തന കേന്ദ്രങ്ങളും വികസിപ്പിച്ചെടുത്ത് ആ പ്രദേശത്തെ സമഗ്രമായി ഉദ്ധരിക്കുവാൻ സമൂഹാംഗങ്ങൾ കഠിനമായി അദ്ധ്വാനിക്കുന്നു. അവിടെയുള്ള ജീവൻജ്യോതി സ്പെഷ്യൽ സ്കൂൾ ആ നാടിന്റെ വിളക്കായി ശോഭിക്കുന്നു. ആശ്രമസ്ഥർ അവിടെ നടത്തിയ മിഷൻ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിന്മേലാണ് പുത്തൂർ രൂപത സംജാതമായത് എന്നത് ദൈവപരിപാലനയുടെ മറ്റൊരു ശക്തമായ അടയാളമായി കാണാം.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയും സാർവ്വത്രികസഭയുടെയും ആവശ്യങ്ങൾ കണക്കിലെടുത്ത് ബഥനി ആശ്രമസ്ഥർ അമേരിക്ക, ജർമ്മനി, സ്വിറ്റ്സർലന്റ്, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ അജപാലനശുശ്രൂഷകളിലേർപ്പെടുവാൻ തുടങ്ങി. അമേരിക്കയിലെയും ഗൾഫ് രാജ്യങ്ങളിലെയും ചില സ്ഥലങ്ങളിൽ ജോലി തേടിപ്പോയിരിക്കുന്ന മലങ്കര കത്തോലിക്കരെ ഒന്നിച്ചുകൂട്ടി അവരുടെയിടയിൽ മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആശ്രമവൈദികർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അതിന്റെ ഒരു മുന്നോടിയാണ് ബഹു. ജറോം പീടികപ്പറമ്പിൽ ഒ.ഐ.സി. അച്ചൻ എന്നത് അനുസ്മരിക്കുന്നു.

### ഗുണപരമായ വിദ്യാഭ്യാസപ്രവർത്തനങ്ങൾ

ബഥനി സന്യാസസമൂഹത്തിന്റെ മിഴിവാർന്ന മറ്റൊരു അപ്പസ്തോലിക പ്രവർത്തനമേഖലയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസത്തിലൂടെ സാമൂഹികപരിഷ്കരണം എന്ന മാർ ഈവാനിയോസ് പിതാവിന്റെ കാഴ്ചപ്പാട് ഉൾക്കൊണ്ടു കൊണ്ടാണ് സമൂഹം ഈ രംഗത്ത് കഴിഞ്ഞ കാലയളവിൽ കടന്നു വന്നത്. കേരളത്തിനകത്തും പുറത്തും പല ആശ്രമങ്ങളോടു ചേർന്നും നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ട്. കോട്ടയം ഗിരിദീപവും, മൈലപ്ര മൗണ്ട് ബഥനിയുമായി സമാരംഭിച്ച വിദ്യാഭ്യാസ സംരംഭം ഇന്ന് നിരവധി കോളജുകൾ, സ്കൂളുകൾ, സാങ്കേതിക വിദ്യാലയങ്ങൾ, ബോർഡിംഗുകൾ, ഹോസ്റ്റലുകൾ, ട്യൂഷൻ സെന്റേഴ്സ് ഇവയിലൂടെയെല്ലാം വിലപ്പെട്ട സേവനം മനുഷ്യസമൂഹത്തിനു നല്കിക്കൊണ്ടിരിക്കുന്നു. ഈ സ്ഥാപനങ്ങളെല്ലാം വളരെ പ്രശസ്തമായ രീതിയിലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

### ശ്ലാഘനീയമായ സാമൂഹ്യസേവനപ്രവർത്തനങ്ങൾ

സാമൂഹികസേവന മേഖലയിൽ എടുത്തു പറയത്തക്ക നേട്ടങ്ങൾ കൈവരിക്കുവാൻ ബഥനി സന്യാസസമൂഹത്തിനു കഴിഞ്ഞു. ഇവയ്ക്കെല്ലാം ബഥനി സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് നേതൃത്വം നല്കുന്നത്. വിദ്യാഭ്യാസ സഹായം, വിവാഹസഹായം, രോഗികൾക്കുള്ള വൈദ്യസഹായം, ഭവനനിർമ്മാണം മുതലായ മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾക്കെല്ലാം സഹായമെത്തിക്കാൻ ആശ്രമാംഗങ്ങൾ ശ്രദ്ധിക്കു

ന്നുണ്ട്. പ്രളയംപോലെയുള്ള ദുരിതകാലങ്ങളിൽ വളരെ ആസൂത്രിതമായ രീതിയിൽ കാരുണ്യപ്രവർത്തികൾ നടത്തി വരുന്നു. കൂടാതെ ബഥനി സമൂഹത്തിന്റെ നേതൃത്വത്തിൽ അനാഥശാലകൾ, സ്ത്രീകൾക്കും പുരുഷന്മാർക്കുമായുള്ള അഗതിമന്ദിരങ്ങൾ, ഭിന്നശേഷിക്കാർക്കായുള്ള കേന്ദ്രങ്ങൾ ഇവയെല്ലാം വിവിധ സ്ഥലങ്ങളിലായി പ്രവർത്തന നിരതമാണ്.

ആതുരസേവനരംഗത്തും ബഥനി ആശ്രമസ്ഥർ ആദിമുതലേ പ്രത്യേക ശ്രദ്ധ നല്കി വന്നിരുന്നു. 1975 ൽ നാലാഞ്ചിറയിലാംരംഭിച്ച പ്രകൃതി ചികിത്സാകേന്ദ്രം ഒരു നൂതനാഭിമുഖ്യമായിരുന്നു. പ്രത്യേകിച്ചും പ്രകൃതിയോടിണങ്ങിച്ചേരുവാൻ ഉപദേശിക്കുന്ന ഭാരതീയ സംസ്കാരത്തിന്റെ ഒരു ആവിഷ്കാരമായി ഈ കേന്ദ്രം നിലകൊള്ളുന്നു. ധാരാളം രോഗികൾ ഇവിടെ വന്ന് സൗഖ്യമനുഭവിക്കുന്നു. പ്രകൃതിചികിത്സാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഫിസിയോ തെറപ്പി കോളജും നാലാഞ്ചിറയിൽ ആരംഭിച്ചിട്ടുണ്ട്. ഭിലായിലെ നേഴ്സിംഗ് കോളജ് സമൂഹത്തിന്റെ ആതുര സേവന രംഗത്തെ വിലപ്പെട്ട സംഭാവനയാണ്. ഇവ കൂടാതെ വിവിധ ആശ്രമങ്ങളോടുചേർന്ന് ചുറ്റുപാടുമുള്ള ആളുകൾക്ക് മഞ്ഞപ്പിത്തം, വിഷബാധകൾ ഇവയ്ക്കുള്ള നാട്ടുചികിത്സകളും നടത്തി വരുന്നുണ്ട്. ആതുര സേവനരംഗത്ത് പെയിൻ & പാലിയേറ്റീവ് കെയർ സെന്റേഴ്സും, റ്റി.ബി. റിഹാബിലിറ്റേഴ്സ് സെന്ററും, ഹോമിയോ ക്ലിനിക്കും പല സ്ഥലങ്ങളിലായി നടത്തുന്നു.

### ബഥനി സന്യാസ സമൂഹാദ്ധ്യക്ഷന്മാർ

| | |
|---|---|
| ഫാ. പി.റ്റി. ഗീവർഗീസ് പണിക്കരുവീട്ടിൽ ഒ.ഐ.സി. | (1919 - 1948) |
| ഫാ. ജോൺ കുഴിമേപ്പുറത്ത് ഒ.ഐ.സി. | (1948 - 1949) |
| ഫാ. ജോഷ്വാ താവളത്തിൽ ഒ.ഐ.സി. | (1949 - 1951) |
| ഫാ. പീറ്റർ കോഴിമണ്ണിൽ ഒ.ഐ.സി. | (1953 - 1959) |
| ഫാ. ജോഷ്വാ താവളത്തിൽ ഒ.ഐ.സി. | (1959 - 1965) |
| ഫാ. ജേക്കബ് പെരുമ്പ്രാൽ ഒ.ഐ.സി. | (1965 - 1974) |
| ഫാ. സിറിൽ മലഞ്ചരുവിൽ ഒ.ഐ.സി. | (1974 - 1978) |
| ഫാ. ജേക്കബ് പെരുമ്പ്രാൽ ഒ.ഐ.സി. | (1978 - 1980) |
| ഫാ. ജോൺ ബർക്കുമൻസ് ഒ.ഐ.സി. | (1980 - 1986) |
| ഫാ. ലൂയിസ് മൂലവീട്ടിൽ ഒ.ഐ.സി. | (1986 - 1991) |
| ഫാ. ഡൊമനിക് ഒടാലിൽ ഒ.ഐ.സി. | (1991 - 1992) |
| ഫാ. ജെറോം പീടികപ്പറമ്പിൽ ഒ.ഐ.സി. | (1992 - 1998) |
| ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. | (1998 - 2009) |
| ഫാ. ജോസ് മരിയദാസ് പടിപ്പുരക്കൽ ഒ.ഐ.സി. | (2009 - 2015) |
| ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി. | (2015 - ) |

### ബഥനി ആശ്രമത്തിന്റെ പ്രവർത്തന കേന്ദ്രങ്ങൾ

| | | |
|---|---|---|
| 1. | ധ്യാനകേന്ദ്രങ്ങൾ | 7 |
| 2. | സ്കൂളുകൾ | 22 |
| 3. | കോളേജുകൾ | 8 |
| 4. | ഐ.റ്റി.ഐ./ഐ.റ്റി.സി. | 3 |
| 5. | തൊഴിൽ പരിശീലന കേന്ദ്രം | 4 |
| 6. | ബോർഡിംഗുകൾ | 8 |
| 7. | ഓർഫനേജ് | 2 |
| 8. | ബോയിസ് ഹോം | 2 |
| 9. | സ്പെഷ്യൽ സ്കൂൾ | 1 |
| 10. | ആതുരശുശ്രൂഷ കേന്ദ്രം | 8 |
| 11. | പുനരധിവാസ കേന്ദ്രം | 1 |
| 12. | വൃദ്ധമന്ദിരം | 4 |
| 13. | യോഗ സെന്റർ | 1 |
| 14. | പ്രിന്റിംഗ് പ്രസ്സ് | 3 |
| 15. | ബുക്ക് സെന്റർ | 5 |
| 16. | സമ്പർക്ക മാദ്ധ്യമകേന്ദ്രം | 3 |

### കാലോചിതമായ സമ്പർക്കമാദ്ധ്യമ പ്രേഷിതത്വം

കഴിഞ്ഞ കാലഘട്ടത്തിൽ ബഥനിസമൂഹം മുദ്രാലയ പ്രേഷിതരംഗത്തും പ്രശംസനീയമായ രീതിയിൽ കടന്നുവന്നിട്ടുണ്ട്. ആധുനിക രീതിയിലുള്ള പ്രിന്റിംഗ് പ്രസ്സുകൾ നടത്തുന്നു. ബഥനി പബ്ലിക്കേഷൻസിലൂടെ ധാരാളം നല്ല ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ച് ജനങ്ങളെ ആദ്ധ്യാത്മികമായി ഉണർത്തുവാൻ ശ്രമിക്കുന്നു. വിവിധ സ്ഥലങ്ങളിൽ, ആരംഭിച്ചിട്ടുള്ള ബുക്ക് സെന്റേഴ്സ് ഇത്തരം പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നു.

### ഉന്നതമായ സന്യാസവൈദിക പരിശീലനം

പൊന്തിഫിക്കൽ പദവി കൈവന്നശേഷം സമൂഹത്തിലേക്കുള്ള ദൈവവിളി പ്രോത്സാഹനം, സന്യാസവൈദികപരിശീലനം എന്നീ അടിസ്ഥാന കാര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധയും പ്രാധാന്യവും നല്കിയിട്ടുണ്ട്. 1977 ൽ ആലുവായിൽ അശോകപുരത്ത് 35 ഏക്കർ സ്ഥലം വാങ്ങി അവിടെ സമൂഹത്തിന്റെ നവസന്യാസപരിശീലനകേന്ദ്രം സ്ഥാപിച്ചു. 1955 ൽ പൂനയിൽ ആരംഭിച്ച പഠനഗൃഹത്തോടുചേർന്ന് പൗരസ്ത്യ ദൈവശാസ്ത്രപരിപോഷണത്തിനായി പൂനെ ജ്ഞാനദീപ വിദ്യാപീഠത്തിന്റെ കീഴിൽ ബഥനി വേദ വിജ്ഞാനപീഠം (BVP) എന്ന പേരിൽ ഒരു ദൈവശാസ്ത്ര ഫാക്കൽറ്റി ആരംഭിച്ചു. ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും പോയി വിവിധ വിഷയങ്ങളിൽ ഉപരിപഠനം നടത്തിവന്ന വൈദികർ സമൂഹത്തിന്റെ വിവിധ പരിശീലന പദ്ധതികൾക്കും കേന്ദ്രങ്ങൾക്കും നേതൃത്വം നല്കുന്നു. മറ്റു സെമിനാരികളിലും പരിശീലനകേന്ദ്രങ്ങളിലും പഠിപ്പിക്കുന്ന വൈദികരുടെ സംഖ്യ വർദ്ധിച്ചു വരുന്നു. അതുപോലെ സുവിശേഷ പ്രഘോഷകരുടെയും

ധ്യാനഗുരുക്കന്മാരുടെയും നല്ലൊരു നിര സമൂഹത്തിനുണ്ട്.

വത്തിക്കാൻ കൗൺസിലിനുശേഷമുള്ള ഈ കാലയളവിനെ ബഥനി സമൂഹത്തിന്റെ ഭരണപരമായ കെട്ടുറപ്പിന്റെയും വലിയ വളർച്ചയുടെയും ഒരു കാലഘട്ടമായി കണക്കാക്കാം. 1969 ൽ സമൂഹത്തിന്റെ സുവർണ്ണ ജൂബിലിയും 1994 ൽ പ്ലാറ്റിനം ജൂബിലിയും ആഘോഷിച്ചു.

## 4. പ്രോവിൻസ് ഭരണസംവിധാനം

### രണ്ടു പ്രോവിൻസുകൾ

സമൂഹം ഏറ്റെടുത്തിരിക്കുന്ന അപ്പസ്തോലികപ്രവർത്തന ശുശ്രൂഷാരംഗങ്ങളെല്ലാം കാര്യക്ഷമമായി വളർത്തിയെടുക്കുന്നതിനും, പുതിയ പദ്ധതികൾ കാലോചിതമായും ഓരോ പ്രദേശത്തിനനുസരിച്ചും ആരംഭിക്കുന്നതിനും ഭരണസൗകര്യാർത്ഥമുള്ള വിഭജനം ആവശ്യമാണെന്ന് ബഥനി സമൂഹാംഗങ്ങൾ മനസ്സിലാക്കി. 1998 ൽ കോട്ടയം ജനറലേറ്റിൽ സമ്മേളിച്ച ജനറൽ സിനാക്സിസ് സമൂഹത്തിൽ രണ്ടു പ്രോവിൻസുകൾ രൂപീകരിക്കുവാനുള്ള ഔദ്യോഗിക തീരുമാനം കൈക്കൊള്ളുകയും, 2000 മെയ് 24-ാം തീയതി ബഥനി നവജീവൻ പ്രോവിൻസും, ബഥനി നവജ്യോതി പ്രോവിൻസും നിലവിൽ വരികയും ചെയ്തു. ബഥനി നവജീവൻ പ്രോവിൻസിന്റെ ആസ്ഥാനം നാലാഞ്ചിറയിലും, ബഥനി നവജ്യോതി പ്രോവിൻസിന്റെ ആസ്ഥാനം ആലുവയ്ക്കടുത്തുള്ള ദേശം എന്ന സ്ഥലത്തുമാണ്. ഫാ. മാത്യു തിരുവാലിൽ ഒ.ഐ.സി.യും ഫാ. മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി.യും യഥാക്രമം രണ്ടു പ്രോവിൻസുകളുടെയും പ്രൊവിൻഷ്യൽ സുപ്പീരിയർമാരായി ഇപ്പോൾ പ്രവർത്തിക്കുന്നു. ബഥനി സമൂഹത്തിന്റെ ചരിത്രത്തിലെ മറ്റൊരു നിർണ്ണായകരവും ക്രിയാത്മകവുമായ വഴിത്തിരിവായിരുന്നു പ്രോവിൻസ് രൂപീകരണം. ദൈവവിളി വർദ്ധനവിനും ഓരോ പ്രോവിൻസിനും ഏല്പിക്കപ്പെട്ട പ്രദേശങ്ങളിൽ വർദ്ധിതമായ രീതിയിൽ സുവിശേഷപ്രചരണം നടത്തുന്നതിനും പുതിയ ഭരണസംവിധാനം സഹായകമായിട്ടുണ്ട്.

### വ്യാപകമായ മിഷൻ പ്രവർത്തനങ്ങൾ

2009 ൽ ബഥനി സന്യാസസമൂഹം ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ഒരു ദരിദ്ര രാജ്യമായ എത്യോപ്യയിലേക്ക് സാർവ്വത്രികസഭയുടെ ആവശ്യം കണക്കിലെടുത്ത് മിഷൻ പ്രവർത്തനത്തിനായി കടന്നുചെന്നു. ഇന്നവിടെ 3 സ്ഥലങ്ങളിലായി ആശ്രമങ്ങൾ സ്ഥാപിച്ച് 6 വൈദികർ സഭാശുശ്രൂഷകളിലും സാമൂഹ്യസേവന പ്രവർത്തനങ്ങളിലും വ്യാപൃതരായിരിക്കുന്നു. അവിടുത്തെ ഭാഷകൾ പഠിച്ച് ഇടവക ശുശ്രൂഷകൾ നടത്തുക, ആളുകളെ കത്തോലിക്കാസഭയിൽ ചേർക്കുക, അവർക്ക് പ്രാഥമിക വിദ്യാഭ്യാസം നല്കുക, അവരെ കൃഷിയും മറ്റു തൊഴിലുകളും പഠിപ്പിക്കുക മുതലായ പ്രവർത്തനങ്ങളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. കോപ്റ്റിക് ആരാധനക്രമം അനുഷ്ഠിക്കുന്ന എംഡിമ്പിർ രൂപതയിലും റോമൻ ആരാധനക്രമം അനുഷ്ഠിക്കുന്ന നെകംതേ രൂപതയിലുമാണ് ആശ്രമസ്ഥർ പ്രേഷിതവേല ചെയ്യുന്നത്.

മലങ്കര കത്തോലിക്കാസഭ പുതിയ മിഷൻ ഉണർവ്വോടുകൂടി ഭാരതത്തിന്റെ വടക്കുകിഴക്കൻ പ്രദേശങ്ങളിലെത്തിയപ്പോൾ ബഥനി ആശ്രമസ്ഥരും അതിൽ പങ്കുചേർന്നു വരികയാണ്. ഒറീസാ, ആസ്സാം, അരുണാചൽപ്രദേശ്, ത്രിപുര, പഞ്ചാബ് എന്നിവിടങ്ങളിൽ യുവആശ്രമസ്ഥർ അജപാലനശുശ്രൂഷകളിൽ വ്യാപൃതരായിക്കഴിഞ്ഞു. പ്രോവിൻസ് രൂപീകരണശേഷമുള്ള ഈ കാലയളവിൽ വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യക്ഷേമം എന്നീ മേഖലകളിലും വളരെ പ്രകടമായ വളർച്ച സമൂഹം കൈവരിച്ചുകൊണ്ടിരിക്കുന്നു.

### ഉപസംഹാരം

ചരിത്രത്തിൽ ഒരു നൂറ്റാണ്ടു പിന്നിടുന്ന ബഥനി സന്യാസ സമൂഹത്തിന് രണ്ടു പ്രോവിൻസുകളിലായി ഭാരതത്തിലും ഭാരതത്തിനു പുറത്തും 56 ആശ്രമങ്ങളും, 2 മെത്രാന്മാരും, 207 വൈദികരും, 7 സന്യാസസഹോദരന്മാരും വിവിധ പരിശീലനഘട്ടങ്ങളിലായി 85 വൈദിക വിദ്യാർത്ഥികളുമുണ്ട്. പെ.ബഹു. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി. അച്ചനാണ് ഇപ്പോഴത്തെ സുപ്പീരിയർ ജനറൽ. ദൈവത്തിന്റെ പ്രത്യേക പരിപാലനയിൽ സമൂഹം ഇന്ന് വളർച്ചയുടെ പാതയിലാണ്.

ബഥനി സന്യാസസമൂഹത്തിന്റെ സിദ്ധിയും ദൗത്യവും അനന്യമാണ്, അതിപ്രധാനവുമാണ്. ആർഷഭാരത സന്യാസചൈതന്യം ഉൾക്കൊണ്ടുള്ള പൗരസ്ത്യ ക്രിസ്തീയ സന്യാസജീവിതമാണ് മാർ ഈവാനിയോസ് പിതാവ് ബഥനിക്കു നല്കിയ പൈതൃകം. ജനങ്ങൾ ഇന്നും ബഥനി ആശ്രമങ്ങളിൽനിന്നും ബഥനി ആശ്രമസ്ഥരിൽ നിന്നും പ്രതീക്ഷിക്കുന്നതും ഇതുതന്നെയാണ്. ഈ അടിസ്ഥാനത്തിന്മേലാണ് വളർച്ചയുടെ സൗധങ്ങൾ പടുത്തുയർത്തേണ്ടത്. ബഥനി ആശ്രമസ്ഥർ ഏതു കാലയളവിൽ ജീവിച്ചാലും, ഏതുമേഖലയിൽ പ്രവർത്തിച്ചാലും, ഏതു സ്ഥലത്തായിരുന്നാലും ബഥനി ആശ്രമത്തിന്റെ അതുല്യമായ സ്വത്വം കാത്തുസൂക്ഷിക്കാൻ കടപ്പെട്ടവരാണ്. അപ്പോൾ ആത്മദാഹം പൂണ്ട ദൈവജനത്തിന് ബഥനി ആശ്രമങ്ങൾ തീർത്ഥാടക കേന്ദ്രങ്ങളായി എന്നും നിലനില്ക്കും.

# പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ ചരിത്രവും ചിന്തകളും



**റവ. ഫാ. ചെറിയാൻ ജേക്കബ് മൈലക്കാലിൽ**
വികാരി, സെന്റ് തോമസ് ഓർത്തഡോക്സ്പള്ളി, ഇരവിപേരൂർ

എല്ലാ തലമുറകളും ഭാഗ്യവതി എന്ന് വാഴ്ത്തുന്ന പരിശുദ്ധ ദൈവമാതാവിന്റെ ജനനപെരുന്നാൾ നാം സെപ്റ്റംബർ 1 മുതൽ 8 വരെ ആചരിക്കുകയാണല്ലോ. വിശുദ്ധരുടെ ഓർമ്മപ്പെരുന്നാൾ മാത്രം ആചരിക്കുന്ന പതിവാണ് സഭയിലുള്ളതെങ്കിലും വി. കന്യകമറിയാമിന്റെ ജനനപ്പെരുന്നാളും എട്ട് ദിവസത്തെ നോമ്പോടു കൂടി മലങ്കരയിൽ ആചരിച്ചു വരുന്നു. ഏവരും അമ്മയുടെ സ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന വി. കന്യകമറിയാമിനെ ''മാതാവ്'' എന്നു വിളിക്കുന്നതിനാണ് നാനാജാതിമതസ്ഥ രായ ആളുകൾ ഇഷ്ടപ്പെടുന്നത്. കാനായിലെ വീഞ്ഞിന്റെ കുറവിനെ ഇല്ലാതാക്കുന്നതിന് പുത്രനോട് പറയുന്നതും, ഏവരും ഓടിപ്പോയപ്പോഴും തന്റെ പുത്രന്റെ കുരിശിന്റെ ചുവട്ടിൽ മരണസമയത്ത് ഒപ്പം നിന്നതും ഈ അമ്മ മാത്രമാണ്. അതുകൊണ്ട് ''മാതാവേ ഞങ്ങളുടെ മരണസമയത്തും, തമ്പുരാനോട് അപേക്ഷിക്കണമേ'' എന്നു നമുക്ക് പ്രാർത്ഥിക്കാം.

**വി. കന്യകമറിയാമിന്റെ ജനനം**

വി. വേദപുസ്തകത്തിൽ കന്യകമറിയാമിന്റെ ജനനത്തെക്കുറിച്ച് ഒന്നും പരാമർശിച്ചിട്ടില്ല. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട അപ്പോക്രിഫൽ ഗ്രന്ഥമായ വി. യാക്കോബ് എഴുതിയ സുവിശേഷത്തിലാണ് മറിയാമിന്റെ ജനനത്തെക്കുറിച്ചുള്ള ആദ്യപരാമർശം. എ.ഡി. 401 ൽ ദനഹൊ എന്ന



സുറിയാനിപിതാവും അതിനുമുമ്പ് പലരും ദൈവമാതാവിന്റെ ജീവചരിത്രരചന നടത്തിയിട്ടുണ്ട്. പാരമ്പര്യമായി സെപ്റ്റംബർ 8-ാം തീയതിയാണ് ജനനപ്പെരുന്നാൾ ദിനമായി ആചരിക്കുന്നത്. നസ്രേത്തിൽ യുയാക്കീം-ഹന്ന ദമ്പതികളുടെ ദീർഘനാളത്തെ പ്രാർത്ഥനയുടെയും നേർച്ചയുടെയും ഫലമായി ജനിച്ചതാണ് മറിയം. ദൈവത്തോടുള്ള നേർച്ചയിൻപ്രകാരം ബാല്യത്തിൽ ദൈവാലയത്തിൽ സമർപ്പിക്കുകയും പുരോഹിതന്മാരുടെ സംരക്ഷണയിൽ വളർത്തപ്പെടുകയും ചെയ്തു. പരിശുദ്ധ ദൈവമാതാവിന്റെ പെരുന്നാളിൽ ഉപയോഗിക്കുന്ന ഗീതത്തിൽ ''ദാവീദാത്മജ മറിയാമേ നിന്നെ ആചാര്യർ പോറ്റി, താരുണ്യേ സിദ്ധൻ-യൗസേപ്പിന്നേകി എന്ന് ചൊല്ലുന്നു.

ഖുറാനിൽ ഏറ്റവും കൂടുതൽ പ്രാവശ്യം പേര് പരാമർശിക്കപ്പെടുന്ന ഏക സ്ത്രീ വി. കന്യകമറിയമാണ്. വി. ഖുറാനിലെ മൂന്നാം സൂറത്തിൽ മറിയമിന്റെ ജനനത്തെക്കുറിച്ച് പരാമർശമുണ്ട്. ഇതിൽ പിതാവിന്റെ പേര് ഇംറാൻ എന്നും മാതാവിന്റേത് ഹന്നാ എന്നുമാണ്. മൂന്നാം അദ്ധ്യായത്തിന്റെ പേർതന്നെ ഇംറാന്റെ കുടുംബം എന്നാണ്. വൃദ്ധദമ്പതികളായ ഇംറാനും ഹന്നായും ഒരു കുഞ്ഞിനായി ദൈവത്തോട് പ്രാർത്ഥിക്കുന്നു (3:35,36,37). സാത്താൻ തൊടാത്ത ഒരു കുഞ്ഞായി മറിയം ജനിക്കുന്നു. 19:28 ഹാറൂന്റെ സഹോദരി എന്നാണ് മറിയമിനെ വിളിക്കുന്നത്. മറിയമിനോടുള്ള ആദരസൂചകമായ് ''മറിയം ഉം ഈസ മസ്ജിദ്'' എന്ന പേരിൽ ഒരു മസ്ജിദ് അബുദാബിയിൽ പുതുതായി നിർമ്മിച്ചിട്ടുണ്ട്.

**ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ**

യേശുക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ മാത്രമാണ് സഭ ആഘോഷിച്ചിരുന്നത്. എന്നാൽ മാതാവിന്റെ ജനനപ്പെരുന്നാളിനെ സംബന്ധിച്ച് ആറാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു ഗീതത്തിൽ ചില പരാമർശം ഉള്ളതായി കാണുന്നു. എ.ഡി. 451 ലെ എഫേസൂസ് സുന്നഹദോസിനുശേഷം സിറിയയിലോ, പാലസ്തീനിലോ ആണ് ഇത് ആരംഭിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു.

**മലങ്കരയിൽ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ**

എട്ടുനോമ്പിലെ പ്രസംഗങ്ങൾ അടങ്ങിയ ''ഭാഗ്യനിക്ഷേപം'' എന്ന മാർ ആദായി സ്റ്റഡി സെന്റർ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ അന്ത്യോഖ്യൻ സുറിയാനിസഭയിലെ ആർച്ചുബിഷപ്പ് ആമിത്തെ

മോർ ക്രിസോസ്റ്റമോസ് മോശെ സലാമ മലങ്കരസഭയിൽ ദൈവമാതാവിന്റെ ജനനപ്പെരുന്നാളിന്റെ ഉത്ഭവത്തെക്കുറിച്ച് ചില നിഗമനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ശീമയിലെ സുറിയാനി സഭ വളരെ നൂറ്റാണ്ടുകൾക്കുമുമ്പേ ആചരിച്ചു വന്നിരുന്നതും, പിൽക്കാലത്ത് മലങ്കരസഭയിലെ ചില പള്ളികളൊഴിച്ച് എല്ലാവരും മറന്നുപോയിട്ടുള്ളതുമായ ഒരു നോമ്പാണിത്. ദൈവമാതാവിന്റെ കൂടെ ഉണ്ടായിരുന്ന സ്ത്രീകൾ ഒരു പ്രത്യേക നോമ്പ് ആചരിച്ചിരുന്നു എന്നാണ് സുറിയാനിസഭയുടെ പാരമ്പര്യം. ഒരുപക്ഷേ മറിയാമിന്റെ ജനനത്തിനായി, മാതാപിതാക്കളായ യൊവാക്കീമും ഹന്നയും ആചരിച്ചുവെന്നു പറയുന്ന നോമ്പായിരിക്കാം സുറിയാനിചരിത്രത്തിൽ സ്ത്രീകളുടെ നോമ്പ് എന്നറിയപ്പെടുന്ന ഈ നോമ്പ്. ഇദ്ദേഹത്തിന്റെ നിഗമനപ്രകാരം ഈ നോമ്പിന്റെയും പെരുന്നാളിന്റെയും ഉത്ഭവം ഇറാക്കിലാണ്. ഇറാക്കിലെ ഹിർത്തോ പട്ടണം (ഇപ്പോഴത്തെ ബസ്രാ) ക്രൈസ്തവ കേന്ദ്രമായിരുന്നു. അവിടെയുള്ള സുന്ദരികളായ കന്യകമാരെ പിടിച്ചുകെട്ടി കൊസ്രക രാജാവിന്റെ സന്നിധിയിൽ കൊണ്ടുവരുവാൻ നാടുവാഴികളുടെ കല്പന വന്നു. ഇതറിഞ്ഞ ക്രിസ്ത്യാനികൾ പള്ളിയിൽ ഒരുമിച്ചുകൂടി ഉപവസിക്കുകയും നോമ്പനുഷ്ഠിക്കുകയും, വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും ചെയ്തു. സമാപന ദിവസത്തിൽ രാജാവ് മരിച്ചുവെന്ന് അവിടുത്തെ എപ്പിസ്കോപ്പായ്ക്ക് വെളിപാടുണ്ടായി. പിറ്റേ ദിവസം അത് സത്യമാണെന്ന് അറിഞ്ഞു. അങ്ങനെ അവിടെയുള്ള ദേശങ്ങളിൽ നോമ്പും, പരി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥതയും ആചരിക്കുവാൻ തുടങ്ങി. എന്നാൽ വളരെ വർഷങ്ങൾക്കുശേഷം ഹിർത്തോ പട്ടണം നശിക്കുകയും ക്രിസ്ത്യാനികൾ കൊല്ലപ്പെടുകയും ചെയ്തപ്പോൾ ആ നോമ്പ് നിന്നുപോയി. വിവിധ കാലഘട്ടങ്ങളിൽ കേരളത്തിലേക്ക് കുടിയേറ്റങ്ങളുണ്ടായതായി നാം ചരിത്രത്തിൽ കാണുന്നുണ്ടല്ലോ. നാലാം നൂറ്റാണ്ടിൽ ഉറഹായിൽ നിന്ന് ക്നാനായക്കാരും, എട്ടാം നൂറ്റാണ്ടിൽ ഇറാക്കിൽനിന്ന് വേറൊരു സംഘവും വന്നിട്ടുണ്ടെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. ഈ രണ്ട് സംഘങ്ങൾവഴിയായി, ഈ നോമ്പും വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാളും മലങ്കരയിൽ പ്രചാരത്തിൽ വന്നു എന്ന് അനുമാനിക്കാം.

മലങ്കരസഭയിൽ മദ്ധ്യതിരുവിതാംകൂറിലും തെക്കോട്ടുള്ള പ്രദേശങ്ങളിലുമാണ് ഈ നോമ്പും, പെരുന്നാളും കൂടുതലായി ഇപ്പോൾ പ്രചാരത്തിലുള്ളത്. വടക്കൻപ്രദേശങ്ങളിലെ ചുരുക്കം ചില ദൈവാലയങ്ങളിൽ മാത്രമാണ് ഈ പെരുന്നാൾ ആഘോഷിക്കുന്നത്.

വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സുറിയാനി പാരമ്പര്യത്തിലുള്ള പെരുന്നാളുകൾ

വിശുദ്ധരുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ പെരുന്നാൾ നടത്തപ്പെടുന്നത് വി. ദൈവമാതാവിന്റെ നാമത്തിലാണ്. ഈ പെരുന്നാളുകളെ മൂന്ന് തരത്തിലാണ് സുറിയാനിസഭ ക്രമീകരിച്ചിരിക്കുന്നത്.

**ഒന്നാമത്തെ ഗണത്തിൽ വരുന്നത്**

1. മാർച്ച് 25 വചനിപ്പു പെരുന്നാൾ

**രണ്ടാമത്തെ ഗണത്തിൽ വരുന്നത്**

2. ആഗസ്റ്റ് 15 ശൂനോയോ പെരുന്നാൾ

**മൂന്നാമത്തെ ഗണത്തിൽ വരുന്നത്**

3. ജനുവരി 15 വിത്തുകൾക്കുവേണ്ടി ദൈവമാതാവിന്റെ പെരുന്നാൾ
4. മെയ് 15 കതിരുകൾക്കുവേണ്ടി ദൈവമാതാവിന്റെ പെരുന്നാൾ
5. ജൂൺ 15 ദൈവമാതാവിന്റെ നാമത്തിൽ ആദ്യം പള്ളി സ്ഥാപിച്ചതിന്റെ പെരുന്നാൾ
6. സെപ്റ്റംബർ 8 ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ
7. നവംബർ 21 ദൈവമാതാവിന്റെ ദേവാലയപ്രവേശന പെരുന്നാൾ
8. ഡിസംബർ 8 – അമലോത്ഭവ തിരുന്നാൾ
9. ഡിസംബർ 26 ദൈവമാതാവിന്റെ പുകഴ്ച പെരുന്നാൾ

ഇതു കൂടാതെ സെപ്റ്റംബർ 9 ദൈവമാതാവിന്റെ മാതാപിതാക്കളായ യൊവാക്കീമിന്റെയും ഹന്നായുടെയും ഓർമ്മപെരുന്നാളും ആഘോഷിക്കുന്ന പതിവുണ്ട്.

**വി. ദൈവമാതാവിന്റെ ജനനവും ബാല്യവും നൽകുന്ന ചിന്തകൾ**

നമ്മുടെ കർത്താവിന്റെ അമ്മ എന്നു പറയുമ്പോൾതന്നെ, ഒരു സാധാരണ മനുഷ്യന്റെ ജീവിതസാഹചര്യങ്ങളിലൂടെ, ഒരുപക്ഷെ അതിനേക്കാൾ നീറുന്ന അനുഭവങ്ങളിലൂടെ പൈതൽപ്രായത്തിൽതന്നെ സഞ്ചരിച്ച വ്യക്തിത്വമാണ് വിശുദ്ധ കന്യകമറിയം. വിശുദ്ധ ദൈവമാതാവിന്റെ ജനനം നൽകുന്ന രണ്ട് ചിന്തകൾ ചുവടെ ചേർക്കുന്നു.

**1. പ്രായത്തിൽ കവിഞ്ഞ പക്വത നേടിയ വി. മറിയം**

യെരുശലേം ദൈവാലയം പണിയുന്നതിനുമുമ്പ് മുതൽതന്നെ ഇസ്രയേൽമക്കളുടെ ഇടയിലുള്ള ഒരു സമ്പ്രദായമായിരുന്നു പൈതങ്ങളെ ദൈവസന്നിധിയിൽ സമർപ്പിക്കുക എന്നത്. വിധവമാരും വൃദ്ധരായ ആളുകളും ഇപ്രകാരം ദേവാലയത്തിൽ താമസിച്ചിരുന്നുവെന്ന് വി. വേദപുസ്തകം സാക്ഷിക്കുന്നു. ശീലോവിലുള്ള ആലയത്തിൽ ബാലനായ ശമുവേലും (1 ശമുവേൽ 1:24) യെരുശലേം ദൈവാലയത്തിൽ ശീമോനും ഹന്നായും (ലൂക്കോസ് 2:36,37) ദീർഘനാളുകളായി താമസിച്ചത് നാം വായിക്കുന്നുണ്ടല്ലോ. വൃദ്ധദമ്പതികളായ യൊവാക്കീമും ഹന്നയും തങ്ങൾക്ക് കുഞ്ഞുങ്ങളെ ലഭിക്കുമ്പോൾ ദൈവസന്നിധിയിൽ സമർപ്പിക്കാം എന്നു നേർന്നിരുന്നു. അങ്ങനെ മറിയം എന്ന ബാലികയും ദൈവാലയത്തിൽ സമർപ്പിക്കപ്പെട്ടു. ഇവിടെ പ്രസക്തമായ ഒരു കാര്യം മാതാപിതാക്കൾ നേർന്ന നേർച്ചയ്ക്കു മക്കൾക്കെന്ത് ഉത്തരവാദിത്വം? മറ്റു പൈതങ്ങളെപ്പോലെ കുടുംബത്തിൽ മാതാപിതാക്കളോടൊപ്പം ജീവിക്കുന്നതിന് അവർക്ക് അവകാശവും ആഗ്രഹവുമില്ലേ. തന്റെ അനുവാദം പോലും ചോദിക്കാതെ, താൻ ഉരുവാകുന്നതിനും മുമ്പെ നേർന്ന ഒരു നേർച്ചയുടെ പേരിൽ തന്റെ ജീവിതം എന്തിന് ഹോമിക്കണം. ഇത് ഇന്നത്തെ തലമുറയിൽ തീർച്ചയായും ചോദിക്കാവുന്നതും, ആധുനിക നിയമങ്ങൾ ഈ ചോദ്യങ്ങളെ സാധൂകരിക്കുന്നതുമാണ്. കല്യാണപ്രായമായിട്ടും

വിവാഹത്തിനു സമ്മതിക്കാത്ത പെൺകുട്ടിയോട് ഒരിക്കൽ മാതാപിതാക്കൾ, ഇത്രയും നാൾ നിങ്ങൾക്കുവേണ്ടിയല്ലേ ജീവിച്ചതെന്നും, ഞങ്ങൾക്കും ആഗ്രഹങ്ങളില്ലേ ഏവരെയും പോലെ എന്നു ചോദിച്ചപ്പോൾ, നിങ്ങളുടെ ആഗ്രഹങ്ങൾക്കുവേണ്ടി എന്റെ ജീവിതം ഇല്ലാതാക്കാൻ ഞാൻ തയ്യാറല്ല എന്നു മറുപടി പറഞ്ഞത് ഇവിടെ ഓർമിക്കുന്നു. എന്നാൽ ഇവിടെയാണ് മറിയം എന്ന ബാലിക താൻ ജനിക്കുന്നതിനുമുമ്പ് ദൈവവുമായി തന്റെ മാതാപിതാക്കൾ നടത്തിയ ഉടമ്പടിയോട് ചേർന്ന് പോകുന്നതിന്റെ പ്രസക്തി നാം മനസ്സിലാക്കേണ്ടത്. പിതാവുണ്ടാക്കിയ ബലിപീഠത്തിൽ കെട്ടപെട്ട് ബലിയായിത്തീരാൻ കത്തിയുടെ മുമ്പിൽ കിടന്ന ഇസഹാക്കും (ഉല്പത്തി 22:9), യാതൊരു വൈമനസ്യവും കാട്ടാതെ പിതാവിന്റെ നേർച്ച നടപ്പാക്കാൻ ബലിയായ ജഫ്തായുടെ മകളും (ന്യായാധിപന്മാർ 11:36) നമ്മുടെ മുമ്പിൽ ഇതിനുദാഹരണങ്ങളാണ്. ആത്മീയ പക്വത ആർജ്ജിച്ചവർക്കുമാത്രമേ ഇതിനു കഴിയൂ. ഇസഹാക്കിലും, ശമുവേലിലും, ജഫ്തായുടെ മകളിലും വിശുദ്ധ കന്യകമറിയാമിലും പ്രായത്തിൽ കവിഞ്ഞ പക്വത പ്രകടമാണ്.

ഒരു ശിശു അമ്മയുടെ ഉദരത്തിലായിരിക്കുമ്പോൾതന്നെ ഭാവിയിൽ ആരാകണമെന്ന് ചിന്തിക്കുന്നവരും, അതിനായി പരിശ്രമിക്കുന്നവരുമാണ് നാം. ലോകത്തിന്റെ ഉന്നതസ്ഥാനമാനങ്ങളേക്കാൾ ദൈവപൈതലാകണമെന്ന ആഗ്രഹവും, അതിനുള്ള പ്രാർത്ഥനയുമാകുമ്പോൾ ഉദരത്തിൽവച്ചുതന്നെ കുഞ്ഞുങ്ങളെ അത് സ്വാധീനിക്കുന്നു. അവർ ജനിച്ചു കഴിഞ്ഞ ശേഷവും അത് തുടരുന്നു. അതിനുദാഹരണമാണല്ലോ ബാലിക ആയിരിക്കുമ്പോൾതന്നെ ഗബ്രിയേൽദൂതന്റെ അറിയിപ്പ് പ്രായത്തിൽ കവിഞ്ഞ പക്വതയോടെ മറിയം സ്വീകരിക്കുന്നതും (ലൂക്ക 1:38) തന്റെ പ്രിയ പുത്രന്റെ പരസ്യ ശുശ്രൂഷാവേളയിലും, പീഡാനുഭവത്തിലും, കുരിശുമരണത്തിലുമെല്ലാം സമചിത്തതയോടെ എല്ലാം ഉള്ളിൽ സംഗ്രഹിച്ചുകൊണ്ട് നില്ക്കാൻ കഴിഞ്ഞത്. ഇന്ന് പ്രായവും വിദ്യാഭ്യാസവും ഉണ്ടെങ്കിലും പക്വത ഇല്ലാത്ത ഒരു സമൂഹം ശക്തിപ്പെടുകയാണ്. എവിടെ എങ്ങനെ പെരുമാറണം, ചിന്തിക്കണം എന്നുപോലും അറിയാത്ത അവസ്ഥ. കുടുംബബന്ധങ്ങളുടെ ശിഥിലീകരണത്തിന് പക്വതയില്ലായ്മ ഒരു പ്രധാന കാരണമാണ്. ആയതിനാൽ മക്കളെക്കുറിച്ചുള്ള മാതാപിതാക്കളുടെ ആഗ്രഹങ്ങൾ സഫലമാകുവാൻ അവർ ഉദരത്തിലായിരിക്കുമ്പോൾ മുതൽ ദൈവവിചാരത്തിൽ കഴിയണം. അപ്പോൾ ''ഉദരഫലം അനുഗ്രഹിക്കപ്പെട്ടതാകും''

### 2. ശുശ്രൂഷയിലൂടെ ജീവിതം മനോഹരമാക്കാൻ ശീലിച്ച വി. മറിയം

ഇസ്രയേൽ ജനതയുടെ രീതി അനുസരിച്ച് ദൈവത്തിനായി സമർപ്പിക്കപ്പെട്ട പൈതങ്ങൾ മുലകുടി മാറി മൂന്നു വയസ്സാകുമ്പോഴേക്കും ദൈവാലയത്തിൽ സമർപ്പിക്കപ്പെടണം. ദൈവാലയ പുരോഹിതരുടെ സംരക്ഷണയിലും, പരിശീലനത്തിലുമാണ് യൗവ്വനകാലംവരെയുള്ള ജീവിതം. വി. മാതാവുമായി ബന്ധപ്പെട്ട ആരാധനഗീതത്തിൽ ''ദൈവത്തിന്റെ വൈദികന്മാർ ആദരവോടെ കാഴ്ചയപ്പം തന്നു നിന്നെ പള്ളിയിൽ പോറ്റി'' എന്നു ചൊല്ലുന്നതിൽനിന്നും ഇതു വ്യക്തമാകുന്നു. ഏലി പുരോഹിതനൊപ്പം ശീലോവിലെ ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യുന്ന ബാലനായ ശമുവേലിനെ (1 ശമുവേൽ 2:18) നാം കാണുന്നുണ്ടല്ലോ. ദൈവാലയത്തിലെ അനുദിന പ്രാർത്ഥനകളിൽ സംബന്ധിക്കുക, അവിടെയുള്ള വൃദ്ധരായ ആളുകളെ ശുശ്രൂഷിക്കുക, ആലയത്തിലേക്കാവശ്യമായ തുണികൾ നെയ്യുക മുതലായവയിലേക്കുള്ള പരിശീലനം ബാലികയായ വി. മറിയത്തിനും ലഭിച്ചിരുന്നു. ദൈവാലയത്തിൽ നിന്നും ലഭിച്ച ശുശ്രൂഷാ മനോഭാവവും, പരിശീലനങ്ങളും പിന്നീടുള്ള ജീവിതത്തിലും വി. മറിയം നിലനിർത്തിയിരുന്നു എന്നുള്ളത് സുവിശേഷ ഭാഗത്തുനിന്നും വ്യക്തമാകുന്നു. ചാർച്ചക്കാരി ഏലിശുബ വാർദ്ധക്യത്തിൽ ഗർഭിണി ആണെന്നറിഞ്ഞപ്പോൾ ആരും ആവശ്യപ്പെടാതെതന്നെ ആ ഭവനത്തിൽ ചെന്ന് ഏലിശുബായുടെ പ്രസവകാലംവരെ ശുശ്രൂഷ ചെയ്തതും (ലൂക്കോസ് 1:39–56), കാനായിലെ കല്ല്യാണവീട്ടിൽ വീഞ്ഞ് തീർന്നപ്പോൾ ആ കുറവ് പരിഹരിക്കാൻ സഹായിച്ചതും, ദൈവാലയജീവിതകാലത്ത് ലഭിച്ച പരിശീലനങ്ങളുടെ പ്രതിഫലനമാണ്. അതുപോലെതന്നെ, ചെയ്യുന്ന കാര്യങ്ങളിലെ ശ്രദ്ധയും, അത് പൂർണ്ണതയിൽ എത്തിക്കുവാനുള്ള ശ്രമവും മാതാവിൽ പ്രകടമായിരുന്നതും ബാല്യത്തിൽ ലഭിച്ച പരിശീലനത്തിന്റെ ഫലമാണ്. യേശുവിന്റെ ക്രൂശുമരണസമയത്ത് തന്റെ അങ്കിയെ സംബന്ധിച്ച് വി. യോഹന്നാൻ 19:23, 24 വാക്യങ്ങളിൽ നാം വായിക്കുന്നു ''അവന്റെ അങ്കി തുന്നലില്ലാതെ മുകൾമുതൽ താഴെവരെ മുഴുവനും നെയ്തതായിരുന്നു. ഇത് കീറരുത്''. നിന്ദ്യമായ ക്രൂശുമരണത്തിനു വിധേയപ്പെടുന്നവന്റെ വസ്ത്രത്തിന് എന്ത് വില? പക്ഷെ പടയാളികൾ അത് കീറാതെ അതിന് ചീട്ടിട്ടു. കാരണം അത് കീറാതെ ചീട്ടിടുവാൻ തക്കവണ്ണം അത്രയ്ക്കു മനോഹരമായ ഒരു അങ്കിയായിരുന്നു. വിശുദ്ധ മാതാവ് തന്റെ പുത്രനുവേണ്ടി സ്വന്ത കൈയ്യാൽ നെയ്ത അങ്കി. അത് മുകൾമുതൽ താഴെവരെ മനോഹരമാക്കാൻ ആ അമ്മ എത്ര ശ്രദ്ധയും, സഹനവും സമർപ്പിച്ചിട്ടുണ്ടാകാം. താൻ പീഡയനുഭവിക്കുമ്പോഴും, തന്റെ അമ്മയുടെ കരസ്പർശനവും, സഹനവുമുള്ള അങ്കി തന്റെ ശരീരത്തോട് ചേർന്നു കിടന്നത് തന്റെ പ്രയാസങ്ങളിൽ മാതൃസ്പർശത്തിന്റെ കുളിർകാറ്റായി കർത്താവിന് അനുഭവപ്പെട്ടിരിക്കാം.

'ചൊട്ടയിലെ ശീലം ചുടലവരെ' എന്ന പഴമൊഴി, വി. കന്യകമറിയാമിന്റെ ജീവിതത്തിൽ എത്ര അന്വർത്ഥമാണ്. ബാല്യകാലത്ത് ദൈവാലയജീവിതത്തിലൂടെ ലഭിച്ച പരിശീലനങ്ങൾ ജീവിതത്തിലുടനീളം പുലർത്തുവാൻ ഈ അമ്മയ്ക്കു കഴിഞ്ഞു. നമ്മുടെ ഭവനങ്ങളും ഓരോ ആലയമായി രൂപാന്തരപ്പെടണം. മേല്പറഞ്ഞ കാര്യങ്ങളുടെ മൂശയായി ഭവനങ്ങൾ മാറുമ്പോൾ തലമുറകൾ ശ്രേഷ്ഠരായി മാറും. വിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളിൽ ഈ ചിന്തകൾ നമ്മുടെ ധ്യാനമായിരിക്കട്ടെ. അതിന് അമ്മയുടെ മദ്ധ്യസ്ഥത നമുക്ക് തുണയായിരിക്കട്ടെ.

■

# അദ്ധ്വാനഫലം അനുഭവിക്കണ്ടേ?

**മോൺ. ചെറിയാൻ താഴമൺ**



എക്യുമെനിസം എന്ന പ്രയോഗം ആധുനിക യുഗത്തിന്റെ സംഭാവനയാണെങ്കിലും, ക്രിസ്തുശരീരമാകുന്ന ഏക സഭ തർക്കങ്ങളും വിള്ളലുകളും നിമിത്തം വിഭജിതമാകുവാൻ തുടങ്ങിയ കാലംമുതൽതന്നെ യോജിപ്പിനുള്ള ശ്രമങ്ങളും നടന്നിരുന്നു. കേരളത്തിലെ (മലങ്കരയിലെ) സഭയിലും 1653 ലെ ഭിന്നതയുടെ കാലംമുതൽ ഭിന്നതകൾ പരിഹരിക്കുവാനുള്ള ശ്രമങ്ങൾ നടന്നിരുന്നു. അവയെയൊന്നും എക്യുമെനിക്കൽ ശ്രമമെന്ന് അന്നാരും പേരുപറഞ്ഞിരുന്നില്ല. അവയൊന്നും കാര്യമായ വിജയം കൈവരിച്ചില്ല എന്നത് വേറൊരു കാര്യം. എന്നാൽ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ നിർദ്ദേശാനുസരണം 1926 നവംബർ 1 ന് പരുമല സെമിനാരിയിൽ ചേർന്ന മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ സുന്നഹദോസ് തങ്ങളുടെ സഭയുടെ സ്വത്വവും പൈതൃകങ്ങളും ആരാധനരീതിയും ഭരണക്രമങ്ങളും പരിപാലിച്ചുകൊണ്ട് റോമാമാർപ്പാപ്പാ നേതൃത്വം നല്കുന്ന സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഉൾച്ചേരുവാൻ മുന്നോട്ടുവച്ച നിർദ്ദേശവും അപേക്ഷയും, തുടർന്നു നടന്ന ചർച്ചകളും, ആധുനികകാല ഭാഷയിൽ പറഞ്ഞാൽ സഭൈക്യ (എക്യുമെനിക്കൽ) പരിശ്രമമായിരുന്നു എന്നു കാണുവാൻ കഴിയും. ഈ പരിശ്രമത്തിന്റെ വിജയമാണ് 1930 സെപ്റ്റംബർ 20 ൽ സാർത്ഥകമായ മലങ്കര പുനരൈക്യം. ചില സാങ്കേതിക കാരണങ്ങളാൽ ഈ ഐക്യപ്രക്രിയയിൽനിന്ന് പ്രായോഗികമായി ഒരു പ്രബല വിഭാഗം മാറി നിന്നതുമൂലം, ഐക്യത്തിലേക്കു കടന്നുവന്നവർ മലങ്കര സുറിയാനി കത്തോലിക്കാസഭ എന്ന സംജ്ഞ സ്വീകരിച്ചു. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ എക്യുമെനിക്കൽ പരിശ്രമങ്ങളുടെ വിജയമായി ഇതിനെ കാണാൻ സാധിക്കും. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയിലൂടെ വിത്തിടപ്പെട്ട്, മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ പരിശുദ്ധ സുന്നഹദോസിലൂടെ മുളച്ച്, ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിലൂടെ വളർന്ന് ഫലമണിഞ്ഞ സഭൈക്യം.

**അല്പം ചരിത്രവഴി**

മലങ്കര സുറിയാനി കത്തോലിക്കാസഭ സാർവ്വത്രികസഭാ കൂട്ടായ്മയിലേക്ക് പുനഃപ്രവേശിച്ചതിന്റെ എൺപത്തിഒൻപതാം വാർഷികം ഈ മാസം മലങ്കരമക്കൾ ആചരിക്കുകയാണ്. കക്ഷിവഴക്കുകൾകൊണ്ടും കോടതി വ്യവഹാരങ്ങൾകൊണ്ടും സഭാഗാത്രം മുറിവേറ്റ് മൃതപ്രായമായിരുന്ന അവസ്ഥ. മാർതോമ്മാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭ ഭിന്നതമൂലം യേശുക്രിസ്തുവിന്റെ സുവിശേഷ ദർശനങ്ങളിൽനിന്നും അകന്ന് സഭാതനയർക്കും അന്യമതസ്തർക്കും ഉതപ്പ് ഉളവാക്കിയിരുന്ന അവസ്ഥ. 1653 ലെ കൂനൻകുരിശ് സത്യത്തോടുകൂടി സംഭവിച്ച സത്യസഭയിൽ നിന്നുള്ള വേർപാടിനുശേഷം ശാന്തമായി ഹൃദയസന്തോഷത്തോടും സമാധാനത്തോടും ആരാധനപോലും നടത്തുവാൻ സാധിക്കാതിരുന്ന അവസ്ഥ. 1653 മുതൽ നടത്തിയ പുനരൈക്യശ്രമങ്ങളൊന്നും ഫലമണിയാതെ പോയതിന്റെ വേദന. സമുദായകേസിൽ പരമോന്നത കോടതിയുടെ വിധി പ്രതികൂലമായാൽ ഉണ്ടാകാവുന്ന സ്ഥിതിവിശേഷം. 1912 ലെ കാതോലിക്കാ സിംഹാസന സ്ഥാപനമോ, 1919 ലെ ബഥനി ആശ്രമപ്രസ്ഥാന സ്ഥാപനമോ ഒന്നും സഭയിലെ ഭിന്നത പരിഹരിക്കുന്നതിന് ആഗ്രഹിച്ച രീതിയിൽ ഫലവത്താകാതിരുന്ന പശ്ചാത്തലം. ഈ സന്ദർഭത്തിലാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ മെത്രാപ്പോലീത്താമാരുടെ 1926 നവംബർ 1-ാം തീയതി പരുമല സെമിനാരിയിൽവച്ച് ചരിത്രപ്രസിദ്ധമായ സഭൈക്യ തീരുമാനവും, ആ തീരുമാനം പ്രാവർത്തികമാക്കുന്നതിനായി ബഥനിമെത്രാപ്പോലീത്താ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തിയതും.

മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ആത്മകഥാകഥനത്തിൽ നാം കാണുന്ന ഒരു ഉദ്ധരണി ഇപ്രകാരം: നാം മെത്രാൻസ്ഥാനം ഏറ്റു കുറേനാൾ കഴിഞ്ഞപ്പോൾ വീരരാഘവ യ്യങ്കാരുടെ ഹൈക്കോടതി വിധിപ്രബലമായിരുന്ന കാലത്ത് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ പരുമല സെമിനാരിയിലേക്കു കാതോലിക്കാബാവായേയും, മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായേയും, നമ്മെയും ക്ഷണിച്ചുവരുത്തുകയും, ഭാവി നടപടികളെപ്പറ്റി ഞങ്ങൾ മൂന്നുപേരുംകൂടി ആലോചിച്ചു തീരുമാനമെടുക്കണമെന്നും, ഞങ്ങൾ എടുക്കുന്ന തീരുമാനം എന്തായിരുന്നാലും അദ്ദേഹം കൈക്കൊള്ളുന്നതാണെന്നും പറഞ്ഞു............. ഞങ്ങൾ സുന്നഹദോസ് കൂടി. അദ്ധ്യക്ഷൻ കാതോലിക്കാബാവായും, നാം

സെക്രട്ടറിയുമായി പ്രവർത്തിച്ചു. സുന്നഹദോസിലെ ആലോചനാവിഷയം റോമൻ കത്തോലിക്കാസഭയുമായുള്ള പുനരൈക്യമായിരുന്നു. അന്ത്യോക്യാസഭയുടെ കാനോനകളും നടപടികളും അംഗീകരിക്കുകയും മലങ്കരയ്ക്കു സ്വദേശികളായ മേല്പട്ടക്കാരെ തലമുറയായി ലഭിക്കുകയും ചെയ്യത്തക്ക വിധത്തിൽ റോമൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനുവേണ്ട എഴുത്തുകുത്തുകൾ നടത്തുന്നതിന് ആ സുന്നഹദോസ് നമ്മെ ചുമതലപ്പെടുത്തി. സഭൈക്യ (എക്യുമെനിക്കൽ) ചിന്തകളും ദർശനങ്ങളും ആഗോളതലത്തിലോ, കത്തോലിക്കാസഭയിലോ, ലോക സഭാ കൗൺസിലിന്റെ ആഭിമുഖ്യത്തിലോ അത്ര ശക്തമോ സാധാരണമോ അല്ലാതിരുന്ന ആയിരത്തിതൊള്ളായിരത്തി ഇരുപതുകളിൽതന്നെ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ ഐക്യത്തിനുവേണ്ടി ആഗ്രഹിക്കുകയും സുന്നഹദോസ് കൂടി തീരുമാനിക്കുകയും, അതിനുള്ള നടപടികളും കത്തിടപാടുകളും നടത്തുവാൻ ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തുകയും ചെയ്തു എന്നത് സഭൈക്യ ചരിത്രത്തിലെ ശോഭയേറിയ ഏടുകളിലൊന്നാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയെ അതിന്റെ ആരാധനാ-അധികാര-ദൈവശാസ്ത്ര ഘടനകളോടും പൈതൃകങ്ങളോടുംകൂടി സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഉൾച്ചേർക്കണം എന്നതായിരുന്നു സുന്നഹദോസിന്റെ ആവശ്യം. അതാണ്അവർ റോമിനോടാവശ്യപ്പെട്ടത്; അതിനുവേണ്ടിയാണ് ചർച്ചകളും കത്തിടപാടുകളും നടത്തിയത്. അതിന്റെ വിജയകരമായ പരിസമാപ്തിയാണ് 1930 സെപ്റ്റംബർ 20 ലെ ചരിത്രപ്രസിദ്ധമായ മലങ്കര പുനരൈക്യ സംഭവത്തിൽ ഉണ്ടായത്. സഭൈക്യ നിർദ്ദേശവും ആലോചനകളുമായി മുന്നിട്ടിറങ്ങിയ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയിലെ പ്രബലവിഭാഗം അവസാനം ഐക്യത്തിലേക്ക് കടന്നുവരാൻ വിസമ്മതിച്ചെങ്കിലും, മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ മുന്നോട്ടുവച്ച സഭൈക്യദർശനവും പരിശ്രമവും വിജയമണിഞ്ഞു. 1930 സെപ്റ്റംബർ 20 ലെ പുനരൈക്യവും, അതിലൂടെ രൂപമെടുത്ത മലങ്കര സുറിയാനി കത്തോലിക്കാസഭയും, മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ സഭൈക്യ ആഗ്രഹത്തിന്റെയും പരിശ്രമത്തിന്റെയും ഫലമാണ്. മലങ്കരയിലെ എല്ലാ സഭാമക്കൾക്കും സാർവ്വത്രിക സഭാകൂട്ടായ്മയിലേക്ക് കടന്നുവരുവാനായി ദൈവത്തിന്റെ പരിശുദ്ധാത്മാവു തുറന്ന വഴിയും വാതിലുമാണത്. മലങ്കര പുനരൈക്യവും, മലങ്കര സുറിയാനി കത്തോലിക്കാസഭയും, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സഭൈക്യ (എക്യുമെനിക്കൽ) മേഖലയിലെ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ സജീവ ചരിത്രസ്മാരകമാണ്. സഭാപൂർണ്ണത നേടുന്നതിനും പ്രേഷിതപ്രവർത്തനം നടത്തുന്നതിനും ലഭ്യമായിരിക്കുന്ന ഈ ദൈവദാനത്തെ വെറും ചരിത്രസ്മാരകമായി കരുതാതെ അനുഭവമാക്കാൻ മലങ്കര സഭാതനയരെല്ലാവരും തയ്യാറായാൽ ഭാരതത്തിന്റെ സുവിശേഷീകരണത്തിന് അത് എത്രയോ വലിയ ഉത്തേജനമായിരിക്കും? മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ സഭൈക്യ പരിശ്രമങ്ങളിലെ പൊൻതൂവലായും അത് പരിണമിക്കപ്പെടും. യേശുക്രിസ്തുവിന്റെ രക്ഷണീയ വ്യാപാരങ്ങളിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ രക്ഷ കരഗതമായി. മനുഷ്യരെല്ലാവരും ആ രക്ഷയെ തിരിച്ചറിഞ്ഞ് അതിന്റെ അനുഭവത്തിലേക്ക് കടന്നുവന്നിട്ടില്ല എന്നത് യേശുക്രിസ്തുവിലൂടെ സാധ്യമായ രക്ഷ ഇല്ലാതാക്കുന്നില്ല. മനുഷ്യവർഗ്ഗം രക്ഷിക്കപ്പെട്ടിട്ടില്ല എന്നു പറയാനുമാവില്ല. അതുപോലെ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ സാർവ്വത്രികസഭയുമായി നേടിയെടുത്ത ഐക്യത്തിലേക്ക് സഭാതനയർ എല്ലാവരും കടന്നുവന്നിട്ടില്ല എന്നതുകൊണ്ട് മലങ്കരസഭ പരിശുദ്ധ കത്തോലിക്കാ സഭയിൽ നേടിയ ഐക്യം ഇല്ലാതാകുന്നില്ല.

**പിൻമൊഴി**

മലങ്കരസഭയുടെ 1926 നവംബർ ഒന്നാം തീയതിയിലെ തീരുമാനത്തെ തുടർന്നുണ്ടായ നടപടികളുടെയും ചർച്ചകളുടെയും ഫലമായി, പരിശുദ്ധ റോമാമാർപ്പാപ്പാ നേതൃത്വം നല്കുന്ന സാർവ്വത്രികസഭാ കൂട്ടായ്മയിലേക്ക് ഉൾച്ചേർക്കപ്പെട്ടതാണല്ലോ 1930 സെപ്റ്റംബർ 20 ലെ മലങ്കര പുനരൈക്യം. അന്ന് സാധിതമായ ചരിത്രപ്രസിദ്ധമായ പുനരൈക്യംവഴി താത്വികമായി മലങ്കരസഭയ്ക്ക് സാർവ്വത്രിക സഭാകൂട്ടായ്മയിൽ അവളുടെ ആരാധന പൈതൃകങ്ങളോടും അധികാര ഘടനയോടുകൂടി സഭാത്മകമായ അസ്തിത്വം പുനരംഗീകൃതമായി. പരിശുദ്ധ പത്രോസിന്റെ സിംഹാസനവുമായുള്ള കൂട്ടായ്മ വീണ്ടെടുക്കപ്പെടുകവഴി, പരിശുദ്ധ മാർപാപ്പാ പരമാദ്ധ്യക്ഷനായുള്ള എല്ലാ പ്രാദേശിക അപ്പസ്തോലിക സഭകളുമായി മലങ്കരസഭയുടെ കൂട്ടായ്മ പുനഃസ്ഥാപിതവുമായി. അതുവഴി മലങ്കരസഭയുടെ തനതായ വ്യക്തിത്വവും പുരാതനത്വവും അപ്പസ്തോലികത്വവും ആരാധനാ പൈതൃകവും സാർവ്വത്രികസഭ അംഗീകരിച്ചു. ചുരുക്കത്തിൽ, കാതോലികം ശ്ലൈഹികം, ഏകം, വിശുദ്ധം എന്ന തിരുസഭയുടെ സമ്പൂർണ്ണ നിർവ്വചനത്തിന് മലങ്കരസഭ അർഹയായി. അതിനാൽ പൂർവ്വപിതാക്കന്മാർ കണ്ടെത്തി നേടിത്തന്ന വഴി ദൈവവഴിയായി കണ്ട് ആ വഴിയിലൂടെ നടക്കാൻ മലങ്കര മക്കളായ നമുക്കെല്ലാവർക്കും ഇടയാകട്ടെ എന്നു പ്രാർത്ഥിക്കാം.


■

# ഭാഗ്യസ്മരണാർഹനായ
# സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലിത്താ



ഫാ. ഡോ. ആന്റണി ചെത്തിപ്പുഴ

തിരുവല്ല അതിഭദ്രാസനത്തിന്റെ തൃതീയ മെത്രാപ്പോലീത്ത സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ 42-ാം ഓർമ്മ തിരുനാൾ 2019 സെപ്റ്റംബർ 28-ാം തീയതി മലങ്കര കത്തോലിക്കാസഭ പ്രത്യേകിച്ച് തിരു



വല്ല അതിഭദ്രാസനം ആചരിക്കുന്നു. രണ്ടു പതിറ്റാണ്ടിലേറെ ഭദ്രാസനത്തിന് ആത്മികവും ഭൗതികവുമായ നേതൃത്വം നല്കിയ പിതാവിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. വന്ദ്യപിതാവിലൂടെ സഭയ്ക്കും രൂപതയ്ക്കും സമൂഹത്തിനും ലഭിച്ച നന്മകളെപ്രതി ദൈവത്തിനു നന്ദി പറയുന്നു. പുണ്യപിതാവിനെ നന്ദിയോടെ, സ്നേഹത്തോടെ മലങ്കരമക്കൾ ഓർക്കുന്നു. വി. ജോൺ പോൾ മാർപാപ്പയുടെ 'ഉത്തമ ഇടയനെ ഞാൻ നിങ്ങൾക്കു നല്കും' (Pastores Dabo Vobis) എന്ന അപ്പസ്തോലിക ലേഖനത്തിൽ സൂചിപ്പിക്കുന്നതുപോലെ, തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യനായിരുന്നു (മത്താ. 24:45) സഖറിയാസ് മാർ അത്തനാസിയോസ് പിതാവ്.

തിരുവല്ല തിരുമൂലപുരത്ത് പോളച്ചിറയ്ക്കൽ പി.കെ. ചെറിയാന്റെയും സാറാമ്മയുടെയും സീമന്ത പുത്രനായി 1908 ൽ ചെറിയാൻ ജനിച്ചു. സഖറിയാസ് എന്ന മാമോദീസാപേര് സ്വീകരിച്ചു. തിരുവല്ല എം.ജി.ഡി., കോട്ടയം എം.ഡി. സെമിനാരി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. കോട്ടയത്ത് ബാങ്ക് ഉദ്യോഗസ്ഥനായി ജോലി നോക്കി. ചെറുപ്പത്തിൽതന്നെ ആത്മീയകാര്യങ്ങളിൽ ശ്രദ്ധാലുവായിരുന്നു. കോട്ടയത്തായിരിക്കുമ്പോൾ എം.ഡി. സെമിനാരിചാപ്പലിൽ പോയി കൈകൾ വിരിച്ചു പ്രാർത്ഥിക്കുന്നത് ശീലമായിരുന്നു. 1938 ൽ ഓർത്തഡോക്സ് സഭയിൽനിന്നും മലങ്കര കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടു. ഒരു വൈദികനാകണമെന്നുള്ള ആഗ്രഹം സഖറിയാസിനുണ്ടായിരുന്നു. മൈനർ സെമിനാരി പഠനത്തിനുശേഷം ആലുവ മംഗലപ്പുഴ സെമിനാരിയിലും, ശ്രീലങ്കയിലെ കാൻഡി സെമിനാരിയിലും വൈദികപരിശീലനം പൂർത്തിയാക്കി. 1946 ൽ 36-ാം വയസ്സിൽ വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് ഭദ്രാസനത്തിന്റെ വിവിധ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. 1954 ഏപ്രിൽ 22-ാം തീയതി ബഹുമാനപ്പെട്ട ചെറിയാൻ പോളച്ചിറയ്ക്കലച്ചൻ അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സഹായമെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തെ തുടർന്ന് 1955 ജനുവരി 27-ാം തീയതി തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷനായി സ്ഥാനാരോഹണം ചെയ്തു. 22 വർഷത്തെ സ്തുത്യർഹമായ മേല്പട്ട ശുശ്രൂഷയ്ക്കുശേഷം, 1977 സെപ്റ്റംബർ 28-ാം തീയതി അഭിവന്ദ്യ പിതാവ് കാലം ചെയ്തു. മൈനർ സെമിനാരിയിലേക്ക് എന്നെ സ്വീകരിച്ചതും, തുടർന്ന് ഏഴു

വർഷക്കാലം പിതാവിനെ അടുത്തറിയുവാനും സാധിച്ചത് ഭാഗ്യമായി കരുതുന്നു. പിതാവിന്റെ ജീവിതത്തിൽനിന്ന് എന്നെ സ്പർശിച്ച ചില സവിശേഷങ്ങൾ കുറിച്ചു കൊള്ളട്ടെ.

**1. ആരാധനയോടും ആരാധനാക്രമത്തോടും വിശ്വസ്തത പുലർത്തിയ ശ്രേഷ്ഠാചാര്യൻ**

പാശ്ചാത്യ സെമിനാരിയിൽ പഠിച്ചെങ്കിലും, അന്ത്യോക്യൻ ആരാധനക്രമത്തെ ആത്മീയ അനുഭവമാക്കിയുള്ള ജീവിതശൈലിയായിരുന്നു പിതാവിന്റേത്. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ വോട്ടവകാശമുള്ള അംഗമായി പങ്കെടുത്തു. സൂനഹദോസിലെ പങ്കാളിത്തം പിതാവിന്റെ ജീവിതത്തെ വളരെ സ്വാധീനിച്ചു. 'പ്രാർത്ഥനയുടെ നിയമം, വിശ്വാസത്തിന്റെ നിയമം' (Lex Orandi, Lex Credendi) എന്ന പ്രമാണവാക്യം സഭയുടെ വിശ്വാസപാരമ്പര്യവും ആരാധന പാരമ്പര്യവും തമ്മിലുള്ള അവിഭാജ്യബന്ധം വ്യക്തമാക്കുന്നു. പരമമായ ആരാധന, വി.കുർബാന, മറ്റു കൂദാശകൾ, കൂദാശാനുകരണങ്ങൾ, യാമപ്രാർത്ഥനകൾ, ഭക്താനുഷ്ഠാനങ്ങൾ, നോമ്പ്, ഉപവാസം, ആരാധനക്രമവത്സരം, തിരുനാളുകൾ ഇവയെല്ലാം വിശ്വാസത്തിന്റെ ആവിഷ്കാരവും, ആഘോഷവുമാണ്. പിതാവ് ആരാധനക്രമത്തോടും അതിന്റെ അനുഷ്ഠാനത്തോടും കാണിച്ചിട്ടുള്ള നിഷ്ഠയും നിഷ്ക്കർഷയും എല്ലാവർക്കും മാതൃകയായിരുന്നു. ഞായറാഴ്ചകളിൽ അജപാലന സന്ദർശനത്തിനായി ഇടവകകളിൽ പോകുമ്പോൾ രണ്ടോ, മൂന്നോ സെമിനാരിക്കാരെയും കൂടെ കൊണ്ടുപോകുമായിരുന്നു. വൈദികപരിശീലനകാലയളവിൽ ഇതൊരു വലിയ അനുഭവമായിരുന്നു. വൈദികരെയും വൈദികവിദ്യാർത്ഥികളെയും, സന്യസ്തരെയും, ദൈവജനത്തെയും ദൈവാലയ ആരാധനയിൽ ആത്മീയചൈതന്യം പ്രാപിക്കുവാൻ ഉദ്ബോധിപ്പിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പൗരസ്ത്യ കത്തോലിക്കാസഭകളെക്കുറിച്ചുള്ള ഡിക്രിയിൽ ഓരോ വ്യക്തിഗതസഭയുടെയും അഥവാ റീത്തിന്റെയും പാരമ്പര്യങ്ങൾ ഭദ്രമായും അഭംഗുരമായും നിലനിർത്തണമെന്ന് (OE2) നിഷ്കർഷിക്കുന്നു.

**പരമമായ ആരാധന, വി.കുർബാന, മറ്റു കൂദാശകൾ, കൂദാശാനുകരണങ്ങൾ, യാമപ്രാർത്ഥനകൾ, ഭക്താനുഷ്ഠാനങ്ങൾ, നോമ്പ്, ഉപവാസം, ആരാധനക്രമവത്സരം, തിരുനാളുകൾ ഇവയെല്ലാം വിശ്വാസത്തിന്റെ ആവിഷ്കാരവും, ആഘോഷവുമാണ്.**

വത്തിക്കാൻ സൂനഹദോസിനുശേഷം മടങ്ങിയെത്തിയ പിതാവ്, ചില ദൈവാലയങ്ങളിൽ നിലവിലുണ്ടായിരുന്ന വിശുദ്ധന്മാരുടെ രൂപങ്ങൾ (statues) നീക്കം ചെയ്യണമെന്നും, പകരം പൗരസ്ത്യ പാരമ്പര്യമനുസരിച്ചുള്ള ഛായാചിത്രങ്ങൾ (Icons), പടങ്ങൾ എന്നിവ വയ്ക്കണമെന്നും നിർദേശിച്ചു. അന്ത്യോക്യൻ ആരാധനക്രമം അതിന്റെ തനിമയിൽ കാത്തുസൂക്ഷിക്കുവാൻ പിതാവ് ഏറെ ശ്രദ്ധാലുവായിരുന്നു.

**2. സ്നേഹം – പ്രസംഗവിഷയം**

അഭിവന്ദ്യ പിതാവിന്റെ പ്രസംഗങ്ങളിലും പ്രഭാഷണങ്ങളിലും സ്നേഹത്തെക്കുറിച്ചാണ് പ്രതിപാദിച്ചിരുന്നത്. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഓർമ്മപ്പെടുത്തുന്നതുപോലെ സ്നേഹസംസ്കാരമാണ് (Culture of Love) കാലഘട്ടത്തിന്റെ ആവശ്യമെന്ന് മനസ്സിലാക്കി സംസാരിച്ചിരുന്നു. ഞായറാഴ്ചകളിൽ ഇടവക സന്ദർശനത്തിന് പോകുമ്പോൾ വി. കുർബാനയ്ക്കുശേഷം ഹൈക്കലായിൽ ജനങ്ങളുടെ മുമ്പിൽ ഒരു കസേരയിട്ട് അതിൽ ഉപവിഷ്ടനാകും. അവിടെയിരുന്ന് പൈതൃക സംഭാഷണം (homily) നല്കിയിരുന്നു. ഇടവകയിൽ സ്നേഹമുള്ള കുടുംബങ്ങളും ഇടവക സമൂഹവും വളരണമെന്ന കാര്യമാണ് പ്രധാനമായും പ്രസംഗിക്കുക. പത്മോസ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ട വി. യോഹന്നാൻ ശ്ലീഹായെ വാർദ്ധക്യത്തിൽ പ്രസംഗിക്കാനായി ശിഷ്യന്മാർ കസേരയിലിരുത്തി ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകും. പോകുന്നിടത്തെല്ലാം പരസ്പരം സ്നേഹിക്കുക, മക്കളെ ('Children, love one another'). ഈ വിഷയം മാത്രം പ്രസംഗിക്കും. ഇത് കേട്ട് മടുത്ത ശിഷ്യന്മാർ അങ്ങേയ്ക്ക് മറ്റ് ഒരു വിഷയവുമില്ലെയെന്ന് ചോദിച്ചപ്പോൾ മറുപടി ഇതായിരുന്നു: ''എന്റെ നാഥൻ ഇത് വീണ്ടും വീണ്ടും ആവർത്തിക്കുമായിരുന്നു; (My Master kept repeating it

**ഞായറാഴ്ചകളിൽ ഇടവക സന്ദർശനത്തിന് പോകുമ്പോൾ വി. കുർബാനയ്ക്കുശേഷം ഹൈക്കലായിൽ ജനങ്ങളുടെ മുമ്പിൽ ഒരു കസേരയിട്ട് അതിൽ ഉപവിഷ്ടനാകും. അവിടെയിരുന്ന് പൈതൃക സംഭാഷണം (homily) നല്കിയിരുന്നു.**

over and over) അഭിവന്ദ്യ പിതാവിനും ഇതുത ന്നെയാണ് പറയാനുള്ളത്.

**3. ഭദ്രാസനം സാമ്പത്തിക ഭദ്രതയിലേയ്ക്ക്**

തിരുവല്ല ഭദ്രാസനത്തെ സാമ്പത്തിക ഭദ്രതയു ള്ളതാക്കുവാൻ അഭിവന്ദ്യ പിതാവ് അക്ഷീണം പരിശ്രമിച്ചു. ഇടവകകൾക്ക് അത്യാവശ്യത്തിന് ഭൂമി വാങ്ങിയും, ഭദ്രാസനത്തിന് സ്ഥിരവരുമാന സ്രോതസ്സായി ചെറുതും വലുതുമായ തോട്ടങ്ങൾ വാങ്ങിയും സഹായിച്ചു. ബത്തേരി, മൂവാറ്റുപുഴ ഭദ്രാസനങ്ങൾക്ക് ഇന്നുള്ള സ്ഥലങ്ങൾ ഭൂരിഭാഗവും പിതാവിന്റെ കാലത്ത് വാങ്ങിയിട്ടുള്ളതാണ്.

**4. ജീവകാരുണ്യസ്ഥാപനങ്ങളും പ്രവർത്തന ങ്ങളും**

ആതുരശുശ്രൂഷാരംഗത്തും സാമൂഹികസേ വനരംഗത്തും പിതാവിന്റെ അടിയന്തര ശ്രദ്ധ പതിഞ്ഞിരുന്നു. മധ്യതിരുവിതാംകൂറിൽ തലയു യർത്തി നില്ക്കുന്ന ആതുര ശുശ്രൂഷാകേന്ദ്രമായ പുഷ്പഗിരി മെഡിക്കൽ കോളേജും, പൗരോ ഹിത്യ രജതജൂബിലി സ്മാരകമായി സ്ഥാപിച്ച തിരുവല്ല കുറ്റൂർ പള്ളിമലയിലെ സ്നേഹസദനും പിതാവ് സ്ഥാപിച്ചവയാണ്. കോട്ടയം സീരിയുടെ (SEERI) ആരംഭത്തിലും പിതാവിന്റെ കരങ്ങൾ ഉണ്ട്. സാധുജനോപകാരപ്രദമായ പദ്ധതികൾക്ക് രൂപം കൊടുത്തു. വിദ്യാഭ്യാസ സഹായപദ്ധതി, വിവാഹസഹായനിധി, കുടുംബസഹായ പദ്ധതി (SAFP) എന്നിവ എടുത്തു പറയേണ്ടവയാണ്. വിദ്യാസമ്പന്നരായ യുവതികളെ ജർമ്മനിയിൽ ജോലിക്ക് അയയ്ക്കാൻ പദ്ധതിയുണ്ടാക്കി.

> **മധ്യതിരുവിതാംകൂറിൽ തലയുയർത്തി നില്ക്കുന്ന ആതുര ശുശ്രൂഷാകേന്ദ്രമായ പുഷ്പഗിരി മെഡിക്കൽ കോളേജും, പൗരോഹിത്യ രജതജൂബിലി സ്മാര കമായി സ്ഥാപിച്ച തിരുവല്ല കുറ്റൂർ പ ള്ളിമലയിലെ സ്നേഹസദനും പിതാവ് സ്ഥാപിച്ചവയാണ്.**

**5. ലളിതജീവിതവും (simplicity) മിതവ്യയവും (thrift)**

ഉപഭോഗസംസ്കാരം (consumeristic culture), ഉപയോഗിക്കുക, വലിച്ചെറിയുക (use and throw culture) സംസ്കാരം, സാധനങ്ങൾ വാങ്ങിക്കൂ ട്ടുന്ന സംസ്കാരം ശൈലിയായി മാറിയിരിക്കുന്ന സാഹചര്യത്തിൽ പിതാവിന്റെ ലളിതജീവിതം അനുകരണീയമാണ്. സാധനങ്ങൾ മിതമായി ഉപയോഗിക്കുക, ശ്രദ്ധാപൂർവ്വം ഉപയോഗിക്കുക എന്നീ കാര്യങ്ങൾ പഠിപ്പിച്ചു. ഇടയസന്ദർശന ത്തിന് ഇടവകകളിൽ പോകാത്ത ഞായറാഴ്ചക ളിൽ ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാവ് സെമിനാരി ക്കാരെ സന്ദർശിക്കാൻ വരിക പതിവായിരുന്നു. ഓരോ സന്ദർഭശനത്തിലും ഓരോ വിഷയത്തിൽ ഉപദേശം നല്കിയിരുന്നു. ഒരു ഞായറാഴ്ച ഉച്ചക ഴിഞ്ഞ് അല്പം കീറിയ ഒരു ബനിയനും സൂചിയും നൂലുമായി ക്ലാസിലെത്തി. കീറിയ ഭാഗം തയ്ച്ചു കാണിച്ച് പിതാവ് പറഞ്ഞു: ''തുന്നേണ്ട സമ യത്ത് ഒന്നു തുന്നിയാൽ ബാക്കി ഒമ്പതു തുന്നലു കൾ ഒഴിവാക്കാം'' ('a stich in time saves nine') മിതവ്യയം (thrift)-എന്ന വാക്ക് പഠിപ്പിച്ചതും പിതാവുതന്നെ.

**6. വ്യക്തിവൈഭവം**

ആകർഷണീയ വ്യക്തിത്വം, സുസ്മേരവദനനായി ഏവരേയും സ്വാഗതം ചെയ്യുന്ന പ്രകൃതം, പിതാവിനടുത്ത സ്നേഹമസൃണമായ ഇടപെ ടൽ, അടുക്കുന്തോറും ആദരവ് വർദ്ധിക്കുന്ന സമീപനം, നർമ്മ സംഭാഷണം, സമയനിഷ്ഠ പാലിക്കുന്നതിൽ എപ്പോഴും മുമ്പിൽ, പാവങ്ങ ളോടുള്ള പരിഗണന, സുഹൃദ്ബന്ധത്തിന്റെ സൂക്ഷിപ്പുകാരൻ, തികഞ്ഞ സഭാസ്നേഹി, നിഷ്ഠയുള്ള പ്രാർത്ഥനാജീവിതം എന്നിങ്ങനെ സമഗ്രമായ വ്യക്തിത്വത്തിന്റെ (integral personality) ഉടമയായിരുന്നു പിതാവ്. പുനരൈക്യത്തിനും സുവിശേഷപ്രഘോഷണത്തിനുമായി സമർപ്പിച്ച ജീവിതം തിരുവല്ല ഭദ്രാസനത്തെ മലബാർ, കർണാടക, തമിഴ്നാട് ഭാഗങ്ങളിലേക്ക് വ്യാപി പ്പിച്ചതും പിതാവിന്റെ കാലത്താണ്. ബേക്കർ സായിപ്പിന്റെ പ്ലാൻ അനുസരിച്ച് കത്തീഡ്രൽ 'ആദ്യ വട്ടപ്പള്ളി' പണിതു. ജർമ്മനിയിൽ ഫാ. ബെൻഡൽ ആരംഭിച്ച ഹോളി സ്പിരിറ്റ് സമൂ ഹത്തെ ഭദ്രാസനത്തിലേക്ക് ക്ഷണിക്കുകയും, തിരുവല്ല തുകലശ്ശേരി ആസ്ഥാനമായി സിസ്റ്റേഴ്സ് ഇന്നും സ്തുത്യർഹമായ സേവനം അനുഷ്ഠി ക്കുകയും ചെയ്യുന്നു.

ദൈവപരിപാലനയിലും ദൈവകൃപയിലും ആശ്ര യിച്ച 22 വർഷക്കാലം വിശ്വസ്തതയോടും വിവേ കത്തോടും കൂടി മേല്പട്ട ശുശ്രൂഷ നടത്തിയ സഖറിയാസ് മാർ അത്തനാസിയോസ് പിതാവി നെക്കുറിച്ചുള്ള ഓർമ്മയും അനുസ്മരണവും അതിഭദ്രാസനമക്കളായ നമുക്ക് അനുഗ്രഹവും പ്രചോദനവുമായിരിക്കട്ടെ.

■

# നാം അറിയാതെ നമുക്കുവേണ്ടി



സോമൻസാർ, വെണ്ണിക്കുളം

അഞ്ഞൂർ ഏക്കറോളം ഭൂമി സ്വന്തമായി ഉണ്ടായിട്ടും തലചായ്ക്കാൻ ഇടമില്ലാതെ, സുഹൃത്തുക്കൾ അനേകർ ഉണ്ടായിട്ടും പിൻചെല്ലാൻ അധികമാരും ഇല്ലാത്തവനായി, ഭക്ഷണത്തിനുപോലും മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടാൻ തയ്യാറായി മുണ്ടൻമലയിൽനിന്ന് പടിയിറങ്ങിയ മാർ ഈവാനിയോസ് പിതാവ് ഒരു കെട്ടുവള്ളത്തിൽ ആശ്രമസ്ഥരുമായി പമ്പാനദിയിലൂടെ, എവിടേക്കു പോകുമെന്നോ ആരു സഹായിക്കുമെന്നോ ഉറപ്പില്ലാതെ, സർവ്വതും സർവ്വേശ്വരനിൽ സമർപ്പിച്ചുകൊണ്ടുള്ള ആ യാത്രക്ക് ആദ്യം അഭയകേന്ദ്രമായത് വെണ്ണിക്കുളം എന്നത് ചരിത്ര സത്യം.

അഞ്ചുപേരിൽനിന്ന് അഞ്ചുലക്ഷത്തിലധികമായി വളർന്ന വിശ്വാസസമൂഹം, വിദ്യാഭ്യാസരംഗത്ത് നേഴ്സറിസ്കൂൾ മുതൽ കലാശാലകൾവരെയും, സാങ്കേതികരംഗത്ത് ഐ.റ്റി.സി. മുതൽ എഞ്ചിനീയറിംഗ് കോളജുകൾവരെയും, ആതുരശുശ്രൂഷാരംഗത്ത് ഡിസ്പൻസറി മുതൽ മെഡിക്കൽ കോളജുവരെയും, സാധുക്കൾക്കും അനാഥർക്കും ആശ്വാസമരുളി ആശ്രയസങ്കേതങ്ങളും, സ്വദേശത്തും വിദേശത്തുമായി നൂറുകണക്കിന് ദേവാലയങ്ങളും, ധ്യാനമന്ദിരങ്ങളുമായി മലങ്കര സുറിയാനി കത്തോലിക്കാസഭ ലോകത്തിന് അഭിമാനമായി നിലകൊള്ളുമ്പോൾ, ഇക്കാര്യങ്ങളൊന്നുമറിയാതെ ഏതാനും സന്യാസിനികൾ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നിലനില്പിനും വളർച്ചക്കുമായി അയർലണ്ടിന്റെ തലസ്ഥാനമായ ഡബ്ലിനിലുള്ള മഠത്തിൽ കണ്ണീരോടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

1932 ൽ പുണ്യതാതൻ മാർ ഈവാനിയോസ് പിതാവ് മാർപ്പാപ്പയിൽനിന്നു പാലിയം സ്വീകരിച്ച് റോമിൽനിന്നു തിരിച്ചു വന്നപ്പോൾ ഡബ്ലിനിൽ ദിവ്യകാരുണ്യ കോൺഗ്രസ് നടക്കുകയായിരുന്നു. മലങ്കരസഭാ പാരമ്പര്യമനുസരിച്ച് കിഴക്കോട്ടു തിരിഞ്ഞുനിന്ന് ഡബ്ലിനിലെ ഗാർഡിനർ സ്ട്രീറ്റിലുള്ള സെന്റ് ഫ്രാൻസിസ് സേവ്യർ ദേവാലയത്തിൽ 24-06-1932 ൽ വന്ദ്യപിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു. പ്രസംഗമദ്ധ്യേ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വളർച്ചക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിച്ചു. ഈ അഭ്യർത്ഥന അക്ഷരംപ്രതി പാലിച്ച് തലമുറകളായി 80 ലേറെ വർഷങ്ങൾ - Knock ലെ മരിയൻ തീർത്ഥാടന കേന്ദ്രത്തിനടുത്തുള്ള Carmalite Monastry യിലെ സന്യാസിനികൾ നാം അറിയാതെ നമുക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.


മാർ ഈവാനിയോസ് പിതാവിന്റെ അപ്പസ്തോലിക സന്ദർശനത്തിന്റെ 80-ാം വാർഷികാഘോഷം 2012 ജൂൺ 24 ന് ഡബ്ലിനിൽ നടക്കുമ്പോൾ, കാർഡിനൽ ക്ലീമീസ് കാതോലിക്കാബാവ ഡബ്ലിനിൽ സന്ദർശിക്കാനിടയായതും ആകസ്മികം. ഈ സന്ദർശനവേളയിലാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഇന്നത്തെ അവസ്ഥയും വളർച്ചയും സന്യാസിനികൾ മനസ്സിലാക്കുന്നത്.

തുടർന്ന് 2015 ജൂലൈയിൽ കാതോലിക്കാബാവ മഠത്തിൽ എത്തി Thanksgiving Mass അർപ്പിച്ചു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഡബ്ലിനിലെ ചാപ്ലിൻ ഏബ്രഹാം പതാക്കൽ അച്ചനും ഏതാനും സഭാമക്കളും, എന്റെ മകനും പ്രസ്തുത കുർബാനയിൽ ഭാഗഭാക്കാകാൻ ഇടയായത് ദൈവനിയോഗം. 2017 ൽ എനിക്കും പ്രസ്തുത മഠം കാണാൻ കഴിഞ്ഞു. മുൻകൂട്ടി അനുവാദം വാങ്ങാതെ ആർക്കും മഠത്തിൽ പ്രവേശനമില്ല എന്നതും, അവർ ആരുമായും അധികം ഇടപെടുകയില്ല എന്നതും ആ കോൺഗ്രിഗേഷന്റെ നിയമം.

നിത്യജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ നാം അറിയാതെ നമുക്കുവേണ്ടി അനേകർ പ്രാർത്ഥിച്ചതിന്റെ, പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുന്നതിന്റെ പരിണിതഫലമല്ലേ നാം ഇന്നനുഭവിക്കുന്ന നന്മകൾക്കു നിദാനം. ഇപ്പോഴും ഓരോ വിശുദ്ധ കുർബാനയിലും, ധ്യാനമന്ദിരങ്ങളിലും അനേകം പേർ നാം അറിയാതെ നമുക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുന്നുവെന്നത് നാം തിരിച്ചറിയണം. അതുപോലെ നമുക്കും മറ്റുള്ളവർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കാൻ കടമയില്ലേ, കടപ്പാടില്ലേ!!!



2015 ൽ കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ ഡബ്ലിനിലുള്ള കർമ്മലീത്താ സിസ്റ്റേഴ്സിനെ സന്ദർശിച്ചപ്പോൾ



At the request of
"Contemplation & the Apostolate,"
Benedictine Abbey, Bruges, Belgium,
our Community agreed to "adopt" spiritually,
the Archdiocese of Trivandrum (Syrian Rite)
Travancore, S. India, ruled then by His Grace,
Mar Ivanios.
The letter of request is date 5th September 1932.
The official assignment is dated 20th Sept. 1932

മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രാർത്ഥനയിൽ എല്ലാ ദിവസവും ഓർത്തുകൊള്ളാമെന്ന് 1932 ൽ സിസ്റ്റേഴ്സ് എഴുതിയ ഡയറിക്കുറിപ്പ്




1932 ൽ മാർ ഈവാനിയോസ് തിരുമേനി ബലിയർപ്പിച്ച ഡബ്ലിനിലെ സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്

# ആദ് ലിമിനാ (Ad Limina Apostolorum) സന്ദർശനം

**മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ അഭി. പിതാക്കന്മാർ 2019 സെപ്റ്റംബർ 23ന് ഫ്രാൻസിസ് മാർപാപ്പായെ കണ്ട് ആദ് ലിമിനാ സന്ദർശനം നടത്തുന്നു**

**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

2019 സെപ്റ്റംബർ 23 മുതൽ മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ അഭി. പിതാക്കന്മാർ, സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ, റോമിൽ, ഫ്രാൻസിസ് മാർപാപ്പായെ കണ്ട് ആദ് ലിമിനാ സന്ദർശനം നടത്തുകയാണ്. കത്തോലിക്കാസഭയിലെ ഓരോ റീത്തിലെയും മേലദ്ധ്യക്ഷന്മാർ ഒന്നിച്ച് അഞ്ചുവർഷത്തിലൊരിക്കൽ, മാർപാപ്പായെ ഔദ്യോഗികമായി സന്ദർശിച്ച്, തങ്ങളുടെ ഭദ്രാസനങ്ങളിലെ നിലവിലുള്ള സാഹചര്യങ്ങളും വിവരങ്ങളും സ്ഥിതിഗതികളും സൂചിപ്പിച്ചുകൊണ്ട്, പാപ്പായ്ക്ക് റിപ്പോർട്ട് നല്കുന്ന സന്ദർശനത്തിനാണ് ആദ് ലിമിനാ സന്ദർശനം എന്നു പറയുക. അതുവഴി ഓരോ വ്യക്തിഗത സഭയെക്കുറിച്ചും, ഭദ്രാസനങ്ങളെക്കുറിച്ചും പാപ്പായ്ക്ക് കൂടുതൽ അടുത്തറിയുവാനും, ഓരോ സഭയുടെയും ഭദ്രാസനത്തിന്റെയും തുടർപ്രവർത്തനങ്ങളിലും ശുശ്രൂഷകളിലും പാപ്പായുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുവാനും സാധിക്കുന്നതാണ് ഈ സന്ദർശനത്തിന്റെ ഫലം. Limen എന്ന ലത്തീൻ നാമത്തിന്റെ accusative plural ആണ് Limina. Limina എന്നു പറഞ്ഞാൽ Threshold (ഉമ്മറം)/ house. Latin preposition 'ad' എന്നു പറഞ്ഞാൽ to/toward/at എന്നർത്ഥം. ഈ അർത്ഥത്തിൽ Ad Limina എന്നു പറഞ്ഞാൽ visiting the thresholds/house of Apostles Peter and Paul എന്നാണ്.

1585 ൽ Sixtus അഞ്ചാമൻ മാർപാപ്പാ ആദ് ലിമിനാ സന്ദർശനത്തിന്റെ നടപടിക്രമങ്ങളും ലക്ഷ്യങ്ങളും രേഖപ്പെടുത്തിയ തിരുവെഴുത്തിലൂടെ ലോകത്തിന്റെ ഏത് ഭാഗത്തുമുള്ള കത്തോലിക്കാസഭയിലെ മെത്രാന്മാർ, അവരവരുടെ രൂപതയെക്കുറിച്ചുള്ള വിവരങ്ങൾ റോമിലെത്തി, മാർപാപ്പായ്ക്ക് കൈമാറണമെന്നും, രൂപതയുടെ സ്ഥിതിവിവരക്കണക്കുകളും, വിശദാംശങ്ങളും മാർപാപ്പായെ ബോധ്യപ്പെടുത്തണമെന്നും നിർദ്ദേശിച്ചു. 1740 ൽ ബനഡിക്ട് പതിന്നാലാമൻ പാപ്പാ 'Quod Sancta' എന്ന തിരുവെഴുത്തിലൂടെ ആദ് ലിമിനയെക്കുറിച്ച് കൂടുതൽ വിശദാംശങ്ങളും നിർദ്ദേശങ്ങളും നല്കി. നിലവിലുള്ള ആദ് ലിമിനാ സന്ദർശനത്തിന്റെ വിശദാംശങ്ങൾ കുറേക്കൂടി വ്യക്തമാക്കിയത് പീയൂസ് പത്താമൻ മാർപാപ്പായാണ്. 1909 ഡിസംബർ 31 ന്, Decree for the Consistorial Congregation എന്ന തിരുവെഴുത്തിലൂടെ, 1911 മുതൽ അഞ്ചുവർഷത്തിലൊരിക്കൽ, ഓരോ മെത്രാനും അവരവരുടെ ഭദ്രാസനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പാപ്പായെ ധരിപ്പിക്കണമെന്ന് നിർദ്ദേശിച്ചു. റോമിൽ ആദ് ലിമിനയ്ക്കെത്തുന്ന എല്ലാ മെത്രാന്മാരും പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ കബറിടങ്ങൾ സന്ദർശിക്കുക,



മാർപാപ്പായെ വ്യക്തിപരമായി സന്ദർശിച്ച് തങ്ങളുടെ ഭദ്രാസനവുമായി ബന്ധപ്പെട്ട ആത്മീയവും, ധാർമികവും, വിശ്വാസപരവുമായുള്ള സ്ഥിതിഗതികൾ ധരിപ്പിക്കുക, അജപാലന മേഖലയിൽ നേരിടുന്ന വെല്ലുവിളികൾ, കഴിഞ്ഞ ആദ് ലിമിനക്കുശേഷമുള്ള ഭദ്രാസനത്തിന്റെ വളർച്ച, കോട്ടങ്ങൾ എന്നിവ വെളിപ്പെടുത്തുക, നിലവിലുള്ള കത്തോലിക്കാ ജനസംഖ്യ, ചുറ്റുമുള്ള മറ്റ് കത്തോലിക്കാ റീത്തുകൾ, വിവിധ വിഭാഗങ്ങളിൽപെടുന്ന അകത്തോലിക്കർ എന്നിവയെക്കുറിച്ചും, രൂപതാകച്ചേരി, സഭാകോടതി, രൂപതാ വൈദികർ, സന്യാസ വൈദികർ, സന്യാസിനികൾ, ഇടവകകൾ, സംഘടനകൾ, സെമിനാരി, വൈദികപരിശീലനം, വൈദികപരിശീലനത്തിന്റെ പാഠ്യവിഷയങ്ങൾ, ആരാധനാജീവിതം, യുവജനങ്ങളുടെ പരിശീലനം, കുഞ്ഞുങ്ങളുടെ മതബോധനം..... ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം വിശദാംശങ്ങൾ അറിയിക്കുവാൻ ഓരോ ഭദ്രാസനത്തിലെയും മെത്രാന്മാർക്ക് ഉത്തരവാദിത്വമുണ്ടെന്ന് മേല്പറഞ്ഞ രേഖ ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം 1983 ലെ Code of Canon Law (CIC) 399-400 ലും, 1990 ലെ പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമം (CCEO) 208 ലും, ആദ് ലിമിനായെക്കുറിച്ചുള്ള നൈയാമികവശങ്ങളും വെളിപ്പെടുത്തുന്നുണ്ട്.

ഒരു വ്യക്തിഗതസഭയിലെ എല്ലാ മെത്രാന്മാരും ഒരുമിച്ച് പാപ്പായെ സന്ദർശിക്കുകയും, ഓരോരുത്തരും അവരവരുടെ ഭദ്രാസനത്തിലെ വിവരങ്ങൾ പാപ്പായെ അറിയിക്കുകയും ചെയ്യുക എന്നത് എല്ലാ മെത്രാന്മാരുടെയും ഉത്തരവാദിത്വമാണ്. വത്തിക്കാനിൽ പോയി ഒരു മെത്രാൻ സാധാരണയായി പാപ്പായെ സന്ദർശിക്കുന്നതോ, സിനഡിലോ മറ്റ് സമ്മേളനങ്ങളിലോ, ആഘോഷങ്ങളിലോ സംബന്ധിക്കുവാൻ പോകുന്നതോ പോലെയുള്ള ഒരു സന്ദർശനമല്ല ഇത്. മറിച്ച്, അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാർ, അപ്പസ്തോല തലവനായ പത്രോസിന്റെ കബറിടം സന്ദർശിച്ച്, പത്രോസിന്റെ പിൻഗാമി


യായ മാർപാപ്പായെ നേരിൽ കണ്ട്, തങ്ങളുടെ സഭയുമായും, ഭദ്രാസനവുമായും ബന്ധപ്പെട്ട കാര്യങ്ങൾ ധരിപ്പിക്കുകയും, ചർച്ച ചെയ്യുകയും ചെയ്യുക എന്നതാണ് ആദ് ലിമിനാ സന്ദർശന ത്തിന്റെ ലക്ഷ്യം. അപ്പസ്തോലന്മാരുടെ കബ റിടങ്ങൾ സന്ദർശിച്ച് തീർത്ഥാടനം നടത്തുക മാത്രമല്ല, പത്രോസിന്റെ പിൻഗാമിക്ക് പരിപൂർണ്ണ വിധേയത്വവും ആദരവും അറിയിക്കുകയും, പത്രോസിന്റെ പിൻഗാമിക്കുള്ള സാർവ്വത്രിക അധികാരത്തിന് വിധേയപ്പെടുകയും, അതാത് സഭയുടെയും ഭദ്രാസനത്തിന്റെയും സ്ഥിതിവി വര കണക്കുകൾ വെളിപ്പെടുത്തുകയും, പാപ്പാ യുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രാദേശികസഭയുമായുള്ള പാപ്പായുടെ അടുപ്പവും ബന്ധവും കൂടുതൽ ശക്തവും ഊഷ്മളവും ആക്കുവാൻ ഈ സന്ദർശനത്തിലൂടെ ഇടയാവു കയും ചെയ്യുന്നു. അതിനാൽ അഞ്ചുവർഷത്തി ലൊരിക്കൽ മാർപാപ്പായുടെ സൗകര്യമനുസരിച്ച്, വത്തിക്കാൻ നല്കുന്ന സമയത്ത് ഈ സന്ദർശനം നടത്തുക എന്നതാണ് നിലവിലുള്ള രീതി. മെത്രാ ന്മാർക്ക് ഈ സന്ദർശനത്തിലൂടെ പ്രധാനമായും രണ്ട് ഉത്തരവാദിത്വങ്ങളാണ് നിറവേറ്റുവാനുള്ളത്. ഒന്ന്, അപ്പസ്തോലന്മാരുടെ പിൻഗാമികളെന്ന നിലയിൽ തങ്ങളുടെ ഉത്തരവാദിത്വം കൂടുതൽ ശക്തിപ്പെടുത്തുക. രണ്ട്, പത്രോസിന്റെ പിൻഗാ മിയായ മാർപാപ്പായുമായുള്ള ഐക്യദാർഢ്യവും വിധേയത്വവും കൂടുതൽ ഊഷ്മളമാക്കുക.

**മലങ്കര കത്തോലിക്കാസഭയുടെ മുൻ ആദ് ലിമിനാ സന്ദർശനം**

2011 മാർച്ച് 25ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പായെ കണ്ട് നടത്തിയ ആദ് ലിമിനാ സന്ദർശനത്തിൽ സഭയുടെ തലവനും പിതാവു മായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ, ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, ഗീവർഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ഏബ്രഹാം മാർ യൂലി യോസ്, വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ യൗസേബിയോസ്, ജേക്കബ് മാർ ബർണ



ബാസ്, തോമസ് മാർ അന്തോണിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, സാമുവേൽ മാർ ഐറേനിയസ് എന്നിവർ പങ്കെടുത്തു. പൊതുവായി നടത്തിയ കൂടിക്കാഴ്ചയ്ക്കു പുറമേ, എല്ലാ മെത്രാന്മാർക്കും പാപ്പായുമായി വ്യക്തിപ രമായ കൂടിക്കാഴ്ചയും ലഭിച്ചു. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനു ശേഷമുള്ള ആദ്യത്തെ ആദ് ലിമിനാ സന്ദർശന മായിരുന്നു അത്. മലങ്കര സുറിയാനി കത്തോലി ക്കാസഭ കാത്തുസൂക്ഷിക്കുന്ന അപ്പസ്തോലിക പാരമ്പര്യങ്ങൾ ആത്മീയമായി ഫലദായകമാകു ന്നത് സാർവ്വത്രികസഭയുമായുള്ള ബന്ധത്തിലും ഐക്യത്തിലുമാണെന്നും, പുനരൈക്യപ്രസ്ഥാന ത്തിലൂടെ ഈ കൂട്ടായ്മയെ ആഗോള കത്തോ ലിക്കാസഭയുടെ സമ്പൂർണ കൂട്ടായ്മയിലേക്ക് നയിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാ വിന്റെ കാലടികളെ പിൻചെന്ന് അദ്ദേഹം സ്വപ്നം കണ്ട സഭാദർശനം കൈവരിക്കണമെന്നും മാർപാപ്പാ മെത്രാന്മാരെ ഓർമ്മിപ്പിച്ചു. അപ്പസ്തോ ലന്മാരിലൂടെ കൈമാറ്റം ചെയ്യപ്പെട്ട വിശ്വാസം, ഇപ്പോഴും കൈമാറ്റം ചെയ്യപ്പെടുവാൻ ഇടയാകു ന്നത് കർത്താവിന്റെ വിലപ്പെട്ട ദാനമാണെന്നും, ആദിമസഭയുടെ പാരമ്പര്യങ്ങളും ചരിത്രവും നിലനിർത്തിക്കൊണ്ടുതന്നെ, ഇന്ത്യയിലെ ക്രിസ്തുമതം മതപരവും ആത്മീയവുമായ മേഖ ലയിലൂടെ സംസ്കാരത്തിനും സമൂഹത്തിനും നല്കുന്നത് വലിയ സംഭാവനകളാണെന്നും മാർപാപ്പാ സൂചിപ്പിച്ചു. സുവിശേഷം ജീവി ക്കുവാനുള്ള നിശ്ചയദാർഢ്യം, ക്രിസ്തുവിന്റെ സഭയുടെയും, ഇന്ത്യൻ സമൂഹത്തിന്റെയും നന്മയ്ക്കായുള്ള പ്രവർത്തനങ്ങളെ ലക്ഷ്യമാക്കി വേണമെന്നും, ദൈവവചന പ്രഘോഷണത്തി ലൂടെയും, ദൈവസ്നേഹത്തിലധിഷ്ഠിതമായ കൂട്ടായ്മയിലൂടെയും വിശ്വാസസമൂഹത്തിന് മുന്നോട്ട് പോകുവാൻ കഴിയട്ടെയെന്നും പാപ്പാ പ്രസംഗമദ്ധ്യേ സൂചിപ്പിച്ചു. സുവിശേഷ പ്രഘോ ഷണത്തിലെ വെല്ലുവിളികളും വൈദികരുടെ കുറവും സൂചിപ്പിച്ച് മാർപാപ്പാ ഇപ്രകാരം പറഞ്ഞു: ചെറിയ ക്രിസ്തീയ സമൂഹങ്ങളാണ് എപ്പോഴും സഭയുടെ ചരിത്രത്തിൽ വലിയ സാക്ഷ്യം വഹിച്ചിട്ടുള്ളതെന്നും, വിശ്വാസിക ളുടെ ജീവിതത്തിലും, വിശ്വാസത്തിലും, സാക്ഷ്യ ത്തിലും, ദൈവികസാന്നിധ്യമാണ് അടിസ്ഥാന മായി ഉണ്ടാകേണ്ടതെന്നും പറഞ്ഞു. ക്രിസ്തീയ വിശ്വാസികളുടെ വിശ്വാസപരിശീലകരാണ് മെത്രാന്മാരെന്നും, ആ പരിശീലനം നിർവ്വഹി ക്കേണ്ടത്, വി. ഗ്രന്ഥത്തെയും പാരമ്പര്യത്തെയും ആരാധനയെയും കേന്ദ്രീകരിച്ചുള്ള മതബോ ധനത്തിലൂടെയും വിശ്വാസപരിശീലനത്തിലൂ ടെയും ആയിരിക്കണമെന്നും തദവസരത്തിൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ മെത്രാൻസം ഘത്തെ ഉദ്ബോധിപ്പിച്ചു. ■





**സി. ലില്ലി ജോസ് എസ്.ഐ.സി.**
(മദർ പ്രൊവിൻഷ്യൽ, തിരുവല്ല)

# ഞാൻ ദൈവത്തിന്റെ കൈയ്യിലെ വെറുമൊരു പെൻസിൽ

മദർ തെരേസ! ഈ നാമം ഉച്ചരിക്കുന്നതു പോലും ഒരു പുണ്യമാണ്. അൽബേനിയായിലെ സ്കോപ്ജെ പട്ടണത്തിൽ ജനിച്ചു വളർന്ന ആഗ്നസ് എന്ന പെൺകുട്ടിയിൽനിന്നും ഭാരതത്തിന്റെ സ്വന്തം മദർ തെരേസയിലേക്കുള്ള പരിണാമത്തിൽ ആകെ കൈമുതലായി ഉണ്ടായിരുന്നത്, ദൈവപുത്രനോടുള്ള അനിർവചനീയമായ സ്നേഹവും, അവനിലുള്ള അചഞ്ചലമായ വിശ്വാസവുമായിരുന്നു. സന്യാസിനി ആകാനുള്ള തന്റെ ആഗ്രഹത്തെ എതിർത്ത, അൽബേനിയൻസേനയിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന സഹോദരനോട് പതിനെട്ടു വയസ്സുകാരി ആഗ്നസ് എന്ന പെൺകുട്ടി അന്ന് പറഞ്ഞ വാക്കുകൾ ഓരോ സമർപ്പിതരുടെയും ഹൃദയകാഹളമാണ്. ''ജ്യേഷ്ഠൻ രണ്ടു ദശലക്ഷം ജനങ്ങളുടെ രാജാവിനെ സേവിക്കുമ്പോൾ, ഞാൻ ലോകത്തിന്റെ മുഴുവൻ രാജാവിനെ സേവിക്കാൻ പോകുന്നു''.

''അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി''. അതെ, നോക്കണം. അവങ്കലേക്കുതന്നെ. ചന്ദ്രനും കോടി ക്കണക്കിനുവരുന്ന നക്ഷത്രങ്ങൾക്കും പ്രകാശിതരാകുവാൻ സൂര്യനിലേക്ക് നോക്കണം. ''ഞാൻ ലോകത്തിന്റെ പ്രകാശമാണ്'' എന്ന ഗുരുമൊഴികൾ ഹൃദയത്തിൽ ഏറ്റുവാങ്ങി ഈ അമ്മ അവങ്കലേക്ക് നോക്കി. ഭാരതത്തിന് ലഭിച്ച ചന്ദ്രതേജസ്സായിരുന്നു മദർ തെരേസ. ലോകത്തിന്റെ മറ്റൊരു കോണിൽനിന്നും, ഭാരതത്തിനുവേണ്ടി പ്രകാശിതയാകുവാൻ നിയോഗിക്കപ്പെട്ടവൾ. ''ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്'' എന്ന ദൈവവചനത്തെ അമ്മ ഹൃദയത്തോട് ചേർത്തുവച്ചു. കിടക്കയിൽ താൻ സുഗമമായി ഉറങ്ങുകയും, തെരുവിൽ അനേകം മക്കൾ സ്വസ്ഥതയില്ലാതെ അലയുകയും ചെയ്യുന്നുവെന്ന ചിന്ത ആ അമ്മയെ വല്ലാതെ വേദനിപ്പിച്ചു. കൊൽക്കത്തായുടെ തെരുവീഥിയിലേക്ക് ഇറങ്ങി, ഉറ്റവരും ഉടയവരും ആട്ടിയകറ്റിയവരെ ഈ അമ്മ നെഞ്ചോട് ചേർത്തുപിടിച്ചു. ഗ്ലൗസ്സും ഡെറ്റോളും ഒന്നുമില്ലാതെ അവരുടെ വ്രണങ്ങൾ കഴുകി. ദുർഗന്ധം വമിക്കുന്ന ശരീരങ്ങളെ യാതൊരു ഭാവഭേദവുമില്ലാതെ, കൈകൊണ്ട് കുളിപ്പിച്ചും ഭക്ഷണം കഴിപ്പിച്ചും പെറ്റമ്മ ഉപേക്ഷി



ച്ചവർക്ക് തെരുവിന്റെ അമ്മയായി. കുഷ്ഠമെന്നോ, എയ്ഡ്സെന്നോ, പ്ലേഗെന്നോ, വസൂരിയെന്നോ വേർതിരിവില്ലാതെ എല്ലാവർക്കും എല്ലാമായി..... തനിക്ക് രോഗം വരുമോ എന്ന് ഭയപ്പെട്ടതുമില്ല. സ്വയം ശൂന്യമാക്കപ്പെട്ട് പകുത്തു നൽകിയ യേശുവിനെ, സ്വജീവിതത്തിലൂടെ അനേകർക്ക് കാട്ടി കൊടുത്ത ഈ അമ്മ നമ്മെ ഓർമ്മിപ്പിക്കുന്നു, ''സ്നേഹം ഒരിക്കലും അളക്കാൻ കഴിയില്ല, നൽകാനേ കഴിയൂ'.

തികച്ചും നിശബ്ദമായിരുന്നു അമ്മയുടെ പ്രവർത്തനങ്ങൾ. ഈ അമ്മയുടെ ഓർമ്മതിരുനാൾ ലോകമെമ്പാടും ആദരവോടും സ്നേഹത്തോടും കൂടി ആചരിക്കുമ്പോൾ, പാവപ്പെട്ടവർക്കായി അരി, ബാഗ്, കുട, ബുക്ക്, ആഹാരം തുടങ്ങിയ 'പലതും' വിതരണം ചെയ്ത്, ''വൈറലാകാൻ'' നോക്കുന്ന സമൂഹത്തെ നോക്കി മദർ തെരേസ വേദനിക്കുന്നുണ്ടാവുമോ? അമ്മയുടെ വ്യക്തിജീവിതത്തിന് പ്രസക്തിയും തിളക്കവും ഏറുന്നതും, മഹത്വവും മാതൃകയും ഏകുന്നതും ഇത്തരം സന്ദർഭങ്ങളിലാണ്.

കൊൽക്കത്താ തെരുവുകളെ സ്നേഹം കൊണ്ട് സ്വന്തമാക്കിയ അമ്മയെ, ജീവിച്ചിരുന്നപ്പോൾതന്നെ ലോകം വിശുദ്ധയായി കരുതി. പിന്നീട് ഔദ്യോഗിക ചടങ്ങുകൾ പൂർത്തിയാവുക എന്നത് ഔപചാരികത മാത്രമായിരുന്നു. ജാതിയുടേയും മതത്തിന്റേയും അപ്പുറത്ത് സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് പുറത്താക്കപ്പെട്ടവർക്കുവേണ്ടിയായിരുന്നു അമ്മയുടെ ജീവിതം. ചേർന്നു നിന്നവർക്കെല്ലാം അമ്മ സ്നേഹക്കടലായിരുന്നു. കാരുണ്യത്തിന്റെ തിരയടങ്ങാത്ത കടൽ സകലതും. ദൈവേഛയ്ക്ക് അവൾ വിട്ടുകൊടുത്തു. തന്റെ ശുശ്രൂഷാനിർവ്വഹണത്തിന് വേണ്ടിവരുന്ന പണച്ചെലവിന്റെ കാര്യത്തിൽപോലും അമ്മ അസ്വസ്ഥയായില്ല. ''ദൈവം തന്നെ വഴി നടത്തും. ആ ഹിതത്തിനപ്പുറം ഒന്നും സംഭവിക്കുകയില്ല. ചെയ്യേണ്ടാത്തവയാണെങ്കിൽ ദൈവം അവസരം ഒരുക്കില്ല. അല്ലായെങ്കിൽ ദൈവം അത് നടത്തിക്കൊള്ളും'' എന്ന അചഞ്ചലമായ വിശ്വാസം മാംസം ധരിച്ചതായിരുന്നു അമ്മയുടെ ജീവിതം.

**മദർ തെരേസായുടെ ജീവിതം ഒറ്റനോട്ടത്തിൽ**
ജനനം: **1910 ഓഗസ്റ്റ് 26**
സന്യാസജീവിതം : **1931 മെയ് 24**
മരണം : **1997 സെപ്റ്റംബർ 5 (പ്രായം 87)**
വാഴ്ത്തപ്പെട്ടവളായി : **2003 ഒക്ടോബർ 19**
വിശുദ്ധയായി : **2016 സെപ്റ്റംബർ 4**
ഓർമ്മത്തിരുന്നാൾ : **സെപ്റ്റംബർ 5**

തന്നെ കാണാൻ എത്തുന്നവർക്ക് അമ്മ ഒരു കാർഡ് സമ്മാനിച്ചിരുന്നു. അതിൽ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു. ''നിശബ്ദതയുടെ ഫലം പ്രാർത്ഥനയാണ്, പ്രാർത്ഥനയുടെ ഫലം സ്നേഹമാണ്, സ്നേഹത്തിന്റെ ഫലം സേവനമാണ്, സേവനത്തിന്റെ ഫലം സമാധാനമാണ്''. പ്രാർത്ഥന, സ്നേഹം, സേവനം, സമാധാനം ഈ വാക്കുകളെ ഇതിലും മനോഹരമായി കോർത്തിണക്കുന്നതെങ്ങനെ?......... ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് ഉദാത്തമാതൃകയായി ഹൃദയത്തിൽ എരിയേണ്ട ദീപമാണ് ഈ അമ്മ. നമ്മെക്കാൾ ദുരിതമനുഭവിക്കുന്നവരുടെ ജീവിതത്തിൽ സ്നേഹസാന്നിധ്യമായി മാറുവാനുള്ള ഒരു ഓർമ്മപ്പെടുത്തലാകട്ടെ ഈ അമ്മയെപ്പറ്റിയുള്ള സ്മരണ.

ലോകത്തെ മുഴുവൻ സ്നേഹംകൊണ്ട് കീഴടക്കുവാൻ ഓരോ സമർപ്പിതർക്കും ദൈവജനത്തിനും ഈ അമ്മയുടെ മദ്ധ്യസ്ഥതയിൽ സാധിക്കട്ടെ. അമ്മയുടെ വാക്കുകൾ നമുക്ക് മറക്കാതിരിക്കാം. ''നമുക്ക് ഒരിക്കലും അറിയില്ല, എല്ലാ നല്ല കാര്യങ്ങളും ഒരു ചെറുപുഞ്ചിരിയിൽ ചെയ്യാമെന്ന്'. വി. ജോൺ പോൾ മാർപാപ്പ പറഞ്ഞതുപോലെ ''മദർ തെരേസായുടെ പുഞ്ചിരിയിൽ, വാക്കുകളിൽ, പ്രവർത്തികളിൽ, യേശു വീണ്ടും തെരുവിലൂടെ നല്ല സമറായനായി കടന്നുവരുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്'' എന്നത് നമ്മെക്കുറിച്ചും പറയുവാൻ ഇടയാവട്ടെ. മനുഷ്യനന്മയ്ക്കായുള്ള മദറിന്റെ ജോലികളും, വിശ്രമമില്ലാതെ നടത്തിയ നിസ്വാർത്ഥമായ സേവനങ്ങളും, കരുണയും എളിമയും എല്ലാം ഈ ലോകത്തിന് തിരിനാളമായി മാറി. ഈ തിരുനാൾ ദിനത്തിൽ മദറിന് നൽകാവുന്ന ഏറ്റവും നല്ല പ്രതിസമ്മാനം നമ്മുടേയും മറ്റുള്ളവരുടേയും ജീവിതത്തിൽ ഇത്തരം നന്മകൾ അന്വേഷിക്കുകയും വളർത്തുകയും ചെയ്യുക എന്നതാണ്. ലോകമെമ്പാടുമുള്ള മനുഷ്യർക്ക് നന്മയുടേയും മനുഷ്യത്വത്തിന്റേയും മകുടോദാഹരണമായിരുന്ന മദർ തെരേസായുടെ മധുരിക്കുന്ന ഓർമ്മകൾ മനുഷ്യമനസുകളിൽനിന്ന് മാഞ്ഞുപോവുകയില്ല. പ്രിയരെ, മദർ തെരേസ തെളിച്ച പുതുവഴികളിലൂടെയുള്ള യാത്ര ഒറ്റനോട്ടത്തിൽ ദുർഘടമാണെന്ന് തോന്നാം. ഇവിടെ, ചെറുതാകുന്ന പ്രക്രിയയാണ് മനുഷ്യനെ ഉന്നതനാക്കുന്നത് എന്ന് മനസിലാക്കി നിർമ്മലമായ സ്നേഹം ഉള്ളിൽ നിറയ്ക്കാം.......ദൈവത്തിന്റെ കൈയ്യിലെ വെറുമൊരു പെൻസിൽ ആയിത്തീരുവാനുള്ള മദറിന്റെ ആഗ്രഹവും പ്രാർത്ഥനയും പ്രയത്നങ്ങളും നമുക്ക് ഏറ്റെടുക്കാം..........പുണ്യം പൂക്കുന്ന അനേകം മദർ തെരേസമാർ നമ്മിലൂടെ പിറവി കൊള്ളട്ടെ.

■

## മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 89–ാമത് പുനരൈക്യവാർഷികവും ബഥനി ശതാബ്ദി ആഘോഷവും

### 2019 സെപ്റ്റംബർ 19, 20 തീയതികളിൽ കോട്ടയം ഗിരിദീപം ക്യാമ്പസ്സിൽ

## വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നല്കുന്നവർ

**1. Steering Committee**

| | | |
|---|---|---|
| Patron | : | Moran Mor Baselios Cardinal Cleemis Catholicos |
| Vice Patron | | His Grace Archbishop Thomas Mar Koorilos Metropolitan |
| Chairman | : | Most Rev. Dr. Yoohanon Mar Theodosius |
| General Convenor | : | Very Rev. Fr. Jose Kuruvila Peedikayil OIC |
| General Secretary | : | Very Rev. Fr. Dr. Varghese Manackalettu |

**2. Programme & Public Meeting**

| | | |
|---|---|---|
| Chairman | : | Rt. Rev. Msgr. Cherian Thazhamon |
| Convenor | : | Mr. Shaji Mathew Kooliyattu |
| 3. Madhyasthaprarthana | | |
| Chairman | : | Most Rev. Dr. Samuel Mar Irenius |
| Convenor | : | Rev. Fr. Joseph Ancheril OIC |

**4. Suvisesha Sandhya** :

| | | |
|---|---|---|
| Chairman | : | Fr. Dr. Antony Kakkanattu |
| Convenor | : | Rev. Fr. Antony Kallil OIC |
| 5. Liturgy | | |
| Chairman | : | Fr. Dr. Isaac Parappallil |
| Convenor | : | Very Rev. Mother Little Flower SIC |

**6. Invitation & Reception**

| | | |
|---|---|---|
| Chairman | : | Very Rev. Fr. Mathew Thiruvalil OIC |
| Convenor | : | Very Rev. Mother Mercy John DM |

**7. Publicity**

| | | |
|---|---|---|
| Chairman | : | Rev. Fr. George Vettikkattil |
| Convenor | : | Mr. P. K. Joseph |

**8. Finance**

| | | |
|---|---|---|
| Chairman | : | Rev. Fr. Jacob Varghese Eettithadathil OIC |
| Convenor | : | Mr. Joji Vizhalil |

**9. Food**

| | | |
|---|---|---|
| Chairman | : | Rev. Fr. Dr. Varghese Thykkoottathil OIC |
| Convenor | : | Mr. Eji Parapatt |

**10. Accommodation**

| | | |
|---|---|---|
| Chairman | : | Rev. Fr. Thomas Sathyan Naduvilethu OIC |
| Convenors | : | Very Rev. Sr. Lilly Jose SIC & Mr. Suresh Mundiackal |

**11. Stage, Seating & General Arrangements**

| | | |
|---|---|---|
| Chairman | : | Rev. Fr. Justin Chakkunkal OIC |
| Convenor | : | Mr. Honey Varickaplammoottil |

**12. Light & Sound**

| | | |
|---|---|---|
| Chairman | : | Rev. Fr. Antony Padipurackal OIC |
| Convenor | : | Mr. Joseph Chirayil George |

**13. Decoration**

| | | |
|---|---|---|
| Chairman | : | Fr. Mathew Shoby Panachikuzhiyil OIC |
| Convenor | : | Very Rev. Sr. Mary Sosamma OSS |

**14. Documentation**

| | | |
|---|---|---|
| Chairman | : | Very Rev. Msgr. John Thundiyath |
| Convenor | : | Rev. Fr. George Thomas Kochuvilayil |

**15. Exhibition**

| | | |
|---|---|---|
| Chairman | : | Very Rev. Dr. Jose Mariadas Padipurackal OIC |
| Convenor | : | Rev. Fr. Varghese Vinayanand OIC |

**16. Photos, Videos, Close Circuit**

| | | |
|---|---|---|
| Chairman | : | Rev. Fr. Mathew Manaluvila OIC |
| Convenor | : | Mr. Isaac Chakalamuriyil |

**17. Green Protocol**

| | | |
|---|---|---|
| Chairman | : | Shri. Jacob Punnoose IPS |
| Convenors | : | Rev. Fr. Mathai Iranathara OIC & Mr. Jomon Thannimoottil |

**18. Medical Aid**

| | | |
|---|---|---|
| Chairman | : | Rev. Fr. Jose Kallumalickal |
| Convenor | : | Rev. Sr. Deepa OSS |

**19. Volunteers**

| | | |
|---|---|---|
| Chairman | : | Rev. Fr. Sebastian Kizhakkethil |
| Convenors | : | Rev. Fr. Jacob Areeckal & Mr. Tinu Kuriakose |

**20. Transportation**

| | | |
|---|---|---|
| Chairman | : | Rev. Fr. Varghese Tharamuttom OIC |
| Convenor | : | Rev. Bro. George Gracious OIC |

**21. Parking, Law & Order**

| | | |
|---|---|---|
| Chairman | : | Rev. Fr. Joseph Varambunkal OIC |
| Convenor | : | Mr. Mathew Patharathil |



# പ്രബോധനങ്ങൾ... സെപ്റ്റംബർ

## സെപ്റ്റംബർ 01 ഞായർ

**വി. മർക്കോസ് 10: 35–45 – യോഗ്യതയാണ്, സ്വാധീനമല്ല**

**റവ. ഫാ. മാത്യു ചിറയിൽ**

ദീർഘകാലം യേശുവിന്റെ കൂടെ നടന്നവർക്ക് അധികാരമോഹം ഉണ്ടാകുന്നു. യേശു തന്റെ രാജകീയ സ്ഥാനാരോഹണത്തെക്കുറിച്ചു പറഞ്ഞപ്പോഴല്ല, മറിച്ച് ദാരുണമായ സഹനത്തെയും മരണത്തെയുംകുറിച്ച് സംസാരിച്ചപ്പോഴാണ് ഈ അധികാരമോഹം അവർക്കുണ്ടായത്. അന്നുവരെ ശിഷ്യരുടെ നേതാവായ പത്രോസിനെ അവഗണിച്ചുകൊണ്ടാണ് യാക്കോബും, യോഹന്നാനും തങ്ങളുടെ സ്ഥാനമോഹം പ്രകടമാക്കുന്നത്. ശിഷ്യരുടെയിടയിൽ പോലുമുള്ള അസൂയയും, മാത്സര്യവും, സ്പർദ്ധയുമെല്ലാം പുറത്തുകൊണ്ടുവരുന്ന ഒരു സുവിശേഷഭാഗമാണിത്.

ഈശോയുടെ ജീവിതലക്ഷ്യം കുരിശുമരണമായിരുന്നു. അവിടുത്തെ ചിന്ത ജറുസലേമിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ ആയിരുന്നു. എന്നാൽ ശിഷ്യന്മാരുടെ ചിന്തകളും, ഭാവനകളും ഈശോ സ്ഥാപിക്കാനിരിക്കുന്ന രാജ്യത്തെക്കുറിച്ചായിരുന്നു. അവിടെ ലഭിക്കാൻ പോകുന്ന അധികാര കസേരകളെപറ്റിയും അവർ ചിന്തിച്ചിരുന്നു.

സെബദിപുത്രന്മാർ തങ്ങളുടെ സ്വാർത്ഥതാൽപര്യത്തിനായിട്ടാണ് യേശുവിനെ സമീപിച്ചത്. 'ഗുരോ' എന്നു വിളിച്ചുകൊണ്ടാണ് സംഭാഷണം ആരംഭിക്കുന്നത്. അതിരുകളില്ലാത്ത ആഗ്രഹമായിരുന്നു അവരുടേത്. അവരുടെ അപേക്ഷ വ്യക്തമാക്കാൻ യേശു ആവശ്യപ്പെടുന്നു. യേശുവിന്റെ വലതും, ഇടതും ഇരിക്കാനുള്ള ഭാഗ്യത്തിനുവേണ്ടിയാണ് രണ്ടു ശിഷ്യരും യേശുവിനെ സമീപിച്ചത്. രാജാവിന്റെ വലതുവശത്തെ ഇരിപ്പിടം, രാജാവിനു ശേഷമുള്ള ഏറ്റവും വലിയ അധികാരിക്ക് അവകാശപ്പെട്ടതായിരുന്നു. അതുപോലെതന്നെ രാജാവിന്റെ ഇടതുവശത്തുള്ള ഇരിപ്പിടം അതിനടുത്ത ഏറ്റവും വലിയ അധികാരിക്കുള്ളതായിരുന്നു. സങ്കീർത്തനം 110:1 ൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കാനാണ് രാജാവിനെ ക്ഷണിക്കുന്നത്. ഗുരുവിന്റെ മനസ്സിൽ എത്തിച്ചേരുന്നത് സഹനംവഴിയാണെന്ന അറിവ് ഈ ശിഷ്യർക്കില്ല. രണ്ട് ചോദ്യങ്ങൾ യേശു അവരോട് ചോദിച്ചു. ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കാൻ നിങ്ങൾക്കു കഴിയുമോ?, ഞാൻ മുങ്ങുന്ന മാമോദീസ മുങ്ങുവാൻ നിങ്ങൾക്കു കഴിയുമോ?. പഴയനിയമത്തിൽ പാനപാത്രം ദൈവത്തിന്റെ കോപത്തിന്റെ പ്രതീകമാണ് (സങ്കീർത്തനം 75:8, ഏശയ്യ 51:17, ജറെമിയ 25:15). തിന്മ ചെയ്യുന്നവർക്കെതിരെ ദൈവത്തിനുണ്ടാകുന്ന കോപവും, അവിടുന്നു നടത്തുന്ന വിധിയുമാണ് പാനപാത്രം എന്നതുകൊണ്ട് പഴയനിയമത്തിൽ അർത്ഥമാക്കിയിരുന്നത്. പാപികൾക്കെതിരെയുള്ള ദൈവത്തിന്റെ കോപത്തിന്റെയും വിധിയുടേതുമായ പാനപാത്രമാണ് എല്ലാ പാപികൾക്കുമായി ഈശോ കുടിക്കാൻ ഒരുങ്ങിയിരുന്നത്. അക്കാര്യമാണ് യേശു യാക്കോബിനോടും, യോഹന്നാനോടും പറയുന്നത്. ഈശോ മുങ്ങുവാൻ പോകുന്ന മാമ്മോദിസ എന്നത് അവിടുന്ന് നേരിടാൻ പോകുന്ന മരണമായിരുന്നു. പുതിയനിയമത്തിൽ, മാമ്മോദിസാവേളയിൽ വെള്ളത്തിൽ മുങ്ങുന്നത് മരിക്കുന്നതിന്റെ പ്രതീകവും വെള്ളത്തിൽനിന്നു പുറത്തു വരുന്നത് ഉത്ഥാനത്തിന്റെ പ്രതീകവുമായിരുന്നു. സഹനത്തിൽ മുങ്ങിമരിക്കുന്നതിനെയാണ് ഈശോ മാമോദിസ എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. പാനപാത്രം, മാമോദിസ ഇവയുടെ അർത്ഥം അറിയാതെയാണ് ശിഷ്യർ മറുപടി നൽകിയത്. അവരുടെ സ്ഥാനമോഹ അപേക്ഷ യേശു അപ്പാടെ നിരസിച്ചു. പരിഗണിക്കാം എന്നുപോലും യേശു പറയുന്നില്ല. ഈ അപേക്ഷ അംഗീകരിക്കേണ്ടത് താനല്ലെന്നും, തന്റെ പിതാവിന്റെ അവകാശത്തിൽ താനിടപെടുകയില്ലെന്നും യേശു വ്യക്തമാക്കുന്നു. അതായത് ക്രിസ്തുശിഷ്യർക്ക് അങ്ങനെയൊരു അധികാരമോഹം ഒരിക്കലും പാടില്ല. ഓരോരുത്തർക്കും പിതാവായ ദൈവം ഒരു സ്ഥലവും, സ്ഥാനവും ഒരുക്കിയിട്ടുണ്ട്. യാക്കോബിനും, യോഹന്നാനും പിതാവ് ഒരുക്കിയിരിക്കുന്ന സ്ഥാനങ്ങളായിരിക്കും ലഭിക്കുക. യോഗ്യതയാണ്, സ്വാധീനമല്ല സ്വർഗത്തിൽ ഇടം നേടി കൊടുക്കുന്നത്. ലോകത്തിന്റെ സ്വാധീനം ദൈവരാജ്യത്തിൽ വിലപ്പോവുകയില്ല എന്ന് സാരം.

* ''സ്വയം താഴ്ത്തികൊണ്ടു മാത്രമേ ഒരാൾക്ക് കർത്താവിന്റെ മനസ്സിൽ പ്രവേശിക്കാൻ കഴികയുള്ളൂ''

– വി.അഗസ്റ്റിൻ

* ''ദൈവരാജ്യത്തിനുവേണ്ടി മരിക്കാൻ തയ്യാറാകാതെ, അവിടെ പ്രത്യേക അവകാശങ്ങൾ കാംക്ഷിക്കരുതെന്ന് ഈ വചനഭാഗം നമ്മെ പഠിപ്പിക്കുന്നു'' – വി. ക്രിസോസ്റ്റം

* ''ഈശോയുടെ സ്നേഹം പ്രത്യേകം സ്വീകരിച്ചവരാണ് തങ്ങളെന്ന് സെബദിപുത്രന്മാർ കരുതിയത് തെറ്റായിരുന്നില്ല. എന്നാൽ വിലയൊന്നും കൊടുക്കാതെയാണിത് എന്ന് വിചാരിച്ചതിൽ അവർക്ക് തെറ്റുപറ്റി'' – ബീഡ്

**സെപ്റ്റംബർ 08 ഞായർ**

വി. ലൂക്കോസ് 18: 18-18-30 - ചിരഞ്ജീവിമോഹം, നിത്യജീവമാർഗ്ഗം

**റവ. ഫാ. ഏബ്രഹാം നടുവിലേടം**

അമരത്വമാർജ്ജിക്കാനുള്ള ആഗ്രഹം അനാദി മുതലേ മനുഷ്യവംശം കാത്തുസൂക്ഷിച്ചിരുന്നു. അതിനുവേണ്ടിത്തന്നെയായിരുന്നു അവന്റെ സൃഷ്ടിയും. കപ്പിനും ചുണ്ടിനുമിടയിൽ അവന്റെ അതിമോഹം അതിനെ കതർത്തെറിഞ്ഞു. അന്നു തൊട്ടിന്നോളം ആ നഷ്ടസ്വപ്നസാക്ഷാൽക്കാരത്തിനായി അവനലയുന്നു. അവന്റേതായ വഴികളിലൂടെ അത് തേടിയലയുന്നു. അലച്ചിലുകൾ ബാക്കിയാക്കി നശ്വരലോകത്തുനിന്ന് അവൻ പറിച്ചുമാറ്റപ്പെടുന്നു.

മരവിച്ച ജീവിതത്തിനു ചൂടുപകരുന്ന അഗ്നി, ദേവന്മാർ കുത്തകയാക്കുകയും ഒളിമ്പസ് പർവ്വതത്തിൽ അതിനു കാവൽ നില്ക്കുകയും ചെയ്തതായി ഗ്രീക്കുപുരാണം. ഭൂമിയിലെ മനുഷ്യൻ മഴക്കാല ശൈത്യവും ഹേമന്തശീതവും കോടമഞ്ഞും ഹിമക്കാറ്റുമേറ്റ് വലയുകയും മൃതിയടയുകയും ചെയ്തപ്പോൾ അവരുടെ കൂട്ടത്തിലെ ഒരു യുവധീരൻ കാവൽ ഭേദിച്ച് സ്വർഗ്ഗത്തിലെത്തി അഗ്നിമോഷ്ടിച്ചുവെന്നും അവനെ ഒളിമ്പസ് പർവ്വതത്തിലെ വലിയ മലയിടുക്കിലെ കൂറ്റൻ പാറയിൽ ചങ്ങലകളിൽ ബന്ധിച്ചു എന്നുമാണ് ഗ്രീക്കുപുരാണ കഥകളിൽ കാണുന്നത്. അവന്റെ പേരാണ് പ്രൊമിത്തെയൂസ്! അമരത്വം പ്രാപിക്കാനും അമർത്യരായി വാഴാനും വേണ്ടി അമൃതകുംഭം കൈയ്യടക്കിവെച്ച ദേവന്മാരിൽനിന്ന് അത് തട്ടിപ്പറിക്കുവാൻ യുദ്ധം ചെയ്ത അസുരന്മാരുടെ കഥയുംഅമർത്യത തേടിയലയുന്നതിന്റെ ഹൈന്ദവപുരാണങ്ങളിലെ പിന്നാമ്പുറ കഥതന്നെയാണ്. നിത്യമായി ജീവിക്കാനുള്ള ആഗ്രഹം - ചിരഞ്ജീവിയാകാനുള്ള അഭിവാഞ്ച - മുഷ്യവംശത്തിന്റെ ആരംഭം മുതലിന്നോളം നിലനില്ക്കുന്നതാണ്.

ഇതിന്റെ ക്രൈസ്തവ പതിപ്പാണ് ലൂക്കോസിന്റെ സുവിശേഷത്തിലെ നിത്യജീവൻ പ്രാപിക്കാൻ അഭിവാഞ്ഛയോടെ യേശുവിനെ സമീപിച്ച ധനികയുവാവിന്റെ ഇതിവൃത്തം. അവൻ ശരാശരിയെക്കാൾ വളരെ ഉയരത്തിൽ ജീവിച്ച ഒരു നല്ല മനുഷ്യനായിരുന്നു. ചെറുപ്പം മുതലേ ദൈവത്തെ അറിഞ്ഞു വളർന്നവൻ; നല്ല സാക്ഷ്യജീവിതത്തിന്റെ ഉടമ. പിതൃസ്വത്തായി ലഭിച്ച വലിയ ധനത്തിന്റെ കാര്യവിചാരിപ്പുകാരൻ. ഒരുപക്ഷേ 'അമ്പട ഞാനേ' എന്ന ഒരു ഹുങ്കിന്റെയും ഉടമയായിരുന്നോ എന്നു വേണമെങ്കിൽ ശങ്കിക്കാം. ഏതായാലും ധനാസക്തിക്ക് അവൻ അടിമയായിരുന്നു എന്നനുമാനിക്കണം. കാരണം ഉപദേശവും മാർഗ്ഗനിർദ്ദേശവും തേടി ലോകൈക ഗുരിവായ യേശുവിന്റെ സവിധേ എത്തിയവൻ ഉപദേശം സ്വീകരിക്കാതെ നിരാശനായി, അതീവ ദുഃഖിതനായി മടങ്ങിപ്പോകുന്ന കാഴ്ച യേശുവിനെയും ശിഷ്യസമൂഹത്തെയും ചിന്താകുലരാക്കി.

**ശൂന്യവല്ക്കരണം: ക്രൈസ്തവജീവിതത്തിന്റെ കാതൽ**

ശൂന്യവല്ക്കരണം (ലാുൃേശിഴ ീലലെഹള) എന്ന കീറാമുട്ടിയിൽ തട്ടിത്തടഞ്ഞ് അവന്റെയാഗ്രഹം തകർന്നടിഞ്ഞു. കല്പന പാലനത്തിന്റെ പരകോടിയായി കർത്താവ് കല്പിക്കുന്നത് ശൂന്യവല്ക്കരണമാണ്. ''നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു'' (യോഹ. 6:69) എന്നാണ് ശിഷ്യപ്രമുഖന്റെ സാക്ഷ്യം. ഈശോയുടെ പാഠങ്ങളിൽ പരമപ്രധാനമായ ഒന്നാണ് ശൂന്യവല്ക്കരണമെങ്കിലും സഭാമക്കൾ ഒട്ടും പഠിക്കാനാഗ്രഹിക്കാത്ത ഒരു പാഠവുമാണത്. കീറാമുട്ടിയെ മാറ്റിടുന്ന (ഉപേക്ഷിക്കുന്നില്ല) മരംവെട്ടുകാരനെപ്പോലെയാണവർ. മറ്റുപണികളൊന്നുമില്ലാത്തപ്പോൾ ഈ മുട്ടി തകർത്ത് തരിപ്പണമാക്കി മാറ്റാമെന്നാകും ചിന്ത. അലക്കുകാരന്റെ പണിയൊഴിയാത്തതുപോലെയല്ലേ മനുഷ്യന്റെ പണിത്തിരക്കുകൾ? ഇങ്ങനെ പിതാമഹന്മാർ മാറ്റിയിട്ട കീറാമുട്ടികൾ പലതും ക്രൈസ്തവ ഭവനങ്ങളുടെ പര്യമ്പുറങ്ങളിൽ പരതിയാൽ കണ്ടേക്കാം.

സ്വയം ശൂന്യനാക്കിയ ക്രിസ്തുവിനെ ഫിലിപ്പിയ ലേഖനത്തിൽ പരിചയപ്പെടുത്തുന്നു (2:1-11). യേശുക്രിസ്തുവിന് ഈ മനോഭാവമാണുണ്ടായിരുന്നതെന്നാണ് ശ്ലീഹാപറയുന്നത്. ദൈവമായിരുന്നിട്ടും ദൈവസമാനത - ദൈവികപരിവേഷം - നിലനിർത്തേണ്ട കാര്യമായി കരുതാതിരുന്ന സ്വയം പരിത്യാഗി ഉന്നതഭാവമല്ല വിനീതഭാവത്തിനുടമയായി എന്നു വിവക്ഷ. വിനയമെന്ന അങ്കി ധരിക്കണമെന്നാണ് ശ്ലീഹാ ആദിമ ക്രൈസ്തവരെ പഠിപ്പിച്ചത്. സ്വയം ശൂന്യനാക്കപ്പെട്ടപ്പോഴാണ് ദാസരൂപം ധരിക്കാൻ അനായാസം കഴിഞ്ഞത്. അല്ലെങ്കിൽ മനുഷ്യാവതാരം എങ്ങനെ സാദ്ധ്യമാകും? ഇതാ കർത്തൃദാസി എന്ന് ഭൂമിയോളം എളിമപ്പെട്ടപ്പോഴാണ് ആരെക്കാളും ഉയർത്തപ്പെടുവാൻ കന്യകയായ മറിയാമിന് കഴിഞ്ഞത്. ഗുരുവും കർത്താവുമായവൻ (യോഹ. 13:13) സ്വയം ശൂന്യനാക്കിയപ്പോഴാണ് തന്റെ ശിഷ്യരുടെ മുമ്പിൽ മുട്ടുകാലിൽ കുമ്പിട്ടിരിക്കാനും പാഠസുസ്നാനമേറ്റ അവരുടെ പാദങ്ങളെ കഴുകിത്തുടയ്ക്കാനും നിർമ്മല കരങ്ങളിലെടുത്ത് ചുംബിച്ചുണർത്തുവാനും സാദ്ധ്യമായത്.

രാജപദവിയിലുള്ള മെത്രാന്മാരും സഭാപിതാക്കന്മാരും പ്രതീകാത്മകമായി ആണ്ടിലൊരിക്കൽ ചെയ്യുന്നതും ഇതുത്തന്നെയാണ്. സൂചനകൾ യാഥാർത്ഥ്യമാക്കാൻ വർഷത്തിലുടനീളം അവർ ഇടുങ്ങിയ വഴിയിലൂടെ സഞ്ചാരം തുടരുകയും വേണം. അടുത്ത വർഷം മെത്രാപ്പോലീത്തയെക്കൊണ്ട് തന്റെ കാൽകവുകിക്കുവാൻ വർഷമുടനീളം ഒരുങ്ങുന്ന വിശ്വാസി, ഓരോ ദിവസവും കുടുംബാംഗങ്ങളുടെയും താനുൾപ്പെടുന്ന സമൂഹത്തിന്റെയും 'കാൽകഴുകകിയിരുന്നെങ്കിൽ - വിനയാന്വിതനായി ജീവിച്ചിരുന്നെങ്കിൽ ക്രൈസ്തവ സഭ എന്നേ ഭൂമിയിലെ സ്വർഗ്ഗമാകുമായിരുന്നു!

മാനസാന്തരങ്ങൾക്ക് ഗതിവേഗം കൂടുമായിരുന്നു. വിശ്വാസികളുടെ കുടുംബങ്ങൾ കൃപയുടെ നിറകുടങ്ങളാകുമായിരുന്നു! കൃപനിറയുന്ന കുടുംബങ്ങളും വ്യക്തികളുമായിത്തീരാനുള്ള താക്കോലാണ് ശൂന്യവല്ക്കരണം. ക്രിസ്തുനാഥൻ അർത്ഥശങ്കയ്ക്കിടം നല്കാതെ പഠിപ്പിച്ച ''നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം....ഈ കാര്യങ്ങളറിഞ്ഞ് ഇതനുസരിച്ച് പ്രവർത്തിച്ചാൽ നിങ്ങൾ അനുഗ്രഹീതർ'' (യോഹ. 13:14-17) എന്ന പാഠത്തിന്റെ ഗൃഹപാഠം ചെയ്യാൻ ക്രിസ്ത്യാനി മറന്നാൽ അത് കുറ്റകരമായ അനാസ്ഥയാകും. ''ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ കടക്കുകയില്ല'' (ലൂക്കോ. 18:17) എന്നതും ഇതോട് ചേർത്ത് വായിക്കപ്പെടണം. ''മടിയിലിരുപ്പ് പ്രായം'' കഴിഞ്ഞാലുടൻ, മാതാപിതാക്കളുടെ തോളത്ത് കയറി തലചവിട്ടി മെതിക്കാനും തല്ലിപ്പൊളിക്കാനും തുടങ്ങുന്ന ദുഷ്ക്കാലത്ത് കുടുംബങ്ങളിൽ കൃപ നിറയുന്നതെങ്ങനെ? മക്കളെയോർത്ത് തീതിന്നു കണ്ണടയാനാണ് പലരുടെയും ദുർവിധി. ശൂന്യവല്ക്കരണമില്ലാത്ത കുടുംബജീവിതത്തിന്റെ ദുരന്തപര്യവസാനങ്ങളാണിവ.

വിറ്റുകൊടുക്കാനും വിട്ടുകൊടുക്കാനും വിട്ടൊഴിഞ്ഞു പോകാനുമാണ് ദിവ്യനാഥൻ പഠിപ്പിക്കുന്നത്. നിങ്ങൾ അസ്വീകാര്യരെങ്കിൽ പാദങ്ങളിൽ പറ്റിയ പൊടിപൊലും കുടഞ്ഞെറിഞ്ഞ് പടിക്കപ്പുറം കടന്നുപോകാനുമാണ് യേശു പഠിപ്പിച്ചത്. പക്ഷേ നാമെന്താണ് കാണുന്നത്. നൂറ്റാണ്ടിനപ്പുറം നീളുന്ന സമുദായക്കേസ്സുകൾ, നിന്നുയുദ്ധം ചെയ്യാനാണ് ലോകത്തിന്റെ ബുദ്ധിയുപദേശം. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മഹിമദർശിക്കാനാകുന്നത് ഇവിടെയാണ്. യേശു പറഞ്ഞു: ''ദൈവരാജ്യത്തിനുവേണ്ടി ഉപേക്ഷ നടത്തിയവരിലാർക്കും ഇക്കാലത്തുതന്നെ അവ അനേകമടങ്ങു ലഭിക്കാതിരിക്കുകയില്ല; വരാനിരിക്കുന്ന കാലത്ത് നിത്യജീവനും'' (ലൂക്കോ 18:30). വേഗഭാഗത്തിന്റെ തുംഗം (ഇഹശാമഃ) ഇവിടെ കണ്ടെത്താനാകും.

ശൂന്യവല്ക്കരണം പരിശീലിക്കാതെ സ്വർഗ്ഗസോപാനത്തിന്റെ പടിചവിട്ടാനാർക്കുമാവില്ല. വിറ്റുകൊടുക്കുന്നത് പോകട്ടെ മിച്ചം വയ്ക്കാനാകുന്നത് ആവശ്യക്കാരന് വിളമ്പിക്കൂടെ. കടനകളും കടപ്പാടുകളും കാറ്റിൽപ്പറത്തുന്ന ക്രൈസ്തവന് സഹോദരസ്നേഹം അന്യമാകാതിരിക്കുന്നതെങ്ങനെ? പറക്കമുറ്റാത്ത നാലഞ്ചു കുട്ടികളെയും ഭാര്യയെയും വിട്ട് കുടുംബനാഥൻ ഈ ലോകത്തിന്റെ അരങ്ങ് വിട്ടപ്പോൾ, യുവത്വത്തിന്റെ പടിവാതില്ക്കൽ മാത്രമെത്തിനിന്ന മൂത്തമകൻ ആരും പറയാതെ ആ സ്ഥാനത്തുനിന്ന് കുടുംബത്തെ കരകയറ്റി എല്ലാവരെയും ഒരുനിലയിൽ എത്തിച്ച ചാരിതാർത്ഥ്യം സ്വന്തമാക്കി. പക്ഷേ സ്വന്തം ജീവിതം പരിമിതപ്പെട്ടപ്പോൾ ''അത് നേരത്തെ നോക്കണമായിരുന്നു'' എന്നു പറയുന്ന കുഞ്ഞനുജന്റെ ക്രിസ്തീയ രൂപീകരണത്തെപ്പറ്റി എന്തുപറയണം? മറിച്ച് അശരണരായ കുഞ്ഞനുജന്മാരെ തിരിഞ്ഞു നോക്കാതെ സ്വന്തം കാര്യം മാത്രമവലംബിച്ച വല്യേട്ടന്റെ ക്രിസ്തീയതയെ എങ്ങനെ വിശേഷിപ്പിക്കണം? ഇവരൊക്കെ ജീവിക്കുന്ന കഥാപാത്രങ്ങളല്ലേ? ഈ കുടുംബവും ദൈവരാജ്യപ്രഘോഷണത്തിനുവേണ്ടി ഉഴിഞ്ഞുവെച്ച സന്യസ്തരെയും പുരോഹിതരെയും ഒട്ടും കരുതാത്ത സഹോദരങ്ങൾക്കെങ്ങനെ സ്വർഗ്ഗരാജ്യത്തെയും നിത്യജീവനെയും സ്വപ്നം കാണാനാകും? എല്ലാം വിട്ടുപേക്ഷിച്ചെന്നു പറഞ്ഞിറങ്ങുന്നവർ ഒന്നും ഉപേക്ഷിക്കുന്നില്ലെങ്കിൽ, വെട്ടിപ്പിടിക്കുവാൻ മറ്റാരെപ്പോലെയും ആർത്തിപൂണ്ടുഴലുമ്പോൾ ശൂന്യവല്ക്കരണത്തെ മഹത്വവൽക്കരിക്കുവാൻ അവർക്കാകുന്നതെങ്ങനെ?

പാവങ്ങളോട് പക്ഷം ചേരൽ - Option for the Poor - ശ്രേഷ്ഠംതന്നെ. എന്നാൽ അതിനുമപ്പുറം ഒരു ലോകമുണ്ട്. സ്വയം ശൂന്യവൽക്കരിക്കുന്ന ഒരുലോകം - Option to be Poor - ദരിദ്രതയെ സ്വന്തം ഭാഗധേയമായി കരുതുവാൻ സ്വമേധയാ തയ്യാറാകുന്ന ഒരവസ്ഥ. ദാരിദ്ര്യമേ, എന്റെ സഹോദരി എന്നു സംബോധന ചെയ്ത അസ്സീസിയിലെ വി. ഫ്രാൻസിസിനെപ്പോലെ. ക്രിസ്തുവിനെ പ്രതി എനിക്കു നേട്ടമായിരുന്നതെല്ലാം ഞാൻ പിന്നിലേയ്ക്ക് തള്ളി മുന്നിലുള്ള ലക്ഷ്യത്തിൽ മാത്രം കണ്ണുനട്ടു ജീവിതയാത്ര തുടരുന്നു എന്നു പറഞ്ഞ വി. പൗലോസിനെപ്പോലെ ജീവിക്കുവാൻ കഴിയുന്ന ഒരവസ്ഥ. നവജീവൻ ട്രസ്റ്റിന്റെ പി. വി. തോമസ് സാറിനെപ്പോലെ, പത്തനംതിട്ട നഗരത്തിൽ അലഞ്ഞു നടന്നവർക്കും നിരാലംബർക്കുമായി 'ദി നെസ്റ്റ്' എന്ന സ്ഥാപനവും അന്ധരുടെ ആശാകേന്ദ്രവും തുടങ്ങിയ അശരണരുടെ അത്താണിയായ പത്തനംതിട്ട താഴെവെട്ടിപ്രം സ്വദേശിയായ കെന്നഡി ചാക്കോയെപ്പോലെ ...... മറ്റനേകരെപ്പോലെ ലോകമെമ്പാടും പ്രവർത്തിക്കുന്ന ആയിരക്കണക്കിനു മിഷനറിമാരെയും സന്നദ്ധസേവകരെയും പോലെ. പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ കൈമെയ് മറന്നദ്ധ്വാനിച്ച് ശൂന്യവല്ക്കരണമാസ്വദിച്ച്, ശുഷ്ക്കഹസ്തരായി ഈ ലോകം വിട്ട അനേകം വൈദികരെപ്പോലെ. ഇന്നും, കാർമേഘങ്ങൾക്കിടയിൽ തെളിയുന്ന രജതരേഖപോലെ അവിടവിടെ ജീവിക്കുന്ന നാമറിയുന്നവരും അറിയാത്തവരുമായ ഒട്ടനേകരെപ്പോലെ.

ധനാസക്തന്, ലോകാസക്തന് ഓടിക്കയറാനുള്ള ഇടമല്ല സ്വർഗ്ഗം. സ്വർഗ്ഗത്തിന്റെ പടിവാതില്ക്കൽ സ്ലീബാ ഏന്തി കേണപേക്ഷിച്ച് നില്ക്കുന്ന പരിശുദ്ധ അമ്മയാകട്ടെ ശൂന്യവല്ക്കരണത്തിന്റെ നിറകുടമായിരുന്നു. ഈ മാതൃകകളെ നമുക്കോർക്കാം. ക്രിസ്തുവിന്റെ വചനങ്ങളെ ധ്യാനിക്കാം. ജീവിതം നവീകരിക്കാം.

## സെപ്റ്റംബർ 15 ഞായർ

**വി. മർക്കോസ് 13: 28-37 - ജാഗരൂകരായിരിക്കുക**

**റവ. ഫാ. തോമസ് പുതിയവീട്ടിൽ**

ജറുസലേം ദൈവാലയത്തിൽ ജനങ്ങളോടൊത്തുനിന്ന് അവരോടു പ്രസംഗിക്കുകയും, അവരുടെ രോഗങ്ങളും സഹനങ്ങളും സംബന്ധിച്ച സംസാരം കേൾക്കുകയും, അവർക്കു സൗഖ്യവും

ആശ്വാസവും നല്കിയ ശേഷം പുറത്തേക്കു ശിഷ്യരുമൊത്ത് ഇറങ്ങുമ്പോൾ മനോഹരമായ ദൈവാലയവും അതു പണിയാൻ ഉപയോഗിച്ച വലുതും വിലയേറിയതുമായ കല്ലുകളും കാണുവാൻ ഒരു ശിഷ്യൻ യേശുവിനെ ക്ഷണിക്കുന്നു. ദൈവാലയ നിർമ്മിതിക്കുപയോഗിച്ച കല്ലിനെയോ, ദൈവാലയത്തോടനുബന്ധിച്ച സൗധങ്ങളെയോ ശ്രദ്ധിക്കാതെ അവയുടെ നാശവും നഷ്ടവും ആണ് യേശു ശ്രദ്ധിച്ചത്. അവിടുന്നു പറയുന്നു, കല്ലിന്മേൽ കല്ലു ശേഷിക്കാതെ അവ തകർക്കപ്പെടും. കെദ്രോൻ തോടു കടന്ന് മറുകരയിൽ ഒലിവുമലയിലേക്കു കയറിയപ്പോഴാണ് യേശുവിന്റെ ആദ്യത്തെ നാലു ശിഷ്യന്മാർ ഒരുമിച്ച് ഗുരുവിനോട് ദൈവാലയം എപ്പോഴാണ് നശിപ്പിക്കപ്പെടുന്നത് എന്നു ചോദിക്കുന്നത്. സമയമോ കാലമോ ഉത്തരമായി പറയാതെ, വരാൻ പോകുന്ന നാലു സംഗതികളെപ്പറ്റി യേശു സുദീർഘമായി പറയുന്നതാണ്. വി. മർക്കോസിന്റെ സുവിശേഷം 13-ാം അദ്ധ്യായത്തിലെ 37 വാക്യങ്ങളിലുമായി വായിക്കുന്നത്. അവ ദൈവാലയനാശം, അതിനു മുമ്പു സംഭവിക്കാവുന്ന സംഗതികൾ, യേശുവിന്റെ സഹനമരണങ്ങൾ, രണ്ടാമത്തെ വരവ്, ലോകാവസാനം എന്നീ വിഷയങ്ങളെ സംബന്ധിച്ച ദീർഘവും ഇടകലർന്നുള്ളതുമായ വിവരണമാണ്.

ഇന്നത്തെ വി. കുർബ്ബാനമദ്ധ്യേ പത്തു വാക്യങ്ങളെ ഉള്ളുവെങ്കിലും പൊതുവായ സംഭാഷണത്തിന്റെ ഭാവമാണവിടെയും. തുടങ്ങുന്നത് അത്തിമരത്തിന്റെ ഉദാഹരണം പറഞ്ഞാണ്. അതു തളിർക്കുന്ന സമയവും പിന്നാലെ വരുന്ന വേനൽകാലവും സൂചിപ്പിക്കുന്നു. ഓരോ വൃക്ഷവും, സസ്യവും, അതുപോലെ നമ്മുടെ കൃഷികളും, കാലാവസ്ഥ അനുസരിച്ചാണല്ലോ നടുന്നതും, വളരുന്നതും, പുഷ്പിക്കുന്നതും, കായ്കൾ നിറയുന്നതും, ശേഖരിക്കുന്നതുമെല്ലാം. ലോകാവസാനവും ക്രമേണ നടക്കുന്നതാണ്. ലക്ഷണങ്ങൾ കണ്ടു നമ്മൾ മനസ്സിലാക്കണം. ദൈവാലയനാശത്തിനുമുമ്പ് ഭീകരമായ സംഭവങ്ങൾ ഉണ്ടാകും. അപ്പോൾ ഓടി രക്ഷപ്പെടാൻ താല്പര്യമുള്ളവർക്കു അവസരം ലഭിക്കും. രണ്ടാമതു യേശു പറയുന്നത്, യഹൂദവിശ്വാസികൾക്കു വരാൻ പോകുന്ന വിജാതീയ വിചാരണകളാണ്. എന്തു പറയണമെന്ന് പഠിച്ചുവയ്ക്കേണ്ടതില്ല. ദൈവം തത്സമയം ഓരോരുത്തർക്കും വേണ്ട വാക്കുകൾ വെളിപ്പെടുത്തി തരും എന്നാണ് യേശു പറയുന്നത്.

സമയക്കാര്യം പറയുമ്പോൾ മറ്റൊരു പ്രധാന സംഗതി യേശു പറയുന്നത് നമുക്കിന്നും നല്ല പാഠമാണ്. മേൽപ്പറഞ്ഞ നാശകരമായ സംഗതികൾ നടക്കുന്ന കൃത്യസമയം ദൈവപിതാവിനു മാത്രമേ അറിയൂ. മനുഷ്യാവതാരം ചെയ്ത പുത്രനോ, മാലാഖമാർക്കോ, പ്രവാചകർക്കോ അതു വെളിപ്പെടുത്തുകയില്ല. എന്നാൽ കള്ളക്രിസ്തുമാരും, കള്ളപ്രവാചകരും കാലംതോറും മനുഷ്യവംശത്തെ കബളിപ്പിക്കാൻ തയ്യാറായി വരും. നമ്മുടെ കർത്താവിന്റെ വാക്കുകൾ പൂർണ്ണമായി ശരിവച്ചുകൊണ്ടു അന്നുമുതൽ ലോകാവസാനം ഉടൻ സംഭവിക്കും എന്ന് ഉറപ്പുപറഞ്ഞ്, ആണ്ടും മാസവും തീയതിയും, പ്രത്യക്ഷപ്പെടുന്ന സ്ഥലവും, വരെ പറഞ്ഞ് മനുഷ്യരെ ഭയപ്പെടുത്തുകയും കബളിപ്പിക്കുകയും ചെയ്യുന്ന കള്ളപ്രവാചകനും സഭാവിഭാഗങ്ങളും എന്നും ഉണ്ടാകുന്നുണ്ട്. യേശുക്രിസ്തുവിനെ ദൈവപുത്രനും മനുഷ്യരക്ഷകനുമായി സ്വീകരിക്കുന്നവർക്കും അവിടുത്തെ വാക്കുകൾ അനുസരിച്ച് ദൈവഹിതത്തിന് സമർപ്പിച്ചു ജീവിക്കുന്നവർക്കും സമാധാനമായും സന്തോഷമായും ഇഹലോക ജീവിതം സാദ്ധ്യമാകും.

വി. മർക്കോസിന്റെ സുവിശേഷത്തിന്റെ, നാം വായിച്ചുകേട്ട ഭാഗത്ത് ആവർത്തിച്ചു പറയുന്ന ഒരു വാക്യമാണ് ജാഗരൂകരായിരിക്കുവിൻ എന്നത്. ദൈവപിതാവിലുള്ള പൂർണ്ണമായ വിധേയത്വമാണ് നമ്മുടെ ഹൃദയത്തിന് സമാധാനം തരുന്നത്. എന്റെ ദൈവം അറിയാതെ ഒരു കഷ്ടതയും സങ്കടവും എനിക്കുണ്ടാകയില്ലെന്ന് നമ്മൾക്കു ബോദ്ധ്യം ഉണ്ടായിരിക്കണം.

## സെപ്റ്റംബർ 22 ഞായർ

വി. മത്തായി 16: 5-12 - ഓർമ്മപ്പെടുത്തലിന്റെ സുവിശേഷം

**ബ്രദർ തോമസ് പുതുപ്പറമ്പിൽ**

അടയാളങ്ങളിലൂടെ ക്രിസ്തുവിനെ മനസ്സിലാക്കുവാൻ ശ്രമിക്കുന്ന ഫരിസേയരുടെയും സദുക്കായരുടെയും പുളിമാവിനെ സൂക്ഷിക്കണം എന്ന ആഹ്വാനം നൽകുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. യേശു എന്താണ് പറയുന്നതെന്ന് മനസ്സിലാക്കുവാൻ അവരുടെ ഹൃദയങ്ങൾക്ക് ഗ്രാഹ്യം ഇല്ലായിരുന്നു. എന്തെന്നാൽ ശിഷ്യന്മാർ ഈ ലോകത്തെപ്പറ്റിയുള്ള ചിന്തയിലായിരുന്നു.

യേശു അവരെ വിളിക്കുന്നത് അല്പവിശ്വാസികളെ എന്നാണ്. എന്തെന്നാൽ താൻ പറഞ്ഞ ഫരിസേയരുടെയും സദുക്കായരുടെയും പുളിമാവ് എന്തെന്ന് മനസ്സിലാകാതെ ''നമ്മൾ അപ്പമൊന്നുമെടുക്കാത്തതുകൊണ്ടാകാം എന്ന് ശിഷ്യന്മാർ പരസ്പരം പറഞ്ഞു. അപ്പത്തിന്റെ കാര്യമാണ് എന്ന് അവരോർത്തു. ഉപമകളിലൂടെയാണ് കൂടുതലായും യേശു സംസാരിച്ചിരുന്നത്. എന്നാൽ യേശു തന്റെ ശിഷ്യന്മാരോട് ഉപമകൾ വഴിയല്ലാതെ പലപ്പോഴും സംസാരിച്ചിട്ടുണ്ട്. യേശു അയ്യായിരം പേരുടെ വിശപ്പ് മാറ്റി ബാക്കി വന്ന 12 കുട്ട നിറച്ചതും ഏഴപ്പംകൊണ്ട് നാലായിരം പേരുടെ വിശപ്പ് മാറ്റുകയും മിച്ചം വന്നത് ഏഴ് കുട്ടകളിൽ നിറച്ച സംഭവവും യേശു അവരെ ഓർമ്മപ്പെടുത്തുന്നു

മിശിഹാ അവരുടെ മനസ്സിനെ അറിഞ്ഞിരുന്നതായി സുവിശേഷം വളരെ വ്യക്തമായി വിവരിക്കുന്നു. ഓർമ്മപ്പെടുത്തിയപ്പോൾ അല്പവിശ്വാസിയുടെ തലത്തിൽ നിന്ന് യേശു ഉദ്ദേശിച്ച കാര്യം ഗ്രഹിക്കത്തക്ക വിശ്വാസത്തിന്റ തലത്തിലേക്ക് അവർ ഒരു പടികൂടി ഉയർന്നു. യേശു അവരുടെ മനസ്സിനെ അറിഞ്ഞിരുന്നതായി സുവിശേഷം വളരെ വ്യക്തമായി വിവരിക്കുന്നു.

അനേകം സ്ഥലങ്ങൾ ചുറ്റി സഞ്ചരിച്ച് അങ്ങോട്ടും ഇങ്ങോട്ടും അവൻ പോകുന്നതായി വിശുദ്ധ മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ നമുക്ക് കാണാം. അങ്ങനെ തന്റെ ശിഷ്യരോടൊപ്പം നിത്യ ജീവന്റെ വചസ്സുകൾ ഏവർക്കും പങ്കുവക്കുന്നു. നമ്മൾ പല ആവശ്യങ്ങൾക്കായി എങ്ങോട്ടെങ്കിലും പോകുമ്പോൾ വസ്ത്രവും സോപ്പും പേസ്റ്റും ബ്രെഷും വരെ നാം കൊണ്ടുപോകുന്നു. എന്നാൽ ഭക്ഷണം ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ഒന്നാം നൂറ്റാണ്ടിൽ ഭക്ഷണത്തിന് വലിയ പ്രാധാന്യമായിരുന്നു. അഞ്ചാമത്തെ വാക്ക്യത്തിൽ ശിഷ്യന്മാർ അപ്പം എടുക്കാൻ മറക്കുന്നതായി നാം കാണുന്നു. ഈ ലോകത്തിന്റെ കാര്യങ്ങളിൽ ആകുലപ്പെട്ടുകൊണ്ട് ശിഷ്യന്മാർ നടക്കുമ്പോൾ വഴിമധ്യേ ക്രിസ്തു പറഞ്ഞ ആധ്യാത്മീക കാര്യത്തെ വിവേചിച്ചറിയാൻ അവർക്ക് കഴിയാതെ പോകുന്നു. ഇവിടെ അവർക്ക് ആത്മീയ അന്ധത ഉണ്ടായി. അത് അല്പമെങ്കിലും മാറിയതോ, യേശു പഴയ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചപ്പോളാണ്.

നമ്മിലും ഈ ആത്മീയ അന്ധത ഉണ്ടാകുവാൻ സാധ്യത ഏറെയാണ്. ലോകത്തിന്റെ ആവശ്യങ്ങളിൽ മുഴുകി ആത്മീയ തലത്തിൽ നിന്ന് മാറി ജീവിതത്തെ മുന്നോട്ട് നടത്തുവാൻ നാം പലപ്പോഴും ശ്രമിക്കുന്നു. ഈ രണ്ട് കാര്യങ്ങളും നമ്മുടെ ജീവിതത്തിന് ആവശ്യമാണ്. നാം എപ്രകാരം ഇവ ഒരുപോലെ കൊണ്ടുപോകുന്നു എന്നതിലാണ് നമ്മുടെ മിടുക്ക്.

മിശിഹാ നാമേവരെയും പല കാര്യങ്ങളും ഓർമ്മപ്പെടുത്തുന്നുണ്ട്. അത് ഒരു പക്ഷെ അപരനിലൂടെ ആയിരിക്കാം മറ്റുള്ളവരിൽ ക്രിസ്തുവിനെ കാണുവാനും അപരന്റെ സന്തോഷത്തിലും ദുഃഖത്തിലും പങ്കുചേരുവാനും നാം ശ്രദ്ധിക്കുമ്പോഴാണ് ഈ ഓർമപ്പെടുത്തലിനോട് നാം പ്രത്യുത്തരിക്കുന്നത്. നാം ഫരിസേയരെയും സദുക്കായരെയും പോലെ, യേശുവിനെയും നമ്മുടെ വിശ്വാസത്തെയും സംശയിക്കുന്നു. പ്രാർത്ഥിച്ചാൽ അത് നടക്കുമോ? എന്നൊക്കെയുള്ള സംശയങ്ങൾ നമ്മെ ചിലപ്പോഴൊക്കെ അലട്ടുന്നു. ഈ സംശയത്തിന്റെ ഉറവിടം തേടി ചെല്ലുമ്പോളാണ് നമ്മിലെ ആത്മീയ അന്ധതയെ നാം മനസ്സിലാക്കുന്നത്. നാം ക്രിസ്തുവിൽ നിന്ന് മാറിപ്പോവുന്ന കാര്യം അവിടുന്ന് നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുന്നു. അങ്ങനെ നമുക്ക് രക്ഷകനായ മിശിഹായെ അപരനിൽ ദർശിച്ചുകൊണ്ട് സുവിശേഷത്തിൽ ജീവിക്കാം.

## സെപ്റ്റംബർ 29 ഞായർ

### വി. മത്തായി 18: 21-35 - ക്ഷമിക്കുന്ന സ്നേഹം

**റവ. ഫാ. സാം ഒറ്റക്കല്ലിൽ**

വി. ബൈബിൾ എന്താണ് പറയുന്നതെന്ന് ചോദിച്ചാൽ ഒറ്റവാക്കിൽ നമുക്ക് നിർവചിക്കാം ദൈവം സ്നേഹമാകുന്നുവെന്ന്. സ്നേഹമാകുന്ന ദൈവത്തെക്കുറിച്ച് ഉപമകളിലൂടെയും കഥകളിലൂടെയുമെല്ലാം സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുകയാണ്. ഇന്നത്തെ വചനഭാഗം നമ്മെ പുതിയ ഒരു തലത്തിലേക്ക് കൂട്ടിക്കൊണ്ട് പോകുകയാണ്. വി. മത്തായി ശ്ലീഹായുടെ സുവിശേഷം 18-ാം അദ്ധ്യായം 21 മുതൽ 35 വരെയുള്ള വാക്യങ്ങൾ ക്ഷമയുടെ ആഴങ്ങളിലേക്ക് നമ്മെ എത്തിക്കുകയാണ്. ക്ഷമയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കണമെങ്കിൽ ക്ഷമിക്കുവാൻ കഴിയാതെ പോയ വ്യക്തികളെയും സന്ദർഭങ്ങളെയും നാം ആദ്യം അറിയണം. ഉൽപത്തിയുടെ പുസ്തകത്തിൽ 4-ാം അദ്ധ്യായത്തിൽ ആദത്തിന്റെയും ഹവ്വായുടെയും മക്കളായ കായേനെക്കുറിച്ചും ആബേലിനെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. തന്റെ സ്വന്തം സഹോദരനോട് ക്ഷമിക്കുവാനുള്ള മനസ്സ് കായേന് ഇല്ലായിരുന്നു. തന്മൂലം സ്വന്തം സഹോദരന്റെ രക്തം ഭൂമിയിൽ വീഴുവാൻ ഇടയായി. പുതിയ നിയമത്തിലേക്ക് വരുമ്പോൾ കർത്താവ് പറയുന്നത് സഹോദരനെ ഭോഷാ എന്ന് വിളിക്കുന്നവൻപോലും വിധിക്ക് അർഹനാകും എന്നാണ്. നിന്റെ സഹോദരൻ തെറ്റുചെയ്താൽ നീയും അവനും മാത്രമായിരിക്കുമ്പോൾ ചെന്ന് തെറ്റ് അവന് ബോധ്യപ്പെടുത്തിക്കൊടുക്ക എന്നാണ്. ഇന്നത്തെ വചനഭാഗം നമ്മളോട് ആവശ്യപ്പെടുന്നത് ഹൃദയത്തിൽനിന്നു വരുന്ന ക്ഷമയെക്കുറിച്ചാണ്. തന്റെ സേവകരുടെ കണക്കു തീർക്കാൻ ആഗ്രഹിച്ച രാജാവിന്റെ ഉപമയിലൂടെ ആത്മാർത്ഥമായി തന്റെ സേവകനോട് ക്ഷമിക്കുന്ന വ്യക്തിയെയാണ് കർത്താവ് എടുത്തുകാട്ടുന്നത്. എന്നാൽ ദുഷ്ടനായ സേവകൻ തനിക്കു ലഭിച്ച കരുണ മറന്ന് സഹസേവകനോട് ക്രൂരമായി പെരുമാറുന്നതും ഉപമയിലൂടെ പറഞ്ഞു വയ്ക്കുന്നു. കാണപ്പെടുന്ന സ്വന്തം സഹോദരനോടു ക്ഷമിക്കാത്തവൻ ദൈവത്തിന്റെ കരുണയ്ക്ക് അർഹനല്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്.

33-ാം വാക്യത്തിൽ സാക്ഷ്യപ്പെടുത്തുന്നതുപോലെ 'ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹോദരനോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ'' എന്ന ചോദ്യം നമ്മുടെ മേലും വന്നു ഭവിക്കാം. ദൈവം അളവില്ലാതെ നമ്മോടു ക്ഷമിക്കുന്നതുപോലെ നമ്മളും മറ്റുള്ളവരോടു ക്ഷമിക്കുവാൻ വചനം ഉദ്ബോധിപ്പിക്കുന്നു.

കുരിശിൽ കിടന്നുകൊണ്ട് തന്നെ ക്രൂശിച്ചവരോട് ഹൃദയപൂർവ്വം ക്ഷമിക്കുന്ന കർത്താവ് അളവില്ലാതെ ക്ഷമിക്കുന്ന സ്നേഹത്തെ നമുക്ക് കാണിച്ചുതന്നു. സഹോദരനോട് ക്ഷമിക്കുവാൻ, കരുണ കാണിക്കുവാൻ നാം കടപ്പെട്ടവരാണ് എന്ന ബോധ്യം നമ്മെ ആഴത്തിൽ ഭരിക്കണം. കരുണയോടെ ധൂർത്തപുത്രനോട് ക്ഷമിച്ച പിതാവിനെപ്പോലെ സ്വർഗസ്ഥനായ പിതാവ് നമ്മോടും ക്ഷമിക്കുവാൻ, നാം സഹോദരങ്ങളോട് ഹൃദയപൂർവ്വമായ കരുണയിൽ ആയിരിക്കണം.

ഈ ഭൂമിയിൽ ഉദാത്തമായ ക്ഷമ സഹോദരങ്ങളോട് കാണിച്ച അനേകം വ്യക്തികളുണ്ട്. തന്നെ അപായപ്പെടുത്താൻ ശ്രമിച്ച ആളിനോട് ഹൃദയപൂർവ്വം ക്ഷമിച്ച പരി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയും, തന്റെ മകളുടെ ഘാതകനോട് ഹൃദയപൂർവ്വം ക്ഷമിച്ച സി. റാണി മരിയയുടെ മാതാപിതാക്കളുമെല്ലാം ക്ഷമിക്കുന്ന സ്നേഹത്തിന്റെ ഉദാത്ത മാതൃകയാണ്. ■




# ലോഗോസ് 2019 പഠനസഹായി
## (അഞ്ചാം ഭാഗം)



തയ്യാറാക്കിയത് : ഫാ. മാത്യു പൊട്ടുകുളത്തിൽ
ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്, തിരുവല്ല അതിഭദ്രാസനം

**പ്രഭാഷകൻ - അദ്ധ്യായം 13**

1. ആരോട് അടുക്കുന്നവനാണ് അവനെപ്പോലെ ആകുന്നത്?
   അഹങ്കാരിയോട് അടുക്കുന്നവൻ

2. പ്രഭാഷകൻ 13: 3 പ്രകാരം ദ്രോഹിക്കുന്നത് ആരാണ്?
   ധനവാൻ

3. ധനവാൻ ദ്രോഹിക്കുക മാത്രമല്ല പിന്നെന്തു കൂടി ചെയ്യുന്നുണ്ട്?
   നിന്ദിക്കുകകൂടി ചെയ്യുന്നു.

4. ആരാണ് നിന്നെ ചൂഷണം ചെയ്യുക?
   ധനവാൻ

5. ധനവാൻ നിന്നെ പരിത്യജിക്കുന്നതെപ്പോൾ?
   നിനക്ക് ആവശ്യം വന്നാൽ

6. പ്രഭാഷകൻ 13:8 ൽ ശ്രദ്ധിക്കുക എന്നു പറഞ്ഞിരിക്കുന്നത് എന്ത്?
   വഞ്ചിക്കപ്പെടാതിരിക്കാനും ഭോഷത്തംമൂലം നിന്ദിക്കപ്പെടാതിരിക്കാനും ശ്രദ്ധിക്കുക

7. വീണ്ടും വീണ്ടും ക്ഷണിച്ചുകൊണ്ടിരിക്കുന്നത് ആര്?
   പ്രബലന്മാർ

8. ആരുടെ വാചാലത കണ്ട് ഭ്രമിക്കരുത് എന്നാണ് പറഞ്ഞിരിക്കുന്നത്?
   പ്രബലന്റെ

9. പ്രഭാഷകൻ 13:11 ൽ അരുത് എന്ന് പറഞ്ഞിരിക്കുന്ന രണ്ട് കാര്യങ്ങൾ?
   1. പ്രബലരോട് സമത്വഭാവത്തിൽ വർത്തിക്കരുത് 2. പ്രബലന്റെ വാചാലത കണ്ട് ഭ്രമിക്കുകയുമരുത്

10. ചെന്നായ്ക്ക് ................................... എന്ത് ചങ്ങാത്തം. പാപിയ്ക്ക് .............................അതിലേറെയില്ല.
    കുഞ്ഞാടിനോട്, ദൈവഭക്തരോട്

11. പ്രഭാഷകൻ 13:19 ന് സമാനമായ വേദഭാഗം ഏത്?
    ആമോസ് 8:4

12. അവർ ഗൗനിക്കുകയില്ലായെന്ന് 13:22 ൽ പറഞ്ഞിരിക്കുന്നത് എന്തിനെപ്പറ്റി?
    എളിയവർ ബുദ്ധിപൂർവ്വം സംസാരിക്കുന്നതിനെപ്പറ്റി

13. ആരുടെ ദൃഷ്ടിയിലാണ് ദാരിദ്ര്യം തിന്മയായിരിക്കുന്നത്?
    ദൈവഭയമില്ലാത്തവന്റെ

**പ്രഭാഷകൻ - അദ്ധ്യായം 14**

1. പ്രഭാഷകൻ 14:1 പ്രകാരം അനുഗ്രഹീതൻ ആര്?
   വാക്കിൽ പിഴക്കാത്തവൻ

2. പ്രഭാഷകൻ 14:2 അനുസരിച്ച് ആരാണ് ഭാഗ്യവാൻ?
   മനഃസാക്ഷി കുറ്റപ്പെടുത്താത്തവരും പ്രത്യാശ കൈവെടിയാത്തവരും

3. പ്രഭാഷകൻ 14:2 ന് രൂപസമാനമായ ലേഖനഭാഗം ഏത്?
   റോമ 14:22

4. ആരോടെങ്കിലും ഔദാര്യം കാണിക്കുമോയെന്ന് പ്രഭാഷകൻ 14:5 ൽ ചേദിക്കുന്നത് ആരെക്കുറിച്ചാണ്?
   തന്നോടുതന്നെ പിശുക്ക് കാണിക്കുന്നവനോട്

5. കുടിലമായ കണ്ണ് ആരുടേതാണ്?
അസൂയാലുവിന്റെ

6. എപ്രകാരം ചെലവ് ചെയ്തുകൊള്ളുകയെന്നാണ് പ്രഭാഷകൻ 14:11 ൽ പറയുന്നത്?
കഴിവിനൊത്ത്

7. പ്രഭാഷകൻ 14:12 പ്രകാരം ഓർക്കേണ്ടത് എന്ത്?
മരണം വിദൂരമല്ലെന്ന്

8. നിനക്ക് അജ്ഞാതമാണെന്ന് പറഞ്ഞിരിക്കുന്നത് എന്തിനെപ്പറ്റി?
പാതാളത്തിൽ പ്രവേശിക്കേണ്ട സമയത്തെപ്പറ്റി

9. ഒരുവൻ .................... മറ്റൊരുവൻ .........................
മരിക്കുന്നു, ജനിക്കുന്നു (14:18)

10. പ്രഭാഷകൻ 14:18 ന് സമാനമായ ബൈബിൾ ഭാഗമേത്?
ഏശയ്യാ 40:6, യാക്കോബ് 1:10

11. പ്രഭാഷകൻ 14:19 പ്രകാരം ജീർണ്ണിച്ചില്ലാതാകുന്നത് എന്ത്?
ഉല്പന്നങ്ങളും അവയുണ്ടാക്കിയ മനുഷ്യരും

12. പ്രഭാഷകൻ 14:20 പ്രകാരം അനുഗ്രഹീതനാര്?
ജ്ഞാനത്തിൽ മനസ്സുവച്ച് ബുദ്ധിപൂർവ്വം ചിന്തിക്കുന്നവൻ

13. പ്രഭാഷകൻ 14:24 പ്രകാരം ജ്ഞാനത്തിന്റെ മാർഗ്ഗങ്ങളെപ്പറ്റി മനനം ചെയ്യുന്നവൻ വസിക്കുന്നതെവിടെ?
ജ്ഞാനത്തിന്റെ വീട്ടിനടുത്ത്

14. പ്രഭാഷകൻ 14:27 അനുസരിച്ച് ജ്ഞാനത്തിന്റെ മാർഗ്ഗങ്ങളെപ്പറ്റി മനനം ചെയ്യുന്നവൻ വസിക്കുന്നതെവിടെ?
ജ്ഞാനത്തിന്റെ മഹത്വത്തിൻ മദ്ധ്യേ

**പ്രഭാഷകൻ - അദ്ധ്യായം 15**

1. പ്രഭാഷകൻ 15:1 ൽ ഇത് ചെയ്യുമെന്ന് പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ച്?
കർത്താവിന്റെ ഭക്തനെക്കുറിച്ച്

2. കല്പനകളിൽ ഉറച്ച് നില്ക്കുന്നവനെ പോഷിപ്പിക്കുന്നതാര്?
ജ്ഞാനം

3. ജ്ഞാനത്തെ ചാരി നില്ക്കുന്നതാര്?
കല്പനകളിൽ ഉറച്ചുനില്ക്കുന്നവൻ

4. ജ്ഞാനം അകന്നു നില്ക്കുന്നത് ആരിൽ നിന്ന്?
അഹങ്കാരികളിൽനിന്ന്

5. പ്രഭാഷകൻ 15:9 ൽ പാപിക്ക് ഇണങ്ങുന്നില്ലായെന്ന് പറഞ്ഞിരിക്കുന്നത് എന്ത്?
സ്തോത്രഗീതം

6. പ്രഭാഷകൻ 15:11 ൽ പറയരുതെന്ന് പറഞ്ഞിരിക്കുന്നതെന്ത്?
എന്റെ വീഴ്ചയ്ക്ക് കാരണം കർത്താവാണെന്ന് പറയരുത്

7. പ്രഭാഷകൻ 15:14 പ്രകാരം കർത്താവ് മനുഷ്യർക്ക് നല്കിയതെന്ത്?
സ്വാതന്ത്ര്യം

8. ഇഷ്ടമുള്ളത് എടുക്കാമെന്ന് പ്രഭാഷകൻ 15:16 ൽ പറയുന്നതെന്താണ്?
അഗ്നിയും ജലവും

8. മനുഷ്യന്റെ മുമ്പിലുണ്ടെന്ന് പ്രഭാഷകൻ 15:17 ൽ പറഞ്ഞിരിക്കുന്നത് എന്തിനെക്കുറിച്ചാണ്?
ജീവനും മരണവും

9. എന്ത് മഹോന്നതമാണെന്നാണ് പ്രഭാഷകൻ 15:18 ൽ പറയുന്നത്?
കർത്താവിന്റെ ജ്ഞാനം

10. പ്രഭാഷകൻ 15:18 ൽ കർത്താവിന് നല്കിയിരിക്കുന്ന വിശേഷണം എന്ത്?
സർവ്വശക്തനും സർവ്വജ്ഞാനിയും

11. എന്ത് ചെയ്യാൻ കർത്താവ് ആർക്കും അനുവാദം കൊടുത്തിട്ടില്ലായെന്നാണ് പ്രഭാഷകൻ 15:20 ൽ പറയുന്നത്?
പാപം ചെയ്യാൻ

12. പ്രഭാഷകൻ 15:14 ന് സമാനമായ ബൈബിൾ ഭാഗമേത്?
ഉല്പത്തി 1:26

13. പ്രഭാഷകൻ 15:16 ന് സമാനമായ ബൈബിൾ ഭാഗമേത്?
നിയമാവർത്തനം 30:15-19, ജറെമിയ 21:18



# മർദൂസോ – അഞ്ചാം ഭാഗം

സി. ജോസി എസ്.ഐ.സി.

മുമ്പ് പഠിച്ച അക്ഷരങ്ങളുടെ ബാക്കി അക്ഷരങ്ങളും അവ എഴുതേണ്ട വിധവും താഴെ ചേർക്കുന്നു:



17. ഫെ : വരയുടെ കുറെ മുകളിൽനിന്നും തുടങ്ങി ഇടത്തോട്ട്, ഉരുട്ടി മുകളിലേക്ക്, താഴേയ്ക്ക്, ഇടത്തോട്ട്.
18. സോദേ : വരയിൽ അല്പം തടിപ്പിച്ച് ഒരു കൊളുത്തുപോലെ താഴേക്ക്.
19. കോഫ് : വരയിൽനിന്നും മുകളിലേക്ക്, വലത്തേക്ക്, താഴേക്ക്, ഇടത്തോട്ട്
20. റീശ് : ദോലത് എഴുതുന്നതുപോലെ, എന്നാൽ കുത്ത് മുകളിൽ
21. ശീൻ : മുകളിലേക്ക്, കോണിച്ച് താഴേയ്ക്ക്, ഇടത്തോട്ട്, ത്രികോണഭാഗം കറുപ്പിക്കുന്നു.
22. താവ് : മുകളിൽ തുടങ്ങി ചരിച്ച് താഴേക്ക്, വരയിലെത്തി വലത്തോട്ട്

**ഉച്ചാരണപുള്ളികൾ (Vowels) 5 എണ്ണം.**

5. ഒ, ഓ 4. എ, ഏ 3. ഉ, ഊ 2. ഇ, ഈ 1. അ, ആ



# ദുരന്തബാധിതർക്ക് ഒരു കൈത്താങ്ങ്

പ്രകൃതി ദുരന്തത്തിനിരയായ വയനാട്ടിലെ വിവിധ പ്രദേശങ്ങളിൽ കെ.സി.ബി.സി.യുടെ സാമൂഹ്യക്ഷേമവിഭാഗത്തിന്റെ ചെയർമാൻ തിരുവല്ല ആർച്ചുബിഷപ്പ് അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെയും, ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ അഭി. ജോസഫ് മാർ തോമസ് പിതാവിന്റെയും നേതൃത്വത്തിൽ കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും, വിവിധ രൂപതകളുടെ സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെയും, തിരുവല്ല ബോധനയുടെയും ഭാരവാഹികൾ നടത്തിയ സന്ദർശനത്തിന്റെ ദൃശ്യങ്ങൾ











## നിരണംപ്രദേശത്ത് നടത്തിയ സന്ദർശനത്തിന്റെ ദൃശ്യങ്ങൾ





## ഫാമിലി അപ്പസ്തോലേറ്റ് കാര്യാലയം മാതൃസമാജം ബൈബിൾ ക്വിസ് 2019

**മത്സരവിഷയങ്ങൾ**

1. ബൈബിൾ ഭാഗങ്ങൾ : **നിയമാവർത്തനം 12 – 21, പ്രഭാഷകൻ 11 – 17, വി. മത്തായി 19 – 28**
2. ഐക്യദീപം : **2019 ജൂൺ, ജൂലൈ**
3. സണ്ടേസ്കൂൾ പുസ്തകം : **6 – ാം ക്ലാസ് – പാഠം 12 – 14**

മേഖലാതല മത്സരത്തിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന ടീമുകളുടെ പേരുവിവരം 2019 നവംബർ 2 ന് മുമ്പായി അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടറെ അറിയിക്കേണ്ടതാണ്. അതിരൂപതാതല മത്സരം 2019 നവംബർ 9 ശനിയാഴ്ച രാവിലെ 10 മണിക്ക് തിരുവല്ല ശാന്തിനിലയത്തിൽവച്ച് നടത്തുന്നതാണ്. ഒരു ടീമിൽ പരമാവധി അംഗസംഖ്യ 5 ആയിരിക്കും. 3 ൽ കുറയാനും പാടില്ല. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

ഫാമിലി അപ്പസ്തോലേറ്റും ബൈബിൾ അപ്പസ്തോലേറ്റും സംയുക്തമായി ഒരു 'ഫാമിലി ക്വിസ്' മത്സരം നടത്തുന്നു.

**മത്സരത്തിനുള്ള ബൈബിൾ ഭാഗങ്ങൾ**

നിയമാവർത്തനം 12 - 21, പ്രഭാഷകൻ 11 - 17, വി. മത്തായി 19 - 28, വെളിപാട് 17 - 22

**ഫാമിലി ക്വിസ് മത്സര തീയതികൾ**

ഇടവകതലം : **2019 സെപ്റ്റംബർ 15 ഞായർ 2.30 പി. എം.**
മേഖലാതലം : **2019 ഒക്ടോബർ 6 ഞായർ 2.30 പി. എം.**
അതിരൂപതാതലം : **2019 നവംബർ 2 ശനി 10.30 എ. എം.**

ഓരോ മേഖലയിൽനിന്നും ഒന്നാം സ്ഥാനം നേടുന്ന ടീമായിരിക്കും അതിരൂപതയിൽ മത്സരത്തിനായി എത്തുന്നത്. ഈ മത്സരം ചോദ്യം ആയിരിക്കും. ഒരു ടീമിൽ പരമാവധി അംഗസംഖ്യ മൂന്നായിരിക്കും. രണ്ടിൽ കുറയാനും പാടില്ല. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

## വിവാഹ ഒരുക്ക സെമിനാർ 2019

**സ്ഥലം : ശാന്തിനിലയം, തിരുവല്ല**
**ഫോൺ : 0469 2603968, 9497462813, 9446270259**

ഓഗസ്റ്റ് : 6, 7, 8 - 20, 21, 22
സെപ്റ്റംബർ : 3, 4, 5 - 24, 25, 26
ഒക്ടോബർ : 8, 9, 10 - 22, 23, 24

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ 3 ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 8.30 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണമായി പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1500 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.



കെ.സി.ബി.സി. വനിത കമ്മീഷന്റെ കോട്ടയം സോണിന്റെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട തിരുവല്ല അതിഭദ്രാസനത്തിലെ ശ്രീമതി ലീലാമ്മ ബാബുവിന് അഭിനന്ദനങ്ങൾ.

1st Birthday Greetings



Jovana Maria Sijo
Vadakkekkuttu






മലങ്കര സുറിയാനി കത്തോലിക്കാസഭ പത്തനംതിട്ട ഭദ്രാസനത്തിന്റെ പുതിയ വികാരിജനറാൾ മോൺ. ഷാജി തോമസ് മാണികുളത്തിനും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പുതിയ വികാരിജനറാൾ മോൺ. ചെറിയാൻ ചെന്നിക്കരയച്ചനും അഭിനന്ദനങ്ങളും ആശംസകളും.

## ഉപകാരസ്മരണ



മറിയാമ്മ ചെറിയാൻ
നീലംപിലാവിൽ, ഇരവിപേരൂർ

## ഉപകാരസ്മരണ



ഒരു വിശ്വാസി, റാന്നി

## 1-ാം ചരമ വാർഷികം



**റവ. ഡോ. ജോൺ ബർക്കുമെൻസ് ഒ.ഐ.സി.**

കടമാൻകുളം, കല്ലൂപ്പാറ

ജനനം : 29.12.1934 മരണം : 09.09.2018

## 25-ാം ചരമവാർഷികം



**റവ. ഫാ. അംബ്രോസ് തങ്ങളത്തിൽ**

കടമാൻകുളം, കല്ലൂപ്പാറ

13 സെപ്റ്റംബർ 2019




ബഥനിയുടെ ശതാബ്ദിയോടനുബന്ധിച്ച് എം.സി.എ. സഭാതലസമിതിയുടെ ആഭിമുഖ്യത്തിൽ ബഥനി ആശ്രമസ്ഥരെ അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ സാന്നിധ്യത്തിൽ ആദരിച്ചപ്പോൾ.





## 2019 സെപ്റ്റംബർ – പ്രധാനപ്പെട്ട ദിവസങ്ങൾ

| | |
|---|---|
| സെപ്റ്റംബർ 01 | – തേജസ്കരണശേഷം നാലാം ഞായർ |
| | – എട്ടുനോമ്പാരംഭം |
| സെപ്റ്റംബർ 08 | – തേജസ്കരണശേഷം അഞ്ചാം ഞായർ |
| | – വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ |
| | – എട്ടുനോമ്പുവീടൽ |
| സെപ്റ്റംബർ 14 | – സ്ലീബാപെരുന്നാൾ |
| സെപ്റ്റംബർ 15 | – സ്ലീബാപ്പെരുന്നാളിനുശേഷം ഒന്നാം ഞായർ |
| സെപ്റ്റംബർ 20 | – മലങ്കര പുനരൈക്യദിനം |
| സെപ്റ്റംബർ 21 | – അഭിവന്ദ്യരായ തോമസ് മാർ യൗസേബിയൂസ് (2010), ഗീവർഗീസ് മാർ മക്കാറിയോസ്(2017), യൂഹാനോൻ മാർ തെയഡോഷ്യസ് (2017) തിരുമേനിമാരുടെ മെത്രാഭിഷേക വാർഷികം |
| സെപ്റ്റംബർ 22 | – സ്ലീബാപെരുന്നാളിനുശേഷം രണ്ടാം ഞായർ |
| സെപ്റ്റംബർ 28 | – അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ഓർമ്മ (1977) |
| സെപ്റ്റംബർ 29 | – സ്ലീബാപെരുന്നാളിനുശേഷം മൂന്നാം ഞായർ |


പുരോഹിതൻ
പുരോഹിതൻ, പൗരോഹിത്യം
എന്നിവയെപ്പറ്റി
804 ധ്യാന ചിന്തകൾ




ദൈവ വചനമാകുന്ന വാൾ
ജീവിത ബന്ധിയായ
33 വിഷയങ്ങൾക്ക്
ബൈബിളധിഷ്ഠിത വിവരണം





എഡിറ്റർ : ഫാ. മാത്യു ചിറയിൽ, 9447932140

## Matrimonial




മലങ്കര കത്തോലിക്ക യുവാവ് തിരുവല്ല അതിരൂപത 31/165 cm ,Civil Engineer (Diploma ) നാട്ടിലെ പ്രശസ്തമായ construction company യിൽ supervisor ആയി ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
Contact No. 9495033399


**സെപ്റ്റംബർ 21**
**മെത്രാഭിഷേക വാർഷികം (2010)**




**മോസ്റ്റ് റവ. ഡോ. തോമസ് മാർ യൗസേബിയൂസ്**

**സെപ്റ്റംബർ 21**
**മെത്രാഭിഷേക വാർഷികം (2017)**



**മോസ്റ്റ് റവ. ഡോ. ഗീവർഗീസ് മാർ മക്കാറിയോസ്**

**സെപ്റ്റംബർ 21**
**മെത്രാഭിഷേക വാർഷികം (2017)**



**മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്**

**സെപ്റ്റംബർ 28**
**ഓർമ്മ തിരുന്നാൾ (1977)**



**അഭി. സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി**


# REMEMBRANCE - SEPTEMBER




**Fr. Theophilos Paul Malayil**
02 September 2000



**Fr. Bernard Pandippally**
07 September 1986



**Fr. Joseph Palackal**
10 September 1940



**Fr. Zacharias Vadakethalakal**
11 September 1979



**Fr. Joseph Pattani**
16 September 1991



**Fr. Antony Karatt**
18 September 1992




**Fr. Joachim Nagancheril**
18 September 2007




**Msgr. Alexander Payyampallil**
18 September 2009



**Fr. Andrews Puthenparampil**
18 September 2011



**Fr. Joseph Ettumanookaran**
26 September 1972




**Fr. Joseph Ayrookuzhy**
26 September 1991



**Fr. Mathew Chundamannil**
27 September 2013


## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും /വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ(ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, സെന്റ് തോമസ് ചർച്ച്, വാകത്താനം**



നൂറിന്റെ നിറവിൽ
കൂപ്പൂകരങ്ങളോടെ
ബഥനി ആശ്രമം...

# GIRIDEEPAM BETHANY GROUP OF INSTITUTIONS

| GIRIDEEPAM BETHANY KINDERCITY | GIRIDEEPAM BETHANY DAY CARE | GIRIDEEPAM BETHANY CENTRAL SCHOOL | GIRIDEEPAM BETHANY H.S.S.
| GIRIDEEPAM BETHANY SPORTS HOSTEL | GIRIDEEPAM BETHANY BOARDING | GIRIDEEPAM ATAL TINKERING LAB | GIRIDEEPAM BETHANY HOSTEL (FOR BOYS & GIRLS)
| GIRIDEEPAM BUSINESS SCHOOL (GBS) | GIRIDEEPAM INSTITUTE OF ADVANCED LEARNING (GIAL) | GIRIDEEPAM RECORDING STUDIO









GIRIDEEPAM
In Pursuit of Excellence

**GIRIDEEPAM BETHANY HIGHER SECONDARY SCHOOL**
Bethany Hills, Vadavathoor P.O., Kottayam, Kerala - 686010
Mob: +91 7356550952
E-mail: hmgirideepam@gmail.com
www.girideepamschool.org

**GIRIDEEPAM BETHANY CENTRAL SCHOOL**
Bethany Hills, Vadavathoor P.O., Kottayam, Kerala - 686010
Mob: +91 - 9207316429, 9207316489
E-mail: principalgirideepamcs@gmail.com
www.girideepamcbse.org

Date of Publication : 01.09.2019
Prince : ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

R.N.I 35982/80
September 2019




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam, Kerala, Chief Editor : Rev. Dr. Isaac Parapallil